പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് പ്രവൃത്തി സ്ഥലത്ത് പണിയിൽ ഏർപ്പെടുന്നവരുടെ യോഗം വിളിച്ചു ചേർക്കുകയും ആയതിന്റെ മിനിട്സും ഹാജരും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടത് മെയ്റ്റിന്റെ ചുമതലയാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷവും ഫോട്ടോ എടുക്കുക, പ്രവൃത്തിയുടെ ബോർഡ് സ്ഥാപിക്കുക എന്നിവയെല്ലാം മേറ്റുമാരുടെ ചുമതലകളാണ്. എന്നാൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ (പത്തനംതിട്ട ജില്ല) ഇപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ മേറ്റുമാരുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി.

പദ്ധതി പ്രവർത്തനങ്ങൾക്ക് തൊഴിലാളികൾ, തൊഴിൽ ഉപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ മേറ്റ്മാർ വീഴ്ച വരുത്തിയിട്ടില്ല. പരിശോധന നടത്തിയതിൽ പത്തനംതിട്ട ജില്ലയിലൊഴികെ (തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്) തൊഴിലാളികളുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിലും തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ട രീതിയിൽ പ്രചാരണം നടത്തുന്നതിനും, അയൽക്കൂട്ടങ്ങളെ ഗ്രാമസഭയിൽ പങ്കെടുപ്പിക്കുന്നതിനും മേറ്റുമാർ ശ്രദ്ധിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് പണിയുടെ നടത്തിപ്പിനാവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ ബന്ധപ്പെട്ട എ.ഡി.എസു.കാർക്ക് നൽകേണ്ടതാണ്. തൊഴിലുപകരണങ്ങൾ ഡി.എൽ.റ്റി.എ.ജി. നിശ്ചയിച്ച വാടകനിരക്കുകൾ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എ.ഡി.എസിന് നൽകുന്നു. എ.ഡി.എസ്. ഈ വാടക അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും തൊഴിലുപകരണങ്ങളുടെ അറ്റകുറ്റപ്പണി ആവശ്യമായി വരുമ്പോൾ ഈ തുക ഉപയോഗിച്ച് നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചകൾ ഓഡിറ്റിൽ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ പണിയായുധങ്ങളുടെ കൈപ്പറ്റു വിവരങ്ങളോ, അതിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഒരു എ.ഡി.എസ്. പോലും സൂക്ഷിച്ചിട്ടില്ല. പല പണിയായുധങ്ങളും നഷ്ടപ്പെട്ടതായും നഷ്ടപ്പെട്ടവ ബന്ധപ്പെട്ട വ്യക്തികളിൽ ബാദ്ധ്യത നിർണ്ണയിച്ച് തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ലെന്നും ഓഡിറ്റിൽ കണ്ടെത്തി. പണിയായുധങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും എ.ഡി.എസ്.കൾക്ക് ആയത് നൽകുമ്പോൾ അവയുടെ എണ്ണവും, ഇനവും മൂല്യവും രേഖപ്പെടുത്തി കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് അലംഭാവം കാണിച്ചു.

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലും ADS ന് കൈമാറിയ പണിയായുധങ്ങൾ സംബന്ധിച്ച് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ ADS കൾ സൂക്ഷിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ എ.ഡി.എസിന് പണിയായുധങ്ങളുടെ വാടകയിനത്തിൽ എത്ര തുക കിട്ടിയെന്നോ, ആയതിൽ എത്ര തുക ചെലവഴിച്ചു എന്നോ, ബാക്കി നീക്കിയിരുപ്പ് എത്രയെന്നോ സംബന്ധിച്ച് കൃത്യമായ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ തികയാതെ വരുമ്പോൾ, കൂടുതലായി വേണ്ടി വരുന്ന പണിയായുധങ്ങൾ തൊഴിലാളികൾ ഉപയോഗിച്ച് അതിന്റെ വാടക 15.05.2010 ലെ 18539/ഡി.ഡി.2/2010/തസ്വഭവ ഉത്തരവ് പ്രകാരം DL TAG നിശ്ചയിച്ച നിരക്കിൽ നൽകാൻ വ്യവസ്ഥയുണ്ട്.

അവലോകനം നടത്തിയ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിലും ADS അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ADS ന് ലഭിച്ച വാടകയുടെ വിനിയോഗം സുതാര്യമല്ല. മതിലകം ഗ്രാമപഞ്ചായത്തിൽ മേറ്റിന്റെ വേതനം ADS അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായും ഓഡിറ്റ് കണ്ടെത്തി. പല ADS കളിലും ലഭിച്ച വാടക, പണിയായുധങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനോ ഉപയോഗപ്പെടുത്തിയിട്ടില്ല.

07.08.08 ലെ 52729/ഡി.ഡി.2/08/തസ്വഭവ സർക്കുലർ പ്രകാരം ADS ന്റെ വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിന് നിശ്ചിത ഫോറത്തിൽ കണക്കുപുസ്തകം ഉപയോഗിക്കേണ്ടതും വരവും ചെലവും അന്നന്നു തന്നെ ADS സെക്രട്ടറി രേഖപ്പെടുത്തി ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച മിക്ക പഞ്ചായത്തുകളിലും ADS അക്കൗണ്ടുകൾ ഒന്നും തന്നെ മേൽ പ്രകാരം എഴുതി സൂക്ഷിക്കുന്നില്ല.

LOCAL FUND AUDIT DEPARTMENT

## 8. തൊഴിൽ സ്ഥലത്തെ ബോർഡ്




ഓരോ തൊഴിൽ സ്ഥലത്തും തൊഴിലിന്റെ പേര്, പ്രവൃത്തി ഘടകങ്ങൾ, എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, ഓരോ ദിവസവും പണിചെയ്യുന്നവരുടെ എണ്ണം എന്നിവ ഉൾപ്പെടുന്ന ബോർഡ് വായിക്കാൻ പാകത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. തൊഴിൽ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പ്രസ്തുത പ്രദേശത്തെ ബഹുജനങ്ങളുടെയും അവിടെ തൊഴിലിൽ ഏർപ്പെടാൻ പോകുന്നവരുടെയും പൊതുയോഗം ചേർന്ന് എസ്റ്റിമേറ്റിലെ വിവരങ്ങളും ബോർഡിൽ ഉൾപ്പെടുത്തിയ വിവരങ്ങളും അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ബോർഡ് സ്ഥാപിക്കൽ ഒരു പ്രചാരണ പരിപാടി കൂടിയാണ്.

പരിശോധന നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും പ്രവൃത്തിയുടെ വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ബോർഡ് എല്ലാ സൈറ്റുകളിലും പ്രദർശിപ്പിക്കാറുണ്ട്. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് പ്രവൃത്തി നടക്കുന്ന സ്ഥലത്ത് തൊഴിലാളികളുടെ യോഗം ചേർന്ന് ചർച്ച ചെയ്യുന്നുമുണ്ട്. എന്നാൽ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ ഇതിൽ വീഴ്ച വരുത്തുന്നുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | എല്ലാ സൈറ്റുകളിലും ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല |
| 2 | പാലക്കാട് | വിളയൂർ | താൽക്കാലിക ബോർഡുകൾ സ്ഥാപിക്കുന്നു. ബോർഡുകളിലെ വിവരങ്ങൾ വ്യക്തമല്ല. സ്വകാര്യ വ്യക്തികളുടെ പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥിരം ബോർഡും സ്ഥാപിക്കുന്നില്ല |
| 3 | | എലപ്പുള്ളി | താൽക്കാലികാടിസ്ഥാനത്തിലുള്ള ബോർഡാണ് പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കുന്നത്. ബോർഡുകളിലെ വിവരം അപൂർണ്ണമാണ്. |
| 4 | | അലനല്ലൂർ | വിശദമായ ബോർഡ് എല്ലാ പ്രവൃത്തി സ്ഥലത്തും സ്ഥാപിച്ചിട്ടില്ല |
| 5 | കണ്ണൂർ | എടക്കാട് | നാളിതുവരെ നടത്തിയ ഒരു പ്രവൃത്തിക്കും ബോർഡ് സ്ഥാപിച്ചിട്ടില്ല |
| 6 | കാസർഗോഡ് | കള്ളാർ | നാളിതുവരെ നടത്തിയ ഒരു പ്രവൃത്തിക്കും ബോർഡ് സ്ഥാപിച്ചിട്ടില്ല |

LOCAL FUND AUDIT DEPARTMENT

## 9. മസ്റ്റർ റോൾ

ഒരു പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ, ഹാജരാകുന്ന ഓരോ തൊഴിലാളിയുടെയും അതാതു ദിവസത്തെ ഒപ്പ്, തൊഴിൽ ചെയ്ത ആകെ ദിനങ്ങൾ, ചെയ്ത തൊഴിലിന് അർഹമായ വേതനം മുതലായവ രേഖപ്പെടുത്തുന്നതിനുദ്ദേശിച്ച് ഓരോ പ്രവൃത്തിയ്ക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ വിതരണം ചെയ്യുന്നതാണ് മസ്റ്റർ റോൾ.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനായി പഞ്ചായത്തിലേക്ക് മസ്റ്റർ റോൾ ഇഷ്യൂ ചെയ്യേണ്ടത് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഒപ്പോടെ ആയിരിക്കണം. പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങളും ഏതു കാലയളവിലെ ഉപയോഗത്തിനാണ് ഓരോ മസ്റ്റർ റോൾ എന്നതും തൊഴിൽ അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പരും മസ്റ്റർ റോളിൽ രേഖപ്പെടുത്തേണ്ടത് ബി.പി.ഒ.യുടെ ചുമതലയാണ്. ഓരോ പ്രവൃത്തിയുടെയും മസ്റ്റർ റോൾ 7-ാം ദിവസം ക്ലോസ് ചെയ്യണം. ഇപ്രകാരം ക്ലോസ് ചെയ്ത മസ്റ്റർ റോൾ അടുത്ത ദിവസം തന്നെ മേറ്റ് പഞ്ചായത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കേണ്ടതാണ്. 7-ാം ദിവസം ക്ലോസ് ചെയ്യുന്ന മസ്റ്റർ റോൾ അനുസരിച്ചുള്ള മൂല്യനിർണ്ണയം/അന്തിമ മെഷർമെന്റ് പരമാവധി രണ്ടു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഓവർസീയർ/അസിസ്റ്റന്റ് എഞ്ചിനീയർ/സാങ്കേതിക വിദഗ്ധർ നടത്തേണ്ടതാണ്. മസ്റ്റർ റോൾ പ്രകാരമുള്ള M.I.S ഡേറ്റാ എൻട്രി ഓപ്പറേറ്റർ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.




ഇ - മസ്റ്റർറോൾ - അലനല്ലൂർ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലും എലപ്പുള്ളി ഗ്രാമപഞ്ചായത്തിലും മസ്റ്റർ റോൾ കൃത്യതയോടെ തയ്യാറാക്കുകയും ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലും മസ്റ്റർ റോൾ കൃത്യമായി തയ്യാറാക്കി വരുന്നു.

എന്നാൽ മസ്റ്റർ റോൾ കൈകാര്യം ചെയ്യുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചകൾ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ പല മസ്റ്റർ റോളുകളും കൈയ്യൊപ്പിന് പകരം X മാർക്ക് ആണ് നൽകിയിരിക്കുന്നത്. മസ്റ്റർ റോളിൽ തീയതി വച്ച് ഒപ്പിടുന്നില്ല. വൈറ്റ് ഫ്ളൂയിഡ് ഉപയോഗിച്ചുള്ള തിരുത്തലുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൽകിയ വേതനം, തൊഴിലാളികളുടെ കൈപ്പറ്റ് എന്നിവ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ A.D.S. ന് ഗ്രാമപഞ്ചായത്തിൽ നിന്നും മസ്റ്റർറോൾ നൽകുമ്പോൾ കൈപ്പറ്റ് വിവരം രേഖപ്പെടുത്തി വാങ്ങുന്നില്ല. മസ്റ്റർ റോളുകൾ ഗ്രാമപഞ്ചായത്തിൽ മടക്കി നൽകുമ്പോഴും മേറ്റ് പേരെഴുതി തീയതി രേഖപ്പെടുത്തി ഒപ്പിട്ടിട്ടില്ല. വിശദമായ പരിശോധനയിൽ മസ്റ്റർ റോളുകളുടെ ഇഷ്യൂ വിവരം കാണിക്കുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യത്യസ്തരായിട്ടുള്ളവർ പലപ്പോഴും യഥാർത്ഥത്തിൽ മസ്റ്റർ റോളുകൾ കൈപ്പറ്റിയതായും കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | മസ്റ്റർ റോൾ നമ്പർ | ഇഷ്യൂ തീയതി | രജിസ്റ്റർ പ്രകാരം നൽകിയത് | മസ്റ്റർ റോളിൽ കൈപ്പറ്റിയ തായി രേഖപ്പെ ടുത്തിയത് |
|---|---|---|---|---|
| അക്കരപ്പാടം നീർത്തട വികസനം - വിവിധ പ്രോജക്ടുകൾ | | | | |
| 350/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10045 മുതൽ 10048 വരെ | 25.02.11 | രമണി | ശ്രീദേവി |
| 344/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 9821, 9824, 9825, 9826 | 17.02.11 | രജിത | വൽസല |
| 374/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10371, 10372, 10509 | 09.03.11 | വിജയമ്മ (എം.ആർ 10509) | അമ്മിണി വിജയൻ |
| 384/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10387 മുതൽ 10392 വരെ | 11.03.11 | രാധാമണി | മിനി രതീശൻ |
| 385/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10393 മുതൽ 10398 വരെ | 11.03.11 | മിനി രതീശൻ | രാധാമണി |

LOCAL FUND AUDIT DEPARTMENT

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലും മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും 7-ാം ദിവസം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് അടുത്ത ദിവസം തന്നെ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കുന്നില്ല. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് മസ്റ്റർ റോൾ കൈമാറുന്നത്. ഇതുമൂലം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3 (3) ൽ നിർദ്ദേശിക്കുന്ന സമയ പരിധിക്കകം വേതന വിതരണം നടത്താൻ സാധിക്കുന്നില്ല.

## 10. വേതന വിതരണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 3 ഉപവകുപ്പ് 3 പ്രകാരം പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ വേതനം ആഴ്ച തോറും തൊഴിൽ കഴിഞ്ഞ് പരമാവധി 14 ദിവസത്തിനകം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വേതന വിതരണത്തിന് കാലതാമസം വന്നാൽ തൊഴിലാളികൾ 1936 ലെ വേതന വിതരണ നിയമം അനുശാസിക്കും പ്രകാരം തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ അർഹരാണ്. തൊഴിലാളികൾക്ക് നിയമം അനുശാസിക്കും പ്രകാരം സമയബന്ധിതമായി വേതനം ലഭ്യമാക്കുന്നതിനും ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് ഉത്തരവാദിത്തവും കാലഗണനയും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട് (സ.ഉ.17508/ ഡി.ഡി.2/2011 തസ്വഭവ 09.05.2011).

| ക്രമ നം | പ്രവർത്തനം | കാലഗണന | ഉത്തരവാദപ്പെട്ടയാൾ |
|---|---|---|---|
| 1 | മസ്റ്റർറോളും അനുബന്ധ ബില്ല്/ വൗച്ചറുകൾ പൂർത്തിയാക്കൽ | പ്രവൃത്തി തുടങ്ങി 6-ാം ദിവസം | മെയ്റ്റ് |
| 2 | പൂർത്തീകരിച്ച മസ്റ്റർ റോളും ബിൽ/വൗച്ചറുകളും അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് കൈമാറൽ | പ്രവൃത്തി തുടങ്ങി 7-ാം ദിവസം | മെയ്റ്റ് |
| 3 | അക്രഡിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർക്ക് പ്രവൃത്തി ഫയൽ മസ്റ്റർ റോൾ ബിൽ/വൗച്ചറുകൾ സഹിതം നൽകൽ | പ്രവൃത്തി തുടങ്ങി 7-ാം ദിവസം | അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 4 | പ്രവൃത്തിയുടെ അളവെടുക്കൽ | പ്രവൃത്തി തുടങ്ങി 8 & 9 -ാം ദിവസം | അക്രഡിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) (ചുമതലാനുസൃതം) |
| 5 | ചെക്ക് മെഷർമെന്റ് നടത്തലും തിരികെ ഫയൽ (എം-ബുക്ക് പരിഷ്ക്കരിച്ച മൂല്യനിർണ്ണയ ഫോറം സഹിതം) മെഷർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് നൽകലും | മസ്റ്റർറോൾ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങി 10-ാം ദിവസം | അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ) (ചുമതലാനുസൃതം) |
| 6 | i.മസ്റ്റർറോൾ വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തൽ<br>ii.പേയ്മെന്റ് സ്ലിപ്പ് തയ്യാറാക്കൽ | മസ്റ്റർറോൾ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങി 10 & 11 ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 7 | ബില്ല് പരിശോധിച്ച് ചെലവ് അനുവാദം നൽകി ഫയൽ തിരികെ അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 11 & 12 ദിവസം | ഗ്രാമപഞ്ചായത്ത് അക്കൗണ്ട് & സെക്രട്ടറി |
| 8 | ഓരോ ബാങ്കിനുമുള്ള പേയ്മെന്റ് ഓർഡറും ചെക്കും തയ്യാറാക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 13-ാം ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 9 | i.ചെക്ക് ഒപ്പ്വയ്ക്കൽ<br>ii.പേയ്മെന്റ് ഓർഡറും ചെക്കും അതാത് ബാങ്കുകളിൽ എത്തിക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 13-ാം ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 10 | വ്യക്തിഗത ഗുണഭോക്താക്കളുടെ അക്കൗിലേക്ക് പണം വരവ് വയ്ക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 14-ാം ദിവസം | ബാങ്ക് മാനേജർ/പോസ്റ്റ് മാസ്റ്റർ/സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി |
| 11 | പേയ്മെന്റ് വിവരങ്ങൾ MIS ൽ രേഖപ്പെടുത്തൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 15 & 16 ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |

LOCAL FUND AUDIT DEPARTMENT

## വേതനവിതരണത്തിലെ കാലതാമസം

പരിശോധന നടത്തിയതിൽ ചില പഞ്ചായത്തുകൾ വേതനം കൃത്യമായി വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ വേതനം വിതരണം ചെയ്യാത്തപക്ഷം പേമെന്റ് ഓഫ് വേജസ് ആക്ട് പ്രകാരമുള്ള നഷ്ട പരിഹാരത്തിന് തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം കൃത്യമായി വേതനം വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ചില ഗ്രാമപഞ്ചായത്തുകളിൽ വേതന വിതരണത്തിന് ഏകദേശം 6 മാസം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പൂർത്തീകരിച്ച തീയതി | വേതനം വിതരണം ചെയ്തത് |
|---|---|---|---|---|---|
| 1 | കൊല്ലം | കിഴക്കേകല്ലട | മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല നിർമ്മാണം വാർഡ് 10 (2011-12 വർഷം) | 21.01.11 | 25.04.11 |
| | | | അമ്പിത്തോട് പരിച്ചേരി നാവിങ്കര ഏലാത്തോട് ചേർന്ന ബണ്ട് ബലപ്പെടുത്തൽ വാർഡ് 10 (2011-12 വർഷം) | 12.01.11 | 25.04.11 |
| 2 | ആലപ്പുഴ | എടത്വ | കളത്തിൽപ്പടി ആട് ചക്കാലയ്ക്കൽ വരെ തോട് വാർഡ് 7 | 22.03.10 | 21.04.10 |
| | | | പാണങ്കരിപ്പള്ളി മുട്ടുതറ വരെ മോട്ടോർ റോഡ് വാർഡ് 9 | 19.03.10 | 29.04.10 |
| | | | കാട്ടാമ്പള്ളി കിഴക്കേപ്പുറം തോട് ശുചീകരണം വാർഡ് 11 | 31.03.10 | 29.04.10 |
| | | | 10-ാം വാർഡിന്റെ അതിർത്തി മുതൽ റോഡ് കുഴിപോള വാരി വൃത്തിയാക്കൽ | 17.03.10 | 30.04.10/ 05.05.10 |
| | | | ബദനിപ്പടിമുതൽ മാപ്പിള ശ്ശേരി കലുങ്ക് K.S.R.T.C പരിസര ശുചീകരണം (വാർഡ് 7) | 28.04.10 | 29.05.10 |
| | | | പുതുവേലിപ്പടി ഐരാവള്ളിതോട് വൃത്തിയാക്കൽ വാർഡ് 8 | 30.03.10 | 29.04.10 |
| 3 | കോട്ടയം | ഉദയനാപുരം | അക്കരപ്പാടം നീർത്തടം | | |
| | | | പ്രോജക്ട് നം.388/10-11 | 30.03.11 | 23.05.11 |
| | | | 379/10-11 | 30.03.11 | 23.05.11 |
| | | | 345/10-11 | 10.03.11 | 19.05.11 |
| | | | 350/10-11 | 19.03.11 | 19.05.11 |
| | | | 357/10-11 | 19.03.11 | 19.05.11 |
| | | | 344/10-11 | 10.03.11 | 19.05.11 |
| | | | 374/10-11 | 29.03.11 | 19.05.11 |
| | | | 387/10-11 | 31.03.11 | 19.05.11 |
| | | | 384/10-11 | 29.03.11 | 23.05.11 |
| | | | 385/10-11 | 29.03.11 | 23.05.11 |
| | | | 338/10-11 | 29.03.11 | 23.05.11 |

LOCAL FUND AUDIT DEPARTMENT

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പൂർത്തീകരിച്ച തീയതി | വേതനം വിതരണം ചെയ്തത് |
|---|---|---|---|---|---|
| 4 | തൃശ്ശൂർ | മതിലകം | തോട് സംരക്ഷണം- പുതിയ കാവ് റേഷൻകട മുതൽ പെരുന്തോട് വരെ (വാർഡ് 12) | 07.06.11 | 13.07.11 |
| | | | മറിയാമ്മ ടീച്ചർ- കനോലി കനാൽ റോഡ് സംരക്ഷണം (വാർഡ് 6) | 14.06.11 | 13.07.11 |
| | | | വില്ലേജ് ഓഫീസിന് സമീപ ത്തുള്ള തോട് സംരക്ഷണം | 22.06.11 | 26.07.11 |
| | | | റോഡ് സൈഡ് ഓട കെട്ടി വൃത്തിയാക്കൽ (വാർഡ് 1) | 23.06.11 | 29.07.11 |
| 5 | മലപ്പുറം | അരീക്കോട് | തലാപ്പിൽ ഇടവഴി പുനരുദ്ധാരണം | 03.02.12 | 03.03.12 |
| | | | അഴിഞ്ഞിലം കടവ് റോഡ് കാട് വെട്ടലും ഡ്രൈനേജ് നിർമ്മാണവും | 03.11.11 | 31.03.12 |
| | | | മരതകക്കോട് കനാൽ നന്നാക്കൽ | 23.12.11 | 27.03.12 |
| | | | വാച്ചാക്കൽ കുന്നുമ്മൽ കനാൽ പുനരുദ്ധാരണം | 05.01.12 | 31.03.12 |
| | | | പുളിക്കൽ സ്കൂൾ കടവ് ശുചിയാക്കി മണ്ണ് നീക്കൽ | 23.12.11 | 27.03.12 |
| | | | കുന്നത്തൊടി കടവ് നന്നാക്കൽ | 30.12.11 | 31.03.12 |
| | | | എരഞ്ഞിക്കൽ കടവ് നന്നാക്കൽ | 30.12.11 | 27.03.12 |
| | | | 12-ാം വാർഡിലെ പട്ടികജാതി ഭൂമികളിൽ ഭൂവികസനം | 29.02.12 | 31.03.12 |
| | | | എസ്.സി.കോളനി ഭൂവിക സനം (കാരമുറ്റം എസ്.സി. കോളനി) | 17.03.12 | 31.03.12 |
| | | | ബി.പി.എൽ.എസ്.സി. ഭൂവികസനം (വാർഡ് 15) | 17.03.12 | 31.03.12 |
| | | | ചുള്ളിക്കൽ വാലിൻകുന്ന് നീർച്ചാൽ തെളിയിക്കൽ | 17.03.12 | 31.03.12 |
| | | | ചോലക്കുളം താഴെ കൊഴ ക്കോട്ടൂർ നീർച്ചാൽ തെളി യിക്കൽ (ചോലക്കുളം ചെറിയ ചോലക്കുളം) | 10.01.12 | 31.03.12 |

LOCAL FUND AUDIT DEPARTMENT

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തിക്ക് വേണ്ടി ഉപയോഗിക്കുന്ന മസ്റ്റർ റോളുകൾ അടുത്ത പ്രവൃത്തി ദിനം തന്നെ മേറ്റ് ഗ്രാമപഞ്ചായത്തിൽ നൽകുന്നുണ്ടെങ്കിലും അളവെടുക്കൽ, ആയതിന്റെ ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ, അംഗീകാരം എന്നിങ്ങനെയുള്ള വിവിധതലങ്ങൾ കഴിയുമ്പോഴേക്കും വേതനവിതരണം വൈകുന്നു. വിവിധ പ്രവൃത്തികൾ ഒരേ സമയത്ത് ആരംഭിക്കുന്നതും, ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതും അളവുകൾ ചെക്ക് മെഷർ ചെയ്തു ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നു. തൊഴിലാളിക ളുടെ കൂലിയിനത്തിൽ ലഭിക്കുന്ന ചെക്ക് പ്രകാരമുള്ള പണം അടുത്ത പ്രവൃത്തി ദിവസങ്ങളിൽത്തന്നെ തൊഴിലാളിക ളുടെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടത് ബാങ്കിന്റെ ചുമതലയാണ്. എങ്കിലും തുക വരവ് വയ്ക്കുന്നതിൽ ഒരു മാസം വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും ഇതേ അപാകത ശ്രദ്ധയിൽപ്പെട്ടു.

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലാണ് വേതനവിതരണത്തിൽ ഏറ്റവും കൂടുതൽ വീഴ്ച കണ്ടെത്തിയത്. ഒരു പ്രവൃത്തിയിൽപ്പോലും നിശ്ചിത സമയത്തിനകം വേതനം വിതരണം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ 7 പ്രവൃത്തികളുടെ വേതനം നൽകിയത് 2 മുതൽ 3 മാസം വരെയും 18 പ്രവൃത്തികളുടെ വേതനം 3 മാസത്തിലധികവും വൈകിയാണ് നൽകിയിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം വേതനത്തിനുള്ള ആകെ ചെലവു തുകയുടെ 70% വും 2011-12 ൽ 62.64% വും വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

| വർഷം | 15 മുതൽ 30 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | 30 മുതൽ 60 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | 60 മുതൽ 90 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | ആകെ മസ്റ്റർ റോൾ | ആകെ തുക (ലക്ഷത്തിൽ) | ആകെ ചെലവ് തുക (ലക്ഷത്തിൽ) | കാലതാമസം വന്ന വേതനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | | | | |
| 2010-11 | 84 | 4.984 | 335 | 20.972 | 2 | .159 | 421 | 26.116 | 32.279 | 70.05 |
| 2011-12 | 385 | 17.381 | 441 | 17.572 | 131 | 5.405 | 957 | 40.356 | 64.456 | 62.61 |

കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തിൽ 2010-11 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 48 തവണ വേതന വിതരണം നടത്തിയതിൽ 22 തവണയും 2011-12 ൽ 155 തവണ വേതന വിതരണം നടത്തിയതിൽ 47 തവണയും സമയപരിധി പാലിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ പരിശോധന നടത്തിയ കണിച്ചാൽ ഗ്രാമപഞ്ചായത്തിലും സമാനമായ അപാകത കണ്ടെത്തി.

തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൃത്യമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാത്തതിനാലും വേതന വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ എന്തു തന്നെയായിരുന്നാലും നിയമത്തിൽ നിഷ്കർഷിക്കും വിധം വേതനം വിതരണം ചെയ്യാനാവാത്തത് വീഴ്ച തന്നെയാണ്.

## ബാങ്ക് അക്കൗണ്ട്

പരിശോധന നടത്തിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ സംയുക്ത അക്കൗണ്ട് തുറന്നിട്ടുണ്ട്. കൂടാതെ എല്ലാ തൊഴിലാളികളുടെയും പേരിൽ പോസ്റ്റ് ഓഫീസിലോ ബാങ്കിലോ അക്കൗണ്ട് തുറന്നിട്ടുണ്ട്. വേതന വിതരണം അക്കൗണ്ടുകളിലൂടെ മാത്രമേ നടത്തിയിട്ടുള്ളൂ.

## ബാങ്ക് ചാർജ്

സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് സേവനങ്ങൾ സൗജന്യമാണ്. എന്നാൽ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ ബാങ്ക് ചാർജ് ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | വർഷം | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ഇടുക്കി | മരിയാപുരം | 2010-11 | 320 |
| | | | 2011-12 | 3825 |
| 2 | തൃശ്ശൂർ | കൊരട്ടി | 2010-11 | 1510 |
| | | | 2011-12 | 1320 |
| 3 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | 2010-11 | 815 |
| | | | 2011-12 | 260 |
| 4 | പാലക്കാട് | അലനല്ലൂർ | ചെക്ക് ബുക്കുകൾ അനുവദിക്കുമ്പോൾ 1 ബുക്കിന് (20 ലീഫ്) 23 രൂപ ബാങ്ക് ചാർജ് ഈടാക്കുന്നു | |
| 5 | പാലക്കാട് | വിളയൂർ | പുതിയ ചെക്ക് ബുക്ക് അനുവദിക്കുമ്പോൾ ബാങ്ക് ചാർജ് ഈടാക്കുന്നു. 04/12 മുതൽ 67 രൂപ ഈടാക്കുന്നു. | |

LOCAL FUND AUDIT DEPARTMENT

# 11. തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികൾ

തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം തൊഴിൽ നൽകുന്നതിനോടൊപ്പം സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ്. ഈടുനിൽക്കുന്ന, പ്രത്യക്ഷമായ ആസ്തി നിർമ്മാണത്തിന് സഹായകമായ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ കഴിവതും ഏറ്റെടുക്കേണ്ടത്. പരിശോധന നടത്തിയ ഭൂരിഭാഗം പഞ്ചായത്തുകളിലും സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ നാമമാത്രമായെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആയത് ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | വർഷം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ | ആസ്തികളുടെ വിവരം |
|---|---|---|---|---|---|---|---|
| 1 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | 2010-11 | 1 | 38681 | 260 | റോഡ് നിർമ്മാണം |
| 2 | മലപ്പുറം | അരീക്കോട് | 2011-12 | 1 | 51894 | 335 | പൂവ്വത്തിപറമ്പ് മേലേപറമ്പിൽ റോഡ് 250 മീറ്റർ നീളത്തിൽ പുതുതായി നിർമ്മിച്ചു |
| 3 | വയനാട് | മുട്ടിൽ | 2010-11 | 23 | 666171 | 5411 | കയ്യാല റോഡ് നിർമ്മാണം കമ്പോസ്റ്റ്, ഡ്രൈനേജ് പൈപ്പിടൽ |
| 4 | കാസർഗോഡ് | കള്ളാർ | 2010-11 | 18 | 358073 | 2283 | കിണർ-14<br>കുളം - 3<br>റോഡ് - 4<br>സ്കൂൾ ഗ്രൗണ്ട്- 1 |
| | | കള്ളാർ | 2011-12 | 16 | 350317 | 2294 | കിണർ-10<br>റോഡ് - 4<br>കിണർ പുനരുദ്ധാരണം -2 |

LOCAL FUND AUDIT DEPARTMENT

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് 2012-13 ൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പരിശോധന നടത്തിയ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടന്നിരുന്ന അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഞരളം ക്ഷേത്രക്കുളം, മലയിടിഞ്ഞിക്കുളം, വെള്ളാരത്തിൽ ചെറിയകുളം, വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂർത്തടികുളം, മുത്തശ്യാർ കുളം തുടങ്ങി നിരവധി കുളങ്ങൾ ചെളി നീക്കം ചെയ്തും ആഴം കൂട്ടിയും ഉപയോഗയോഗ്യമാക്കി. ഇതിലൂടെ പരിസരപ്രദേശത്തെ കുടുംബങ്ങൾക്കും കൃഷിക്കും കാര്യമായ പ്രയോജനം ലഭിക്കുന്നുണ്ട്.



പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂർത്തടി കുളം വാർഡ് 15

2010-11, 2011-12 വർങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ യാതൊരു ആസ്തിയും സൃഷ്ടിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം, പോത്തൻകോട് |
| 2 | കൊല്ലം | കിഴക്കേ കല്ലട |
| 3 | കോട്ടയം | ഉദയംപേരൂർ |
| 4 | ഇടുക്കി | മരിയാപുരം |
| 5 | തൃശ്ശൂർ | മതിലകം |
| 6 | കോഴിക്കോട് | കീഴരിയൂർ |
| 7 | മലപ്പുറം | മമ്പാട് |
| 8 | മലപ്പുറം | കോടൂർ |
| 9 | കാസർഗോഡ് | തൃക്കരിപ്പൂർ |

സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രവൃത്തികൾ തെരഞ്ഞെടുക്കേണ്ട ആവശ്യകതയിലേക്കാണ് ഇവ വിരൽ ചൂണ്ടുന്നത്.

## 12. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ചുവടെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

**എ. അപേക്ഷ രജിസ്ട്രേഷൻ രജിസ്റ്റർ**

ഈ രജിസ്റ്ററിൽ തൊഴിലിന് അപേക്ഷിക്കുന്നവരുടെ പേരുവിവരം, തൊഴിലുറപ്പ് പദ്ധതിക്ക് രജിസ്ട്രേഷനായി നൽകിയ അപേക്ഷ ലഭിച്ച തീയതി, തൊഴിൽ കാർഡ് അനുവദിച്ച തീയതി, തൊഴിൽ കാർഡ് അനുവദിച്ചില്ലെങ്കിൽ ആയതിന്റെ കാരണം തുടങ്ങിയവ രേഖപ്പെടുത്തുന്നു.

**ബി. തൊഴിൽ കാർഡ് രജിസ്റ്റർ**

തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബത്തിന്റെ രജിസ്ട്രേഷൻ നമ്പർ, അപേക്ഷകന്റെ പേര്, വിലാസം തുടങ്ങിയ വിശദവിവരങ്ങളാണ് ഈ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത്.

**സി. തൊഴിൽ രജിസ്റ്റർ**

ആവശ്യപ്പെട്ട തൊഴിൽ, അനുവദിച്ചത്, നടന്ന പ്രവൃത്തി എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നു.

**ഡി. ആസ്തി രജിസ്റ്റർ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളെ സംബന്ധിച്ച വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നു. അനുമതി ലഭിച്ചതും, നടപ്പിലാക്കിയതും പൂർത്തീകരിച്ചതുമായ എല്ലാ പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ ഈ രജിസ്റ്ററിലുണ്ടാകും.

**ഇ. മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ**

**എഫ്. പരാതി രജിസ്റ്റർ**

**രേഖകൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും പ്രോജക്ട് ഫയൽ ഉണ്ടായിരിക്കേണ്ടതാണ്. ഫയലിൽ ചുവടെ പറയുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതുമാണ്.

1. പ്രോജക്ട് എസ്റ്റിമേറ്റ്
2. ജനകീയ എസ്റ്റിമേറ്റ്
3. ഭരണാനുമതി പകർപ്പ്
4. സാങ്കേതികാനുമതി രേഖ
5. പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗിന്റെ ഫോട്ടോയും മിനിട്ട്സും
6. മസ്റ്റർ റോൾ
7. ബിൽ/മൂല്യനിർണ്ണയ ഫോറം പകർപ്പ്
8. പേയ്മെന്റ് സ്ലിപ്പ് വിവരം

LOCAL FUND AUDIT DEPARTMENT

9. ബാങ്കിലേക്ക് പണം കൈമാറിയ നടപടിക്രമം

10. പ്രവൃത്തി ഫോട്ടോകൾ (പ്രവൃത്തിയുടെ മുമ്പേ, നടക്കുമ്പോൾ, ശേഷം)

11. പ്രവൃത്തിയെടുക്കുന്നവരുടെ ഗ്രൂപ്പ് ഫോട്ടോ

12. അംഗീകരിക്കപ്പെട്ട പെറ്റി വൗച്ചറുകളുടെ പകർപ്പ്

13. മെഷർമെന്റ് ബുക്ക് പ്രസക്ത പേജുകളുടെ ഫോട്ടോകോപ്പി

14. പ്രവൃത്തി രേഖാ ട്രാക്കിംഗ് ചെക്ക് ലിസ്റ്റ്

*(പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യണം)*

ഓരോ പ്രോജക്ടിന്റെയും നിർവ്വഹണം പൂർത്തീകരിച്ച് പേയ്മെന്റുകൾ നൽകി കഴിഞ്ഞാൽ ഫയൽ കൃത്യമായി തുന്നിക്കെട്ടി പ്രത്യേകമായി സൂക്ഷിക്കേണ്ടതും അതാത് സമയത്ത് ഓഡിറ്റ്/സോഷ്യൽ ഓഡിറ്റ്/പൗരന്മാരുടെ പരിശോധനകൾക്ക് സമർപ്പിക്കേണ്ടതുമാണ്. ഓഫീസിൽ ഫയൽ സൂക്ഷിക്കാനുള്ള സൗകര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരുക്കേണ്ടതാണ്. ഫയൽ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കാണ്. രജിസ്റ്ററുകളും ഫയലുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിൽ ചില ഗ്രാമപഞ്ചായത്തുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. തൊഴിൽ കാർഡ് രജിസ്റ്ററിൽ ഫോട്ടോ പതിക്കാത്തതും സെക്രട്ടറി ഒപ്പിടാതിരിക്കുന്നതും ചില രജിസ്റ്ററുകൾ നാളിതുവരെ എഴുതിയിട്ടില്ലാത്തതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കാത്തത് പദ്ധതി നടത്തിപ്പിന്റെ സുതാര്യത പോലും ചോദ്യം ചെയ്യപ്പെടാനിടയാക്കും.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം | ജില്ല | തദ്ദേശസ്വയം ഭരണ വകുപ്പ് | അപാകതകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | പോത്തൻകോട് ഗ്രാ.പ. | രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല. തൊഴിൽ രജിസ്റ്ററും ആസ്തി രജിസ്റ്ററും അപൂർണ്ണം |
| 2 | | വാമനപുരം ഗ്രാ.പ. | തൊഴിൽ രജിസ്റ്റർ അപൂർണ്ണം. തൊഴിൽ അപേക്ഷകൾ, തൊഴിൽ അറിയിപ്പുകൾ, ഷെൽഫ് ഓഫ് പ്രോജക്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. |
| 3 | കൊല്ലം | കിഴക്കേകല്ലട ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ കാർഡിനായുള്ള അപേക്ഷ രജിസ്റ്റർ എന്നിവ നിർദ്ദിഷ്ട മാതൃകയിൽ അല്ല സൂക്ഷിച്ചിരിക്കുന്നത് |
| 4 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി ഗ്രാ.പ. | തൊഴിൽ അപേക്ഷ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ എന്നിവ അപൂർണ്ണം. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ നാളിതുവരെ എഴുതി സൂക്ഷിച്ചിട്ടില്ല. മസ്റ്റർറോൾ കൈപ്പറ്റ് രജിസ്റ്റർ 2012-13 മുതൽ മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. പ്രവൃത്തികളുടെ ഫയൽ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. |
| 5 | കോട്ടയം | ഉദയനാപുരം ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവയിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | മലപ്പുറം | അരീക്കോട് ഗ്രാ.പ. | തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ എന്നിവ അപൂർണ്ണം. മസ്റ്റർ റോൾ ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 7 | | മമ്പാട് ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 8 | കണ്ണൂർ | എടക്കാട് ഗ്രാ.പ. | പ്രോജക്ട് ഫയൽ സൂക്ഷിക്കുന്നില്ല |
| 9 | കാസർഗോഡ് | തൃക്കരിപ്പൂർ ഗ്രാ.പ. | ആസ്തി രജിസ്റ്റർ, തൊഴിൽ ഡിമാന്റ് രജിസ്റ്റർ, മസ്റ്റർ റോൾ വിതരണ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽ കാർഡ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 10 | | കള്ളാർ ഗ്രാ.പ. | മസ്റ്റർ റോൾ രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ അപൂർണ്ണം. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. |

LOCAL FUND AUDIT DEPARTMENT

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ, തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിൽ രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതായും കണ്ടെത്തി.

## 13. ജാഗ്രതാ മേൽനോട്ട കമ്മിറ്റികൾ (Vigilance and Monitoring Committee)

പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും, ഒരു പ്രാദേശിക ജാഗ്രതാ, മേൽനോട്ട കമ്മിറ്റി ഉണ്ടായിരിക്കണം. പണി നടക്കുന്ന സ്ഥലത്തെ നിവാസികൾ ഉൾക്കൊള്ളുന്ന ഈ കമ്മിറ്റി പണിയുടെ പുരോഗതിയും, ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യും. ജാഗ്രതാ മേൽനോട്ട കമ്മിറ്റിയിൽ 7 അംഗങ്ങൾ ഉണ്ടായിരിക്കും. ഈ കമ്മിറ്റിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതും അതിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പാക്കുന്നതും ഗ്രാമസഭയായിരിക്കും. നിർവ്വഹണ ഏജൻസി പണിയെക്കുറിച്ചും, സമയ പരിധിയെക്കുറിച്ചും, ഗുണനിലവാര അളവുകോലുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ചേർക്കുകയും ഇത് പണി നടപ്പാക്കപ്പെട്ട പഞ്ചായത്തിലെ ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ വയ്ക്കുകയും ചെയ്യണം. പ്രാദേശിക ജാഗ്രതാ മേൽനോട്ട സമിതികളും ഗുണഭോക്താക്കളുടെ സമിതികൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് രൂപീകരിക്കണം. ഓരോ പ്രവൃത്തിയും വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി തുടർ നിരീക്ഷണത്തിന് വിധേയമാക്കണം.

പരിശോധന നടത്തിയതിൽ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിജിലൻസ് ആന്റ് മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭകളിൽ വിജിലൻസ് ആന്റ് മോണിട്ടറിംഗ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നുണ്ടെങ്കിലും അംഗങ്ങൾ എല്ലാ സൈറ്റുകളിലും പരിശോധന നടത്തുന്നില്ല. വർക്ക് ഫയലുകളിൽ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തുന്നില്ല. സൈറ്റ് സന്ദർശിക്കുന്ന വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങൾ സൈറ്റ് ഡയറികളിൽ ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ രേഖപ്പെടുത്തുന്നില്ല. ഇപ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം |
| 2 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി |
| 3 | കോട്ടയം | ഉദയനാപുരം |
| 4 | തൃശ്ശൂർ | മതിലകം |
| 5 | | കൊരട്ടി |
| 6 | | അവിണിശ്ശേരി |
| 7 | മലപ്പുറം | അരീക്കോട് |
| 8 | | കോഡൂർ |
| 9 | കോഴിക്കോട് | കീഴരിയൂർ |
| 10 | കണ്ണൂർ | കണിച്ചാർ |
| 11 | | എടക്കാട് |
| 12 | | എരഞ്ഞോളി |
| 13 | കാസർഗോഡ് | തൃക്കരിപ്പൂർ |
| 14 | | കള്ളാർ |

എന്നാൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ കൃത്യമായി തൊഴിൽ സ്ഥലം പരിശോധിക്കുകയും സൈറ്റ് ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ പ്രവർത്തികളുടെയും ഫൈനൽ ബില്ലിനോടൊപ്പം കമ്മിറ്റിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | എറണാകുളം | കാഞ്ഞൂർ |
| 2 | പാലക്കാട് | എലപ്പുള്ളി |
| 3 | | അലനല്ലൂർ |
| 4 | | വിളയൂർ |

LOCAL FUND AUDIT DEPARTMENT

## 14. സോഷ്യൽ ഓഡിറ്റ്

### സോഷ്യൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തനം




വികസന പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശം/ഗുണഭോക്താക്കളുടെ നീതിയുക്തമായ തെരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കി മികച്ച ഫലപ്രാപ്തി കൈവരിക്കാൻ സഹായകമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. ഗ്രാമസഭാ പ്രദേശത്തെ ജനങ്ങൾ അവരുടെ അനുഭവത്തിന്റെയും ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നേരിട്ട് നടത്തുന്ന വിലയിരുത്തലാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുംഗുണനിലവാരം പരിശോധിക്കുന്നതിനും അനുയോജ്യമായ സാങ്കേതിക വിദഗ്ധരെയോ, സ്ഥാപനങ്ങളെയോ ഗ്രാമസഭയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. സോഷ്യൽ ഓഡിറ്റ് എന്നത് വികസന പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവാക്കുന്നതിനെപ്പറ്റിയും സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവും നിർഭയവുമായ പരിശോധനയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യുന്നതുമുതൽ തൊഴിൽ കാർഡു നൽകൽ, തൊഴിലിനപേക്ഷ സ്വീകരിക്കൽ, തൊഴിൽ നൽകൽ, കൂലി നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, അനുമതി വാങ്ങൽ എന്നിങ്ങനെ ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളുടെയും നടത്തിപ്പ്, ജയപരാജയങ്ങൾ, അപാകതകൾ തുടങ്ങി എല്ലാ വിഷയങ്ങളും പരിശോധിക്കുവാനും അതുവഴി പദ്ധതി നടത്തിപ്പിന്റെ സമഗ്രമായൊരു വിവരം ഗുണഭോക്താക്കൾക്കു ലഭിക്കുന്നുവെന്നുറപ്പു വരുത്തുകയുമാണ് സോഷ്യൽ ഓഡിറ്റ് ലക്ഷ്യം വയ്ക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയുടെ വാർഡ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗ്രാമസഭയിൽ നിന്നും താഴെപ്പറയും പ്രകാരം സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുക്കേണ്ടതാണ്.

1. ഗ്രാമസഭ ഐകകണ്ഠേന തെരഞ്ഞെടുക്കുന്ന വ്യക്തി (ചെയർപേഴ്സൺ)
2. വിദഗ്ധ(ൻ) (സെക്രട്ടറി )
3. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കുന്ന 3 പേർ (2 പേർ സ്ത്രീകളായിരിക്കണം)
4. വാർഡിന് പുറത്ത് താമസക്കാരായ 2 സാമൂഹ്യപ്രവർത്തകർ (ഒരാൾ സ്ത്രീയായിരിക്കണം)
5. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധമില്ലാത്ത ഒരു എഞ്ചിനീയർ
6. പട്ടികജാതി പ്രതിനിധി
7. പട്ടികവർഗ്ഗ പ്രതിനിധി
8. കർഷക പ്രതിനിധി
9. കർഷക തൊഴിലാളി പ്രതിനിധി

സോഷ്യൽ ഓഡിറ്റ് ടീമിലെ അംഗങ്ങളിൽ ചുരുങ്ങിയത് 50% എങ്കിലും സ്ത്രീകളായിരിക്കണം. അതുപോലെ വാർഡിലെ ജനസംഖ്യയ്ക്കാനുപാതികമായ പ്രാതിനിധ്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ടീമിൽ ഉറപ്പുവരുത്തേണ്ടതാണ്.

പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലും എലപ്പുള്ളി ഗ്രാമപഞ്ചായത്തിലും സോഷ്യൽ ഓഡിറ്റ് ഏറെക്കുറെ കൃത്യമായി നടന്നുവരുന്നു. എന്നാൽ സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് തൊട്ടടുത്ത ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

LOCAL FUND AUDIT DEPARTMENT

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ

2005 ലെ ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പ്രോജക്ടു കളുടെയും പദ്ധതികളുടെയും നിർവ്വഹണത്തിൽ ഫലപ്രാപ്തി, ധനവിനിയോഗം, ഗുണഭോക്തൃ പ്രദേശത്തിന്റെ തെര ഞ്ഞെടുപ്പ് തുടങ്ങിയ ഘടകങ്ങളെപ്പറ്റി വിലയിരുത്താൻ പൊതുജനങ്ങൾക്കും സേവനത്തിന്റെ അവകാശികൾക്കും അവസരം നൽകുക എന്നതാണ് സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാന ലക്ഷ്യം. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ അവതരിപ്പിക്കേണ്ടതും വിശദമായി ചർച്ച നടത്തേണ്ടതുമാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടി ക്കാട്ടിയുള്ള അപാകതകൾ പരിഹരിക്കാൻ സമയബന്ധിതമായി നടപടിയെടുക്കേണ്ടതും ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ്.

പരിശോധിച്ച മിക്ക ജില്ലകളിലെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറവാണ്. ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയോ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. സോഷ്യൽ ഓഡിറ്റ് ടീമുകൾക്ക് ആവശ്യമായ പരിശീലനം നൽകുകയോ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ വച്ച് ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നത് വിരളമായി ട്ടാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ മിക്ക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എടുക്കുന്നില്ല. പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി പരിശോധന നട ത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരി പ്പിച്ചിട്ടുണ്ടെങ്കിലും വിശദമായി ചർച്ച നടത്തിയതിന്റെ രേഖകളില്ല. മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായ ത്തിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് ഒരു ഗ്രാമസഭയിലും അവതരിപ്പിച്ചിട്ടില്ല. കൂടാതെ അടുത്ത ഗ്രാമസഭ സംബന്ധിച്ച തീരുമാനവും ഗ്രാമസഭകളിൽ എടുത്തിട്ടില്ല. ഗ്രാമപ ഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിൽ 3 വാർഡുകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയിട്ടില്ല. കണ്ണൂർ ജില്ലയിലെ എടയ്ക്കാട് ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ കോറം തികഞ്ഞിട്ടില്ല. ശരാശരി 35 പേർ മാത്രമേ യോഗത്തിൽ പങ്കെടുത്തിട്ടുള്ളൂ. സോഷ്യൽ ഓഡിറ്റിനായുള്ള പ്രത്യേക ഗ്രാമസഭയുടെ അദ്ധ്യക്ഷ പദവി പഞ്ചായത്തിനുവെളിയിലുള്ള പൊതു സമ്മതനായ ഒരു വ്യക്തിക്ക് നൽകേണ്ടതാണെങ്കിലും എടയ്ക്കാട് ഗ്രാമപഞ്ചായ ത്തിലെ (സോഷ്യൽ ഓഡിറ്റ്) ഗ്രാമസഭകളിൽ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവരാണ് അദ്ധ്യക്ഷ്യം വഹിച്ചിരിക്കുന്നത്. ജാഗ്രതാ മേൽനോട്ട കമ്മിറ്റി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, എ.ഡി.എസ്. വോളണ്ടിയർമാർ എന്നിവർ ഒന്നും തന്നെ ഗ്രാമസഭയിൽ പങ്കെടുത്തിട്ടില്ല. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ നിർബ ന്ധിത അജണ്ട പാലിച്ചിട്ടില്ല.

എന്നാൽ (സോഷ്യൽ ഓഡിറ്റ്) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ കാര്യത്തിലും, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ വിശദമായ ഗ്രൂപ്പ് ചർച്ചയ്ക്ക് വിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ ഉത്തമ മാതൃകയാണ്.

സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ചകളാണ് പരിശോധന നടത്തിയ മറ്റുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയത്.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ പണി നടന്നു കൊണ്ടിരിക്കുമ്പോൾ പരിശോധന നടത്താറില്ല. പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ പരിശോധിക്കുകയോ ശുപാർശ കൾ നൽകുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ പദ്ധ തിയുടെ പേരും അതിന്റെ ചെലവും മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്.

പത്തനംതിട്ടയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി അംഗീകരിച്ചതിനുശേഷം നാളി തുവരെ കാര്യമായ രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടില്ല. 2011-12 വർഷത്തെ സോഷ്യൽ ഓഡിറ്റ് സംഗമം ഓഡിറ്റ് പരിശോധന നടത്തിയ കാലയളവിൽ പോലും നടത്തിയിട്ടില്ല. 2008-09 വർഷം മാത്രമാണ് റിപ്പോർട്ട് തയ്യാ റാക്കി സമർപ്പിച്ചിട്ടുള്ളത്.

LOCAL FUND AUDIT DEPARTMENT

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് നൽകിയിട്ടുണ്ടെങ്കിലും ഭരണ സമിതി റിപ്പോർട്ട് ചർച്ച ചെയ്തിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാൻ പഞ്ചായത്ത് അധികൃതർ നടപടി സ്വികരിക്കുകയോ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് സമിതിയെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചതായി കാണുന്നില്ല. പല വാർഡുകളിലും സോഷ്യൽ ഓഡിറ്റ് സമിതി അംഗങ്ങളായി ഏതാനും പേരെ തെരഞ്ഞെടുത്തു എന്ന് എഴുതി പേര് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത്. തെരഞ്ഞെടുത്ത ഒരു സമിതി പോലും പരിശോധനാ കലണ്ടർ തയ്യാറാക്കുകയോ, പ്രവൃത്തി സ്ഥലങ്ങളുടെ പരിശോധന, വിവരശേഖരണം, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടില്ല. മലപ്പുറം ജില്ലയിൽ ഓഡിറ്റ് നടത്തിയ അരീക്കോട് ഗ്രാമപഞ്ചായത്തിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് തയ്യാറാക്കിയ അംഗങ്ങളുടെ പേരു വിവരം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലില്ല. റിപ്പോർട്ട് ഒന്നും തന്നെ സോഷ്യൽ ഓഡിറ്റ് ടീം ഒപ്പ് വച്ചിട്ടില്ല. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന്റെ വിവരം ലഭ്യമല്ല. സോഷ്യൽ ഓഡിറ്റ് ടീമിന് പരിശീലനം നൽകിയതിന്റെയും സാമൂഹ്യകണക്കെടുപ്പ് ഭൗതിക പരിശോധന, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയതിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമല്ല. പരിശോധനാ കലണ്ടർ തയ്യാറാക്കിയിട്ടില്ല. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലും , കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഓഡിറ്റ് പരിശോധന നടത്തിയതിൽ പാലക്കാട് ജില്ല ഒഴികെയുള്ള സ്ഥലങ്ങളിൽ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് പൊതുവായി കണ്ട അപാകതകൾ ഇവയാണ്.

1. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് മിക്കയിടത്തും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.
2. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.
3. മിക്ക സ്ഥലങ്ങളിലും സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ പണി നടന്നുകൊണ്ടിരിക്കുമ്പോൾ പരിശോധനകൾ ഒന്നും നടത്തുന്നില്ല.

വേതന വിതരണം കൃത്യമായി നടക്കുന്നില്ല എന്ന പരാമർശം മിക്ക സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലുമുണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി പഞ്ചായത്ത് ചെലവഴിച്ച പണത്തെ സംബന്ധിച്ചുള്ള ഒരു ഓഡിറ്റ് മാത്രമായി സോഷ്യൽ ഓഡിറ്റ് സംവിധാനത്തെ കാണാതെ പദ്ധതി നടത്തിപ്പിലെ പരാതികൾ എന്തെല്ലാമാണെന്നും തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അധികാരാവകാശങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള ജനകീയ പരിശോധനയും നടത്തേണ്ടതാണ്. പരാതികൾ തുറന്ന വേദിയിലൂടെ തന്നെ പരിഹരിക്കേണ്ടതുമാണ്. സോഷ്യൽ ഓഡിറ്റ് സംവിധാനത്തിലെ പാളിച്ചകൾ പരിശോധിച്ച് അവയുടെ പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3.4.6. നിഗമനങ്ങൾ

1. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നതിലും തൊഴിൽ കാർഡ് വിതരണത്തിലും വീഴ്ചകളുണ്ട്. പ്രചാരണത്തിന്റെ അഭാവംമൂലം അർഹതപ്പെട്ട കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നില്ല.
2. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി എന്നിവ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കുന്നതിനാൽ യഥാർത്ഥ പദ്ധതി ആവശ്യങ്ങൾ, തൊഴിൽ ആവശ്യകത എന്നിവ വാർഷിക കർമ്മ പദ്ധതിയിൽ പ്രതിഫലിക്കുന്നില്ല.
3. തൊഴിലുറപ്പ് പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും മേൽനോട്ടത്തിലും ഗ്രാമസഭകളുടെ പങ്കാളിത്തം തൃപ്തികരമല്ല.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പെരുപ്പിച്ചു കാണിക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്നു.
5. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പ്രവൃത്തികൾ നടത്തുകയും ചെയ്യണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾ ഗൗരവത്തോടെ നടപ്പാക്കിയില്ല.
6 തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലും സംരക്ഷിക്കുന്നതിലും വീഴ്ച കാണുന്നു. ഉപകരണങ്ങളുടെ വാടക ഇടപാടുകളും തൃപ്തികരമല്ല.
7. പദ്ധതി നിർവ്വഹണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം ഫലപ്രദമായിരുന്നു. ഗ്രാമീണ വനിതകളെ പദ്ധതിയിലേക്ക് ആകർഷിക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്.
8. പ്രവൃത്തികളുടെ മസ്റ്റർ റോൾ തയ്യാറാക്കുന്നതിൽ ക്രമക്കേട് നടക്കുന്നുണ്ട്. കൃത്യസമയത്ത് ഫണ്ട് ലഭ്യമാക്കാത്തതും, പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുന്നതിലെ കാലതാമസവും കാരണം വേതനവിതരണത്തിൽ കാലതാമസമുണ്ട്. വേതനം കുറവായതുമൂലം പുരുഷന്മാർ പദ്ധതി പ്രവർത്തികളിൽ ജോലിക്ക് വരുന്നില്ല.
9. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്ന പദ്ധതി ലക്ഷ്യം നടപ്പാക്കാൻ മിക്ക ഗ്രാമപഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടില്ല.
10. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.
11. പദ്ധതിയുടെ വിജിലൻസ് & മോണിറ്ററിംഗ് സമിതികളും സാമൂഹ്യ ഓഡിറ്റ് സംവിധാനവും ഫലപ്രദമല്ല.

LOCAL FUND AUDIT DEPARTMENT

## 3.4.7. ശുപാർശകൾ

1. അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളും എല്ലാവർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തെന്ന് ഉറപ്പുവരുത്താൻ പ്രചാരണം, സർവ്വേ, രജിസ്ട്രേഷൻ വാരാചരണം എന്നിവ നടത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുക.
2. തൊഴിൽ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം കൈമാറാതിരിക്കുക.
3. തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമസഭകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഫലപ്രദമാക്കുന്നതിനും പഞ്ചായത്ത് അംഗങ്ങൾക്കും ഗ്രാമസഭാ കോ-ഓഡിനേറ്റർമാർക്കും പ്രത്യേക പരിശീലനം നൽകുക.
4. തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ തകർക്കുന്ന രീതിയിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പെരുപ്പിച്ച് കാണിക്കുന്നത് തടയാൻ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.
5. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കാനും അതനുസരിച്ച് പ്രവർത്തികൾ ഏറ്റെടുക്കാനും കർശന നിർദ്ദേശം നൽകുക. നെൽകൃഷിയുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകുക.
6. തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത്തലത്തിൽ തൊഴിലുപകരണ വാടക കേന്ദ്രങ്ങൾ ആരംഭിക്കുക.
7 തൊഴിലുറപ്പ് പദ്ധതിയിൽ മാതൃകാപരമായി പങ്കാളിത്തം വഹിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സുകൾക്കും എ.ഡി.എസ്സുകൾക്കും ജില്ലാ- സംസ്ഥാനതലത്തിൽ അവാർഡ് ഏർപ്പെടുത്തുക.
8 തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന വേതനത്തിന് പുറമെ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി വേതന ഘടന പരിഷ്ക്കരിച്ച് പദ്ധതി ആകർഷകമാക്കുക. വേതനവിതരണത്തിലെ കാലതാമസം ഒഴിവാക്കുക.
9 മൊത്തം പദ്ധതി ചെലവിന്റെ നിശ്ചിത ശതമാനം സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാൻ മാറ്റിവയ്ക്കണമെന്ന നിബന്ധന ഏർപ്പെടുത്തുക.
10 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും, രജിസ്റ്ററുകളും പൂർണ്ണമായും കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുക.
11. പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് മാർഗ്ഗരേഖ പുന:പരിശോധിച്ച് അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കുക. പഞ്ചായത്ത്തല സോഷ്യൽ ഓഡിറ്റ് സംവിധാനം പുന:ക്രമീകരിക്കുക.

LOCAL FUND AUDIT DEPARTMENT

**അധ്യായം – 4**

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

## 4.1. കൊല്ലം ജില്ല

### 4.1.1. പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

**കുളക്കട ഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2010 – 11**
**ഖണ്ഡിക 3(9)**

- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, ധനസഹായാർഹത പരിശോധിക്കാതെയും, അധികരിച്ച നിരക്കിലും സബ്സിഡി വിതരണം ചെയ്തു.
- പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സൊസൈറ്റിക്കുണ്ടോ എന്ന് വിലയിരുത്താതെ ആനുകൂല്യം നൽകി.
- വികസന ഫണ്ടിൽ നിന്നും 5,02,052/- രൂപ ചെലവഴിച്ച പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് വാങ്ങി നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 5,02,052/- രൂപ (ബിൽ നം.252/10-11/10.08.2010) ചെലവഴിച്ചു. (പ്രോജക്ട് നം. 181/2011) പ്രസ്തുത യൂണിറ്റിന് പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലേറ്റ്, പേപ്പർ ബാഗ് എന്നിവ ഉണ്ടാക്കുന്നതിനുള്ള മെഷീൻ, അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചത്. ജി.ഒ(എം. എസ്) 183/07/തസ്വഭവ, തീയതി 24.07.2007, ജി.ഒ(ആർ.ടി) 3246/09/തസ്വഭവ, തീയതി 07.12.2009 എന്നിവ പ്രകാരം സൊസൈറ്റി ആനുകൂല്യത്തിനർഹമാണോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ട് ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥയും പാലിക്കാതെ 100% സബ്സിഡി അനുവദിച്ചു നൽകുകയും ചെയ്തു. ഉപകരണങ്ങൾ 31.07.2010 ൽ പഞ്ചായത്ത് സെക്രട്ടറി സഹകരണ സംഘത്തിന് കൈമാറിയെങ്കിലും ബന്ധപ്പെട്ട കരാർ ചമച്ചിരിക്കുന്നത് 12.08.2010 ൽ മാത്രമാണ്.

പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. 31.07.2010 മുതൽ നാളിതുവരെ കേവലം 650/-രൂപയുടെ വരവ് മാത്രമേ സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളൂ. ഇതിൽ നിന്നും സൊസൈറ്റിക്ക് വരുമാന വർദ്ധനവ് എന്ന ലക്ഷ്യം കൈവരിച്ചില്ല എന്നത് വ്യക്തമാകുന്നു. യന്ത്രോപകരണങ്ങളും അസംസ്കൃത വസ്തുക്കളും സൊസൈറ്റിയിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം, തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം, ധനസഹായത്തിനുള്ള അർഹത തുടങ്ങിയ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളൊന്നും വിലയിരുത്താതെ 100% സബ്സിഡിയിൽ ഉപകരണങ്ങൾ വിതരണം ചെയ്തത് നീതികരിക്കാവുന്നതല്ല.

21.01.2013 ലെ കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ക്യൂ.പി.ജി/1747/2012-ാം നമ്പർ കത്ത് മുഖേന മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്തുന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** : ശ്രീ ജോസ് .ജി
സെക്രട്ടറി
"പൂർണ്ണിമ" പന്തപ്ലാവ് പി.ഒ, പട്ടാഴി
കൊല്ലം.

LOCAL FUND AUDIT DEPARTMENT

## 4.1.2. റോഡ് പുനർനിർമ്മാണ നിരക്ക് ഈടാക്കിയതിൽ കുറവ് – നഷ്ടം 1,20,69,104/– രൂപ

**പരവൂർ നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട് 2009–10**
**ഖണ്ഡിക 3(15)**

- റോഡ് റസ്റ്ററേഷൻ ചാർജിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ചത് മൂലം നഷ്ടം
- അനുവദനീയമായ നിരക്ക് മുനി.എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയെങ്കിലും യഥാസമയം കൗൺസിലിനെ ബോധ്യപ്പെടുത്തിയില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി കുഴിച്ച മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള 82 റോഡുകൾ പുന : നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും പി.ഡബ്ല്യൂ.ഡി നിരക്കിൽ തുക ഈടാക്കാതിരുന്നത് മൂലം നഗരസഭയ്ക്ക് 1,20,69,104/- രൂപയുടെ നഷ്ടം ഉണ്ടായി.

മുനിസിപ്പൽ റോഡ് റസ്റ്ററേഷൻ കരാറുകാരന്റെ പരിധിയിൽ വരുന്നതല്ല എന്ന വാട്ടർ അതോറിറ്റിയുടെ 25.08.2009 ലെ KWA/JBIC/HQ/M Section/3174/07 vol.II (Part) നം. ഉത്തരവ് പ്രകാരം റോഡുകളുടെ പുനർനിർമ്മാണം യഥാവിധി നടപ്പാക്കിയില്ല. കൂടാതെ വാട്ടർ അതോറിറ്റി ഈ ചുമതല മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ചു. എം$^2$ ന് 333/-രൂപ നിരക്കിൽ റോഡ് റസ്റ്ററേഷൻ ചാർജ് നൽകാമെന്ന വാട്ടർ അതോറിറ്റിയുടെ ഓഫർ 27.07.2009 ലെ കൗൺസിൽ യോഗം 2-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം വാട്ടർ അതോറിറ്റി രണ്ടു ഘട്ടങ്ങളിലായി 1,06,64,510/-രൂപ നൽകി (26,011 എം$^2$ റോഡ് പുന: സ്ഥാപിക്കുന്നതിന് എം$^2$ ന് 410/-രൂപ നിരക്കിലാണ് നൽകിയത്).

01.04.2009 ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ പ്രകാരം റോഡ് പുനർനിർമ്മാണത്തിന്റെ നിരക്ക് എം$^2$ ന് 874/- രൂപയാണെന്ന് മുനി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയോ, മുനിസിപ്പൽ എഞ്ചിനീയറോ, നഗരസഭാ കൗൺസിലിനെ വസ്തുതകൾ ബോധ്യപ്പെടുത്തിയിട്ടില്ല. അക്കാരണത്താൽ വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ച മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം 1,20,69,104/-രൂപയുടെ നഷ്ടത്തിന് ഇടയാക്കി (26,011 x 874 = 2,27,33,614 - 1,06,64,510).

മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21.01.2013 ലെ എൽ.എഫ്.ക്യൂ/പി.ജി/1747/2013-ാം നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥർ** :

1) ശ്രീ. കെ. രാജേന്ദ്രൻ പിള്ള
മുനിസിപ്പൽ എഞ്ചിനീയർ
ചൈത്രം, കോട്ടപ്പുറം
പരവൂർ, കൊല്ലം

2) ശ്രീ. ബി. മോഹനൻ നായർ
സെക്രട്ടറി
കളത്തിൽ, റ്റി.സി 31/825(1)
പള്ളിയിൽ ലെയിൻ
പേട്ട, തിരുവനന്തപുരം

LOCAL FUND AUDIT DEPARTMENT

## 4.1.3. കലാപരിശീലനം നടത്തിയെന്ന് ഉറപ്പു വരുത്താതെ ഫീസ് നൽകി ; 2,90,142/– രൂപയുടെ നഷ്ടം

**കൊല്ലം കോർപ്പറേഷൻ** | **ഓഡിറ്റ് റിപ്പോർട്ട് 2010–11 ഖണ്ഡിക 3–25**

- പദ്ധതിയിൽ ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയ്ക്ക് പരിശീലനം നൽകാനുദ്ദേശിച്ചെങ്കിലും സംഗീത പരിശീലനം മാത്രം നടപ്പിലാക്കി.
- മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ നിശ്ചയിച്ചു.
- ദിവസേന നാലു മണിക്കൂർ നൽകാനുള്ള സംഗീത പരിശീലനം എട്ടുമണിക്കൂർ നൽകിയെന്ന രേഖ അവിശ്വസനീയം
- സബ്സിഡി മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് തൊഴിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത മേഖലയിൽ പരിശീലനം നൽകി.

നഗരസഭാ പരിധിയിലെ 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന ദരിദ്ര കുടുംബങ്ങളിൽപെട്ട കുട്ടികൾക്ക് കലാരംഗത്ത് മത്സരശേഷി വികസിപ്പിക്കുന്നതിനും അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നീ വിഷയങ്ങളിൽ 200 കുട്ടികൾക്ക് പരിശീലനം നൽകാനായി 2010–11 വർഷം പ്രോജക്ട് നം. 30 ആയി വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചു. ക്വട്ടേഷൻ മുഖേന അംഗീകരിച്ച റിലവന്റ് എസ്.സി/എസ്..ടി എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ സൊസൈറ്റി, ശാസ്താംകോട്ട എന്ന സ്ഥാപനത്തിന് 199 കുട്ടികൾക്ക് സംഗീത പരിശീലനം നൽകിയതിന് 2,90,142/- രൂപ നൽകി (ഡിഡി നം. 322616, തീയതി 17.09.2010).

200 കുട്ടികൾക്ക് ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയിൽ ദിവസേന 4 മണിക്കൂർ വീതം 60 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധി, നാലു സോണൽ ഓഫീസ് പരിധി എന്നിവിടങ്ങളിൽ സ്ഥാപനത്തിന്റെ ചുമതലയിൽ കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം നൽകാനാണ് വർക്ക് ഓർഡർ നൽകിയത്. 2010 ഏപ്രിൽ 12 മുതൽ മേയ് 31 വരെയുള്ള 50 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധിയിലുള്ള സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് സംഗീത പരിശീലനം നൽകിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടൗൺ ഹാളിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ 50 ദിവസങ്ങളിൽ 36 ദിവസവും ടൗൺ ഹാൾ വിവാഹം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആകയാൽ ഈ ദിവസങ്ങളിൽ പരിശീലനം നൽകിയിട്ടില്ലെന്ന് വ്യക്തമാണ്. ഏതാനും ദിവസങ്ങളിൽ എട്ട് മണിക്കൂർ പരിശീലനം നൽകിയതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എട്ടു മണിക്കൂർ തുടർച്ചയായി സംഗീത പരിശീലനത്തിൽ കുട്ടികൾ പങ്കെടുത്തു എന്നത് അവിശ്വസനീയമാണ്.

24.07.2007 ലെ ജി.ഒ(എം.എസ്) 183/07/തസ്വഭവ, പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിശീലന പരിപാടികൾ പരിമിതപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംഗീത പരിശീലന പരിപാടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയിരിക്കുന്നു.

പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവായ ജി.ഒ(പി)220/97/തസ്വഭവ തീയതി 02.10.1997 ൽ നിഷ്ക്കർഷിക്കുന്ന പ്രകാരമല്ല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയത്. നഗരസഭാ പരിധിയിലെ സ്കൂളിൽ നിന്ന് ബി.പി.എൽ ലിസ്റ്റിൽപ്പെട്ട അർഹരായ കുട്ടികളെ പ്രധാന അദ്ധ്യാപകൻ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ യോഗം കൂടി തെരഞ്ഞെടുത്ത് കൗൺസിൽ അംഗീകാരത്തോടെ പരിശീലനം നൽകാനാണുദ്ദേശിച്ചതെങ്കിലും ഈ നടപടികളൊന്നും പാലിക്കാതെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടുമില്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡം പാലിക്കാതെയും, സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായും, പരിശീലന പരിപാടിയുടെ ആധികാരികത പരിശോധിക്കാതെയും ചെലവഴിച്ച 2,90,142/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. 18.04.13 ലെ എൽ.എഫ്.ക്യൂ.എം.5-189/13-ാം നമ്പർ കത്തു പ്രകാരം മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം നഗരസഭാധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

**ഉത്തവാദിയായ ഉദ്യോഗസ്ഥൻ** : ശ്രീ. റ്റി. സന്തോഷ്
സെക്രട്ടറി, കൊല്ലം നഗരസഭ
അഴകത്ത്, തെക്കേവിള
കൊല്ലം - 16

## 4.2. പത്തനംതിട്ട ജില്ല

### 4.2.1. ക്രമാതീതമായ ഫണ്ട് വിനിയോഗം; 2.95 കോടി രൂപ ചെലവഴിച്ച സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

**ജില്ലാപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2008-09**
**ഖണ്ഡിക 3-3**

പത്തനംതിട്ട ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 10000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതിവർഷം 20 ലക്ഷം കിലോഗ്രാം തേൻ ഉൽപ്പാദിപ്പിക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമായി മധുരം തേൻ പദ്ധതിയ്ക്ക് (പ്രതീക്ഷിത ചെലവ് 36.27 കോടി) ജില്ലാപഞ്ചായത്ത് അംഗീകാരം നൽകി. 2007-08 ൽ ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതി 2009-10-ഓടു കൂടി പൂർണ്ണമായും നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടത്. ഉൽപ്പാദിപ്പിക്കുന്ന തേൻ അഗ്മാർക്ക് തേനായും (5 ലക്ഷം കിലോഗ്രാം) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായും (15 ലക്ഷം കിലോഗ്രാം) വിപണനം നടത്തേണ്ടിയിരുന്നു. 2007 സെപ്തംബറിൽ ഭരണാനുമതിയും 2007 ഡിസംബറിൽ സാങ്കേതികാനുമതിയും ജില്ലാ ആസൂത്രണസമിതി അംഗീകാരവും പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്.

പദ്ധതിയുടെ വിഭവ സ്രോതസ്സ് താഴെ പറയും പ്രകാരമാണ്.

| | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1. | ജില്ലാപഞ്ചായത്ത് | 1.32 |
| 2. | സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | 13.00 |
| 3. | ബാങ്കുകൾ | 16.40 |
| 4. | നബാർഡ് | 2.09 |
| 5. | ഗ്രാമപഞ്ചായത്തുകൾ | 1.99 |
| 6. | ബ്ലോക്ക് പഞ്ചായത്തുകൾ | 0.42 |
| 7. | ഗുണഭോക്തൃ വിഹിതം | 1.05 |
| | **ആകെ** | **36.27** |

പദ്ധതിയ്ക്ക് കീഴിൽ ഓരോ ആക്ടിവിറ്റി ഗ്രൂപ്പിനും തേനുൽപ്പാദിപ്പിക്കുന്നതിനായി 200 തേനീച്ച കൂടുകളും അനുബന്ധ സാമഗ്രികളും ( പ്രതീക്ഷിത ചെലവ് 2.50 ലക്ഷം രൂപ) വിതരണം ചെയ്യണം.ഇവയുടെ ചെലവ് ബാങ്ക് വായ്പയിലൂടെ ഗുണഭോക്താക്കൾ വഹിക്കണം. 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് 25 കോടി രൂപ വായ്പയെടുക്കുമ്പോൾ 10 കോടി രൂപ കുടുംബശ്രീമിഷനും, ഒരു കോടി ഗ്രാമപഞ്ചായത്ത് വിഹിതവും ബാക്ക് എൻഡ് സബ്സിഡിയായി നൽകാനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ബാങ്ക് വായ്പ ക്രമപ്പെടുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്കുകൾക്ക് സബ്സിഡി തുക നൽകണം.

LOCAL FUND AUDIT DEPARTMENT

ബ്ലോക്ക്തലത്തിൽ തേൻ സംസ്ക്കരണ കേന്ദ്രത്തിലേയ്ക്ക് പ്ലാന്റും മെഷീനറിയും വാങ്ങുന്നതിനും ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾ 2009-10 വരെ 1, 07,86,265/-രൂപയും ബ്ലോക്ക്തല സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ 29,07,054/-രൂപയും ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | വിശദാംശം | തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | ആക്ടിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി | 2330000 |
| ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ | ബ്ലോക്ക്തലത്തിൽ ബോട്ടിലിംഗ് പ്ലാന്റ് | 4618120 |
| സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | ആക്ടിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി, | |
| | പരിശീലനം മറ്റ് ചെലവുകൾ | 23500000 |
| **ആകെ** | | **30448120** |

ബാക്ക് എൻഡ് സബ്സിഡിയായി ആകെ 2,30,00,000/-രൂപ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാക്ക് എൻഡ് സബ്സിഡി, ഗ്രൂപ്പുകൾക്ക് പരിശീലനം, റിവോൾവിംഗ് ഫണ്ട് എന്നീ ഇനങ്ങളിൽ 215 ആക്ടിവിറ്റി ഗ്രൂപ്പുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ആകെ 2,94,89,029/-രൂപ ചെലവഴിച്ചെങ്കിലും തേനിന്റെ വിളവെടുപ്പിലുണ്ടായ കുറവ്മൂലം പദ്ധതിയിൽ വിഭാവന ചെയ്ത അഗ്മാർക്ക് തേനും തേനുൽപ്പന്നങ്ങളും വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ പദ്ധതി ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ല. 2009-10 വരെ 26 ഗ്രാമപഞ്ചായത്തുകളിലായി 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കുകയും ഓരോ ഗ്രൂപ്പിനും 200 തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും എന്ന കണക്കിൽ 43000 തേനീച്ച കൂടുകൾ നൽകേണ്ടതിന് പകരം 2010-11 വരെയും 35765 പെട്ടികൾ മാത്രമാണ് ഹോർട്ടികോർപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

54 ഗ്രാമപഞ്ചായത്തുകളിൽ 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കണമായിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥന് 26 ഗ്രാമപഞ്ചായത്തുകളിലായി 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം ലഭ്യമല്ല എന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമായ അഗ്മാർക്ക് ലാബ്, സംസ്ക്കരണ പ്ലാന്റ്, ബോട്ടിലിംഗ് യൂണിറ്റ്, ജില്ലാ ഉൽപ്പാദനയൂണിറ്റ് എന്നിവ ആരംഭിച്ചിട്ടില്ല. 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ നിലനിർത്തി പദ്ധതി അടങ്കൽ 7 കോടി രൂപയായി പരിമിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു തീരുമാനം കുടുംബശ്രീമിഷൻ സ്വീകരിച്ചത്. ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളുടെ ഉപയോഗിക്കാത്ത തുക (1.15 കോടി രൂപ) ജില്ലാപഞ്ചായത്ത് അതാത് സ്ഥാപനങ്ങൾക്ക് 2011 മാർച്ചിൽ തിരിച്ചു നൽകി.

1. തേനീച്ച കൂടിന്റെ വിലയായി ഹോർട്ടികോർപ്പിന് നൽകിയ 2,78,15,608/-രൂപയും ഗ്രൂപ്പുകൾ ബാങ്കിൽ നിന്നും വായ്പയായി എടുത്ത 37,80,000/-രൂപയും ഉൾപ്പെടെ 3,15,95,608/-രൂപ മാത്രമാണ് ഗ്രൂപ്പുകൾക്ക് വായ്പ നൽകിയത്. ബാക്ക് എൻഡ് സബ്സിഡി നൽകേണ്ടിയിരുന്നത് 1,39,02,067/-രൂപയാണ്. എന്നാൽ ബാങ്കുകൾക്ക് നൽകിയത് 2,30,00,000/-രൂപയാണ്.
2. ബാക്ക് എൻഡ് സബ്സിഡി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമാണ്.
3. ഗ്രൂപ്പുകൾ എല്ലാം തന്നെ ഇപ്പോൾ ജപ്തിനടപടികൾ നേരിടുകയാണ്. നാമമാത്രമായ തുക മാത്രമാണ് ഗ്രൂപ്പുകൾ തിരിച്ചടച്ചിട്ടുള്ളത്.
4. രണ്ടാം ഘട്ടമായ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കുടുംബശ്രീ മിഷന് കഴിഞ്ഞിട്ടില്ല.
5. ബാങ്ക് വായ്പായിനത്തിൽ കണ്ടെത്തേണ്ടിയിരുന്ന 16.40 കോടി രൂപ പ്രോജക്ട് നടത്തിപ്പിനായി വിനിയോഗിച്ചില്ല

ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ഇത്രയും ബൃഹത്തായ പദ്ധതി നടപ്പാക്കുമ്പോൾ ഇതിന്റെ പ്രായോഗികക്ഷമത ഉറപ്പാക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടത്തണമായിരുന്നു. ഓഫ് സീസണിൽ തേനീച്ചപ്പെട്ടികൾ വിതരണം ചെയ്തതും ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവവും ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്തതുമൂലവും ജില്ലയുടെ വികസനത്തിനുവേണ്ടി ചെലവഴിക്കേണ്ടുന്ന ലക്ഷങ്ങൾ, കുറച്ച് തേനീച്ചപ്പെട്ടികളിലും ബാങ്കുകളിലുമായി ഒതുങ്ങുകയാണുണ്ടായത്. സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ പര്യവസാനിച്ചു.

മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം 15.02.13 ലെ എൽ.എഫ്.പി.റ്റി.എ.പി.1/1011/12-ാം നമ്പർ കത്തിലൂടെ സ്ഥാപനത്തെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

**മേൽ പദ്ധതിയുടെ നടത്തിപ്പിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1. | ശ്രീ. രാമചന്ദ്രൻപിള്ള<br>ജില്ലാ കുടുംബശ്രീമിഷൻ കോഓർഡിനേറ്റർ<br>ശ്രീ.കാർത്തിക, മീനം, പട്ടാഴി പി.ഒ, കൊല്ലം | 08.06.2009 വരെ |
| 2. | ശ്രീ.ശിഖി മോഹനൻ<br>ജില്ലാ കുടുംബശ്രീമിഷൻ കോഓർഡിനേറ്റർ<br>പനയ്ക്കൽ, ചിറയിൽ<br>കാട്ടൂർ പി.ഒ, ആലപ്പുഴ | 09.06.2009 മുതൽ 14.10.2010 വരെ |
| 3. | ശ്രീ. മുരുകൻ<br>ജില്ലാ കുടുംബശ്രീമിഷൻ കോഓർഡിനേറ്റർ<br>കാട്ടുവിള പുത്തൻവീട്<br>എരുമക്കുഴി, നൂറനാട് പി.ഒ | 15.10.2010 മുതൽ 31.03.2012 വരെ |

## 4.3. ആലപ്പുഴ ജില്ല

### 4.3.1. ടൗൺ ഹാൾ നവീകരണം – അനുവദിക്കാത്ത തുക നൽകി

**ആലപ്പുഴ നഗരസഭ** — **ഓഡിറ്റ് റിപ്പോർട്ട് 2009-10**
**ഖണ്ഡിക 3-41**

- ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എം ബുക്കിൽ വ്യാജമായി അളവ് രേഖപ്പെടുത്തി.
- ക്രമവിരുദ്ധമായി തുക നൽകി.

ആലപ്പുഴ നഗരസഭയുടെ ടൗൺഹാൾ നവീകരണ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവൃത്തികളാണ് ഫാൾസ് സീലിംഗും ടൗൺ ഹാളിനുള്ളിൽ നടപ്പാതയിൽ കയർ മാറ്റ്സ് വിരിക്കൽ എന്നിവയും പ്രസ്തുത പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ നിരക്ക് അംഗീകരിച്ച വ്യക്തിയുമായി നെഗോഷിയേഷനിലൂടെ 10,00,000/- രൂപയുടെ ഉടമ്പടി അംഗീകരിച്ചു. പ്രവർത്തിയുടെ മൂല്യനിർണ്ണയമനുസരിച്ച് 29.10.2009 ലെ ചെക്ക് നം.670641 പ്രകാരം 3,74,842 രൂപയും 7.4.2010 ലെ ചെക്ക് നം.070683 പ്രകാരം 5,15,512/-രൂപയും ചേർത്ത് ആകെ 8,90,354/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

6 ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയ ഒരു പദ്ധതിക്കാണ് ക്വട്ടേഷൻ നൽകിയത്. ഇതിൽ ഇനം 4 ആയ 'കയർമാറ്റ്സ് വിരിക്കൽ' (walk way) പ്രവൃത്തിയുടെ അളവ് എം ബുക്ക് പേജ് 13-ൽ 97.80 എം$^2$ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കി 73,350/- രൂപ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

ഇനം 5 പ്രകാരം ശബ്ദത്തിന്റെ പ്രതിധ്വനി നിയന്ത്രിക്കുന്നതിന് കയർ മാറ്റ്സ് ഉപയോഗിച്ച് പൊതിയുക എന്ന പ്രവൃത്തിയിൽ എം ബുക്ക് പേജ് 18-ൽ 56 എം$^2$ രേഖപ്പെടുത്തി എസ്റ്റിമേറ്റനുസരിച്ചുള്ള നിരക്കിൽ 1,25,000/- രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്

LOCAL FUND AUDIT DEPARTMENT

നഗരസഭയുടെ ടൗൺഹാൾ നേരിൽ കണ്ട് പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ ഇനം 4, 5 പ്രവൃത്തികൾ ചെയ്തിട്ടില്ലായെന്നു കാണുകയുണ്ടായി. മാത്രമല്ല ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് നിലവിലുളള എഞ്ചിനീയർ മറുപടി നൽകിയതിനാൽ ഈ ഇനം പ്രവൃത്തികൾക്ക് ചെലവായ 1,98,350/- രൂപ അളവ് രേഖപ്പെടുത്തിയ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതും ക്രമവിരുദ്ധമായ നടപടികൾക്ക് കൂട്ടുനിന്ന മേൽ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രസ്തുത ഖണ്ഡികകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം ആലപ്പുഴ നഗരസഭാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 24.5.2013 ലെ എൽ.എഫ്.എ.എം.1/106/2013-ാം നമ്പർ കത്തു പ്രകാരം ആലപ്പുഴ നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായവർ** :

1. ശ്രീ.കെ.ആർ. ബാബുരാജ്
   അസിസ്റ്റന്റ് എഞ്ചിനീയർ
   സോപാനം, ഇറവൻകര, മാവേലിക്കര, ആലപ്പുഴ
2. ശ്രീ.എൻ.റോബ്സൺ, മുനിസിപ്പൽ എഞ്ചിനീയർ
   രേവതി, വിളഞ്ഞിൽ മനറോഡ്, ഈസ്റ്റ് കൊടുങ്ങല്ലൂർ, എറണാകുളം.

## 4.4. കോട്ടയം ജില്ല

### 4.4.1. പൊങ്ങൻപാറ ജലസേചന പദ്ധതി നിർവ്വഹണത്തിൽ അപാകത – പദ്ധതിത്തുക പാഴ്ചെലവായി

**നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2009-10**
**ഖണ്ഡിക 3-4**

വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തിയ പൊങ്ങൻപാറ ജലസേചന പദ്ധതി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച ബഹുവർഷ പദ്ധതിയാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1) 2008-09 | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.031/09 |
| അടങ്കൽ | 166667/- രൂപ |
| ചെലവ് തുക | 74908/- രൂപ (നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ | 62/09-10/31.03.2009 |
| കൺവീനർ | സാബു അമ്പിപ്പറമ്പിൽ |
| എം. ബുക്ക് നമ്പർ | 37/08-09 |

2008-09 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്കാണ് തുക വകയിരുത്തിയത് എന്നാൽ തൻവർഷം 310 മീറ്റർ 50 മില്ലി മീറ്റർ ജി.ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമേ നടന്നിട്ടുള്ളൂ.

| 2) 2009-10 | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.002/09-10 |
| അടങ്കൽ | 444450/- രൂപ |
| ചെലവ് തുക | 267628/- രൂപ (നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ | 44/31.03.2010 |
| എം. ബുക്ക് നമ്പർ | 79/09-10 |

2009-10 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി തുക വകയിരുത്തിയെങ്കിലും 1198 മീറ്റർ 20 മി.മീ. ജി. ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമാണ് നടന്നത്.

ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മുൻഗണനാ ക്രമം പദ്ധതി ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ഉണ്ടായിട്ടില്ല. ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുക, കിണറ്റിലെ ജല ലഭ്യതയനുസരിച്ചുള്ള പമ്പ് വാങ്ങുക, പമ്പ് ഹൗസ് നിർമ്മിക്കുക, ടാങ്ക് നിർമ്മിക്കുക, ജലം വിതരണം ചെയ്യുന്നതി

LOCAL FUND AUDIT DEPARTMENT

നുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക എന്ന ക്രമത്തിലായിരുന്നു പദ്ധതി ആവിഷ്കരിക്കേണ്ടിയിരുന്നത്. 2008-09 ൽ പമ്പ് ഹൗസ് നിർമ്മാണത്തിനും 2009-10 ൽ കിണർ നിർമ്മിക്കുന്നതിനും തുക വകയിരുത്തിയെങ്കിലും പ്രവൃത്തികൾ നടപ്പാക്കിയില്ല. പദ്ധതി പൂർത്തീകരണത്തിനുവേണ്ടി കൺവീനർക്ക് നോട്ടീസ് നൽകിയതൊഴിച്ചാൽ വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്ന് രണ്ട് വർഷങ്ങളിലായി 3,42,536/- രൂപ (74908 + 267628) ചെലവഴിച്ചത് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി മാത്രമാണ്. പദ്ധതി പ്രകാരം സ്ഥാപിച്ച പൈപ്പുകൾ നശിച്ചു കൊണ്ടിരിക്കുകയാണ്. പദ്ധതി നടപ്പാക്കിയപ്പോൾ മുൻഗണനക്രമം പാലിക്കാതിരുന്നതാണ് ഈയൊരവസ്ഥയ്ക്ക് കാരണം.

1997 ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് ചട്ടങ്ങൾ) 13-ാം ചട്ടപ്രകാരം ഗുണഭോക്തൃ സമിതി വഴി പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൽ പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കുക, പണമിടപാട് അക്കൗണ്ട് വഴിയായിരിക്കുക എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയോഗം വിളിച്ച് നടപടികൾ ബോദ്ധ്യപ്പെടുത്തിയിട്ടുമില്ല.

2008-09 വർഷത്തിൽ പദ്ധതി നിർവ്വഹിച്ചപ്പോൾ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല. പൈപ്പ് വാങ്ങൽ നടപടി ക്രമങ്ങൾ സുതാര്യമായിരുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കൽ, സാമഗ്രികൾ വാങ്ങിയതിന്റെ ബില്ല്, തുക നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 1/28.04.2011) തൃപ്തികരമായ വിശദീകരണം നൽകാൻ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. പൊങ്ങൻപാറ ജലസേചന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 3,42,536/- രൂപ പദ്ധതി നടത്തിപ്പിലെ അപാകത മൂലം പാഴ്ചെലവായി. പദ്ധതിയുടെ അവശേഷിക്കുന്ന വേലകൾ അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കാൻ സാധിക്കാത്തപക്ഷം ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 03.01.2013 ലെ എൽ.എഫ്.കെ.പി1/774/2012 നമ്പർ കത്ത് പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

### 4.4.2. പാറത്തോട് ഗ്രാമപഞ്ചായത്തിലെ ഇടക്കുന്നം – പഴുമല പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം : ലക്ഷ്യം നേടിയില്ല

**കോട്ടയം ജില്ലാ പഞ്ചായത്ത്** — **ഓഡിറ്റ് റിപ്പോർട്ട് 2010–11, ഖണ്ഡിക 3–6–2**

| | |
|---|---|
| പ്രോജക്ട് നമ്പർ | : 157/11 (പുതിയത്) |
| നിർവ്വഹണോദ്യോഗസ്ഥൻ | : ITDP പ്രോജക്ട് ഓഫീസർ |
| അടങ്കൽ | : 1679050 (വികസന ഫണ്ട്) |
| ചെലവ് | : 1553950 (വികസന ഫണ്ട്) |

മൃഗസംരക്ഷണ പ്രവൃത്തികൾ, കാർഷിക വികസന പദ്ധതികൾ എന്നിവയിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളുടെ സമഗ്ര വികസനമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 2010-11 വർഷം പ്രോജക്ടിന്റെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിൽ നിന്ന് ഉത്തരവ് നമ്പർ B3-2847/2010 തീയതി 07.08.2010 പ്രകാരം 14,14,000/- രൂപയും, ഉത്തരവ് നമ്പർ B3-2847/2010 തീയതി 01.12.2010 പ്രകാരം 1,39,950/- രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ യഥാക്രമം 08.10.2010, 13.01.2011 എന്നീ തീയതികളിലായി ട്രഷറി ബിൽ ബുക്ക് പ്രകാരം ഡി.ഡി.യായി മാറുകയും ചെയ്തു. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു. ജില്ലാപഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.

1) <u>നിർവ്വഹണ ചുമതല കൈമാറി</u>

പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് നിയമിച്ചത് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറെ (കാഞ്ഞിരപ്പള്ളി) ആണ്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ യാതൊരു ചുമതലയും അദ്ദേഹം ഏറ്റെടുത്തിട്ടില്ല. പകരം പദ്ധതി തുക പൂർണ്ണമായി തന്റെ കീഴുദ്യോഗസ്ഥനായ പുഞ്ചവയൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ (ടി.ഇ.ഒ) മുൻകൂറായി ഏൽപ്പിക്കുക മാത്രമാണുണ്ടായത്.

LOCAL FUND AUDIT DEPARTMENT

**2) വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പിലാക്കി**

ഊരുകൂട്ടം ചേർന്ന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റാണ് പ്രോജക്ട് പ്രകാരമുള്ള ധനസഹായങ്ങൾക്ക് അടിസ്ഥാനമാക്കിയതെങ്കിലും ഈ ഗുണഭോക്തൃ ലിസ്റ്റിന് പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചതായി ഫയലുകളിൽ നിന്ന് വ്യക്തമല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായ അറിവുണ്ടായിരുന്നില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.07.2007 ലെ ജി.ഒ(എം. എസ്)183/07 ഖണ്ഡിക 6-1 പ്രകാരം ജില്ലാ പഞ്ചായത്തുകളെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആസ്തി വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിൽ നിന്ന് വിലക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ടി.ഇ.ഒ വഴി നേരിട്ട് ജില്ലാ പഞ്ചായത്തിൽ നിന്ന് നൽകുകയാണുണ്ടായത്.

**3) സബ്സിഡി നിരക്കുകൾ ബാധകമാക്കിയില്ല**

വ്യക്തിഗതാനുകൂല്യങ്ങൾക്ക് സബ്സിഡി നിശ്ചയിച്ചു കൊണ്ട് സർക്കാർ തയ്യാറാക്കിയ പുതുക്കിയ മാർഗ്ഗരേഖ (ജി.ഒ(എം.എസ്) 199/2008/തസ്വഭവ തീയതി 11.07.2008) അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മൃഗസംരക്ഷണ തൊഴിലിൽ ഏർപ്പെടുന്നവർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനവും നാമമാത്ര കർഷകർക്ക് 33 1/3 ശതമാനവുമാണ് അനുവദിക്കാവുന്ന പരമാവധി സബ്സിഡി.യൂണിറ്റ് കോസ്റ്റിന്റെ ഉയർന്ന പരിധി 20000/-രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ബി.പി.എൽ/എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചു. ചിലയിനങ്ങളിൽ യൂണിറ്റ് കോസ്റ്റ് 20000/-രൂപയിൽ അധികമായി കണക്കാക്കി മുഴുവൻ തുകയും സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രോജക്ട് പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് | സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തേണ്ടിയിരുന്നത് | സബ്സിഡി നൽകിയത് | സബ്സിഡി നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| പശു വളർത്തൽ 15 യൂണിറ്റ് | 30000 | 20000 | 450000 | 150000 | 300000 |
| ആട് വളർത്തൽ 45 യൂണിറ്റ് | 16000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 751500 | 375750 | 375750 |
| 9 യൂണിറ്റ് മുട്ടനാട് | 9 X 3500 = 31500 | | | | |
| പന്നി വളർത്തൽ 7 യൂണിറ്റ് | 27500 | 20000 | 192500 | 70000 | 122500 |
| മുയൽ വളർത്തൽ 4 യൂണിറ്റ് | 5000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 20000 | 10000 | 10000 |
| | | | 1414000 | 605750 | 808250 |

അധികം ചെലവഴിച്ച 8,08,250/-രൂപ (ഡിഡി നം.295278/20.10.2010 പ്രകാരം) തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24.07.2007 ലെ ജി.ഒ (എം.എസ്)/183/07 ഖണ്ഡിക 2.2 അനുസരിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

**4) സ്ഥല പരിശോധനയിൽ ലഭിച്ച വിവരം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(5) എന്നിവ അനുസരിച്ച് പഴുമല, ഇടക്കുന്നം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഓഡിറ്റ് ടീം സന്ദർശനം നടത്തുകയും ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ആരായുകയുമുണ്ടായി. ഇപ്രകാരം ലഭിച്ച വിവരമനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ ആടുകളിൽ പലതും വിതരണം ചെയ്ത് മാസങ്ങൾക്കുള്ളിൽ തന്നെ ചത്തു പോവുകയും മറ്റുള്ളവയ്ക്ക് ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തെന്ന് വ്യക്തമായി.

ശ്രീ രാജു ജോസഫ് (പാമ്പൂരിക്കൽ, ചേനപ്പാടി) എന്ന കച്ചവടക്കാരൻ മുഖേനയാണ് ആടുകളെ വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്കിണങ്ങും വിധം ആടുകളെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. ജി.ഒ(എം.എസ്)199/2008 തസ്വഭവ തീയതി 11.07.2008 അനുസരിച്ച് ബന്ധപ്പെട്ട

LOCAL FUND AUDIT DEPARTMENT

ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുത്ത സമിതി രൂപീകരിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നാണ് പശുക്കളെ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരമല്ല വാങ്ങിയത്.

പന്നിക്കുഞ്ഞുങ്ങൾക്ക് ആരോഗ്യകരമായി വളരാൻ സാധിക്കാത്ത വേനൽക്കാലത്ത് അവയെ ലഭ്യമാക്കിയതും ഗുണഭോക്താക്കൾക്ക് ഗുണം ചെയ്തില്ല. പലരും പന്നികളെ വിറ്റഴിക്കുകയാണുണ്ടായത്. മൃഗ സംരക്ഷണത്തിനായി തയ്യാറാക്കിയ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവിൽ നിരാകരിച്ച 8,08,250/-രൂപ കഴിച്ചുള്ള 6,05,750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതൊരു രേഖയും നിർവ്വഹണോദ്യോഗസ്ഥനായ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ സൂക്ഷിച്ചിട്ടില്ല. ജി.ഒ(പി)77/06/ധന തീയതി 12.04.2006 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ (ടി. ആർ.7എ) ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ നിന്ന് പദ്ധതി നിർവ്വഹണത്തിനായി ഏൽപ്പിച്ച പണത്തിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കാത്തതും ജില്ലാ പഞ്ചായത്ത് ഫണ്ടിന് മാത്രമായി സബ്സിഡി ക്യാഷ് ബുക്ക് സൂക്ഷിക്കാത്തതും ഗുരുതരമായ കൃത്യവിലോപമാണ്.

ജില്ലാ പഞ്ചായത്തിൽ നിന്ന് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക നിർവ്വഹണോദ്യോഗസ്ഥൻ (ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ) ട്രഷറിയിൽ നിന്ന് പിൻവലിച്ച് ടി.ഇ.ഒയ്ക്ക് കൈമാറുകയും ടി.ഇ.ഒ ഈ തുക എസ്. ബി. റ്റിയിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച് പദ്ധതി പണം ട്രഷറിയിലല്ലാത്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ജി.ഒ(പി)612/95/ഫിൻ തീയതി 04.10.1995, സർക്കുലർ നം. 27188/സ1/96/തസ്വഭവ തീയതി 03.01.1997 എന്നിവ പ്രകാരം ധനദുർവിനിയോഗമായി കണക്കാക്കി 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് പ്രകാരം ലഭിക്കുന്ന തുകകളും ടി.ഇ.ഒ ഈ എസ്.ബി.റ്റി അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കുന്നതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകൾ പ്രസ്തുത വർഷം തന്നെ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ എന്ന് ബാങ്ക് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നില്ല. 2010-11 ലെ ചെലവ് സംബന്ധിച്ച വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് റിക്വസിഷൻ 27.02.2012 ന് കൈപ്പറ്റിയിട്ടും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

ഇപ്രകാരമുള്ള അപാകതകളിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടുകയോ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാകുന്നു. പദ്ധതിപ്പണം ചെലവഴിക്കുന്നതിലുപരി പ്രോജക്ട് കൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്ക് സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നൽകാനോ പ്രോജക്ട് വിജയകരമായി നടപ്പാക്കാനോ ശ്രമം ഉണ്ടായിട്ടില്ല. ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടാകാതിരുന്നതും പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് തടസ്സമായി.

ഓഡിറ്റ് പരാമർശത്തിന് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ നൽകിയ വിശദീകരണം (കത്ത് നം. ജി-1795/12 തീയതി 27.02.2012) തൃപ്തികരമല്ല.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 03.01.2013 ലെ എൽ.എഫ്.കെ.പി.1/774/2012 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തധികൃതരെ അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** :

ശ്രീമതി. ആഗ്നസ് മാത്യു,
ഐ.റ്റി.ഡി.പി.പ്രോജക്ട് ഓഫീസർ,
പട്ടശ്ശേരിൽ വീട്, കട്ടച്ചിറ പി.ഒ, കോട്ടയം

LOCAL FUND AUDIT DEPARTMENT

## 4.4.3. മതിപ്പ് വില പോലും ഈടാക്കാതെ കെ. എസ്. ഇ. ബി.ക്ക് വസ്തു കൈമാറി ; നഗരസഭയ്ക്ക് ഭീമമായ നഷ്ടം

**കോട്ടയം നഗരസഭ** **ഓഡിറ്റ് റിപ്പോർട്ട് 2008-09**
**ഖണ്ഡിക 2-7**

- വസ്തുവിന്റെ മതിപ്പുവില പോലും കണക്കാക്കാതെ കെ.എസ്.ഇ.ബിക്ക് ഭൂമി കൈമാറി
- കളക്ടർ നിശ്ചയിച്ച വില ഫെയർ വാല്യൂവിനേക്കാൾ 5 കോടിയോളം രൂപ കുറവ്

31.12.2004 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം കെ.എസ്.ഇ.ബിയുടെ വികസനത്തിന് നഗരസഭയുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനം 10.01.2005 ലെ നഗരസഭാകൗൺസിൽ അംഗീകരിച്ചു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക എന്നത് കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭയുടെ അനിവാര്യ ചുമതലയിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെടുന്നതല്ല. എന്നാൽ കോടിമത എന്ന സ്ഥലത്ത് വിവിധോദ്ദേശ പദ്ധതിക്കായി നഗരസഭ ഏറ്റെടുത്ത 1.69 ഏക്കർ ഭൂമി 110 കെ. വി സബ് സ്റ്റേഷൻ സ്ഥാപിക്കാൻ കെ.എസ്.ഇ.ബിക്ക് കൈമാറി. 6,84,21,002/- രൂപ ഫെയർ വാല്യൂ ഉള്ള വസ്തുവാണ് 10.08.2006 ലെ 2006/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയത്. ഇതുപ്രകാരം നഗരസഭയ്ക്ക് ലഭിച്ചത് കേവലം 92,09,726/-രൂപയാണ്. ഇതു വഴി 5,92,11,276/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രദേശത്ത് നിലവിലുള്ള കമ്പോളവിലയുമായി താരതമ്യം ചെയ്താൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വ്യാപ്തി ഇതിലും കൂടുവാൻ സാധ്യതയുണ്ട്.

കെ.എസ്.ഇ.ബിക്ക് വിറ്റ സ്ഥലത്തിന്റെ ഒരു ഭാഗം 1995 ൽ നഗരസഭ ഹൗസിംഗ് പ്ലോട്ടുകളായി തിരിച്ച് സെന്റിന് 17000/- രൂപയ്ക്ക് വിറ്റിട്ടുള്ളതാണ്. ഈ നിരക്കിൽ വിറ്റ വസ്തുവിന്റെ സമീപത്തുള്ള വസ്തുവിന്റെ 2008-09 ൽ ഉണ്ടാകുമായിരുന്ന സ്വാഭാവിക വില വർദ്ധനവ് പരിഗണിക്കാതെ ചതുപ്പു നിലമായി കണക്കാക്കിയാണ് കളക്ടർ വില നിശ്ചയിച്ചത്. ആദ്യം ഒരു സെന്റിന് 8,843/-രൂപ നിശ്ചയിച്ചത് നഗരസഭ അംഗീകരിക്കാത്തതിനെത്തുടർന്ന് 42000/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ചു. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതിനിടെ സ്ഥലം വിൽപ്പന നഷ്ടമാകുമെന്ന നിഗമനത്തിൽ നഗരസഭ എത്തുകയും 20.11.2006 ലെ കൗൺസിൽ യോഗം സ്ഥലം വിൽക്കേണ്ടതില്ലെന്ന തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനം പുന: പരിശോധിച്ച 11.08.2008 ലെ കൗൺസിൽ യോഗം കളക്ടർ നിർണ്ണയിച്ച വിലയ്ക്കും അതിന്മേൽ 30% വർദ്ധനയും ഉൾപ്പെടെ സ്ഥലം വിൽപ്പന അംഗീകരിച്ചു. തുടർന്ന് 18.12.2008 ൽ കെ.എസ്.ഇ.ബി സ്ഥലവിലയായി 9209726/- രൂപ നഗരസഭയ്ക്ക് നൽകി. കെ.എസ്.ഇ.ബിക്ക് നൽകിയ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വസ്തു ഉടമകൾ നൽകിയ കേസുകൾ ഇപ്പോഴും കോടതിയിൽ നിലനിൽക്കുകയാണ്. ഈ കേസുകളുടെ ( LAR കേസുകൾ) അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകേണ്ടി വരുകയാണെങ്കിൽ നഗരസഭ കൈയ്യൊഴിഞ്ഞ ഭൂമിക്കുവേണ്ടിയുള്ള നഷ്ടപരിഹാരം (നഗരസഭയാണ് ഭൂമി അക്വയർ ചെയ്തത് എന്നതിനാൽ) നഗരസഭ വഹിക്കേണ്ടതായ സാഹചര്യവും വന്നുചേർന്നേക്കാം.

സ്ഥലം വിൽപ്പനയുടെ ഒരു ഘട്ടത്തിൽ കൈമാറുന്ന സ്ഥലത്തിന്റെ വിലയിൽ ഒരു ഭാഗമായി കെ.എസ്.ഇ.ബിയുടെ ഉടമസ്ഥതയിലുള്ള (നഗരാതിർത്തിയിലുള്ള) ശാസ്ത്രി റോഡിലെ 50 സെന്റ് സ്ഥലം നഗരസഭ ആവശ്യപ്പെട്ടതാണ്. കെ.എസ്.ഇ.ബി വിസമ്മതിച്ചതോടെ നഗരസഭ ഈ ആവശ്യത്തിൽ നിന്നും പിൻവാങ്ങുകയാണുണ്ടായത്. ആവശ്യത്തിൽ ഉറച്ചു നിന്നിരുന്നെങ്കിൽ നഗരസഭയ്ക്ക് സ്ഥലം വിൽപ്പനയിലെ നഷ്ടം ഭാഗികമായി പരിഹരിക്കാനും നഗരമധ്യത്തിൽ 50 സെന്റ് സ്ഥലം ലഭിക്കാനും ഇടയാകുമായിരുന്നു.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ഇക്കാര്യത്തിൽ സാങ്കേതികമായി പാലിക്കപ്പെട്ടെങ്കിലും നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായി ഭവിച്ചു. കളക്ടർ നിശ്ചയിക്കുന്ന നാമമാത്രമായ തുകയ്ക്ക് വസ്തു കൈയ്യൊഴിയേണ്ട സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ നഷ്ടപ്പെടാനിടയാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു ഏറ്റെടുക്കുമ്പോൾ ഫെയർ വാല്യൂ എങ്കിലും നൽകുന്ന വിധത്തിൽ വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിൽ കാലികമായി ഭേദഗതികൾ വരുത്തേണ്ട ആവശ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ സവിശേഷ ശ്രദ്ധ പതിയേണ്ടതുണ്ട്.

LOCAL FUND AUDIT DEPARTMENT

ഈ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം നഗരസഭാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 13.12.2012, 27.12.2012 എന്നീ തീയതികളിലെ എൽ. എഫ്. കെ. എം.3/559/2013 നമ്പർ കത്തുകൾ പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

## 4.4.4. ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീതജലധാര പ്രവർത്തനരഹിതം ; 28.34 ലക്ഷം രൂപ പാഴായി

**കോട്ടയം നഗരസഭ** **ഓഡിറ്റ് റിപ്പോർട്ട് 2008-09**
**ഖണ്ഡിക 3-1**

- വരുമാനദായകമായ പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്ത പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.
- മതിയായ സെക്യൂരിറ്റി സംവിധാനത്തിന്റെ അഭാവത്തിൽ വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ടു.
- ജലധാരയുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാൻ നഗരസഭ നടപടികൾ സ്വീകരിച്ചില്ല.

നഗരസഭയുടെ നവീകരിക്കപ്പെട്ട ജൂബിലി മെമ്മോറിയൽ പാർക്കിനോട് അനുബന്ധിച്ചുള്ള 5 സെന്റ് സ്ഥലത്ത് സംഗീതജലധാര (ഡാൻസിംഗ് ഫൗണ്ടൻ) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും (ഗ്യാലറി) മറ്റ് അനുബന്ധ സജ്ജീകരണങ്ങൾക്കും വേണ്ടി 2005-06 വർഷം 2834362/-രൂപ ചെലവഴിച്ചു. അനുബന്ധ സജ്ജീകരണമൊരുക്കലിനും തുടർ നടത്തിപ്പിനുമായി M/s ബി.എൻ.എ ടെക്നോളജീസ് കൺസൾട്ടിംഗ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി നഗരസഭ ഏർപ്പെട്ട കരാറിലെ പല വ്യവസ്ഥകൾ സംബന്ധിച്ചും വിരുദ്ധമായ വ്യാഖ്യാനങ്ങളാണ് ഇരു ഭാഗങ്ങളും ഉന്നയിക്കുന്നത്. കരാറിലെ 8-ാം നമ്പർ വ്യവസ്ഥ പ്രകാരം ജലധാര കമ്മീഷൻ ചെയ്ത തീയതി മുതൽ ഒരു വർഷക്കാലം പൂർണ്ണമായ ഗ്യാരന്റി പിരീഡും തുടർന്നുള്ള 5 വർഷക്കാലം ഫ്രീ മെയിന്റനൻസ് പിരീഡും ആണെന്ന് നഗരസഭ വാദിക്കുന്നു. എന്നാൽ Run Operating Maintenance (ROM) കരാർ വ്യവസ്ഥയനുസരിച്ച് പ്രതിമാസം നൽകേണ്ട 17,500/-രൂപ കൃത്യമായി നൽകുന്നതിൽ നഗരസഭ വീഴ്ച വരുത്തിയെന്നും ആയതിനാൽ 12/09 ൽ അവസാനിക്കുന്ന കരാർ പുതുക്കാൻ തങ്ങൾക്ക് താൽപര്യമില്ലെന്നും പ്രസ്തുത സംവിധാനം തുടർന്ന് പ്രവർത്തിപ്പിക്കാൻ നഗരസഭ ബദൽ മാർഗ്ഗം സ്വീകരിക്കണമെന്നും ബി.എൻ.എ ടെക്നോളജീസ് അറിയിച്ചിരുന്നു.

പ്രതിമാസം 78,750/-രൂപയെങ്കിലും വരവ് ലഭിക്കും എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും ശരാശരി വരവ് 3,000/-രൂപയിൽ താഴെ മാത്രമായിരുന്നു. എന്നാൽ മെയിന്റനൻസ് ചാർജ്, വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, സെക്യൂരിറ്റി ജീവനക്കാരന്റെ ശമ്പളം എന്നീയിനങ്ങളിൽ നഗരസഭയ്ക്ക് പ്രതിമാസം ശരാശരി 20000/- രൂപയോളം ആവർത്തനച്ചെലവ് ഉണ്ടാകുന്നു.

ഇടയ്ക്കിടെ പ്രവർത്തനരഹിതമാവുകയും നന്നാക്കുകയും ചെയ്യപ്പെട്ടിരുന്ന ജലധാര 2010 മുതൽ തുടർച്ചയായി (നാളിതുവരെ) പ്രവർത്തനരഹിതമായി കിടക്കുന്നു. ജലധാര പ്രവർത്തിപ്പിക്കുന്ന കൺട്രോൾ റൂമിൽ സൂക്ഷിച്ചിരുന്ന വിലയേറിയ കമ്പ്യൂട്ടർ, ആംപ്ലിഫയർ, സ്പീക്കറുകൾ മുതലായവ അപഹരിക്കപ്പെട്ടതായി ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഇത് സെക്യൂരിറ്റി സംവിധാനത്തിന്റെ പോരായ്മ വ്യക്തമാക്കുന്നു. ജലധാരയ്ക്കു് മാത്രമായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിച്ചിരുന്നതും 02/11 വരെ പ്രതിദിനം 150/- രൂപ നിരക്കിൽ വേതനം നൽകിയിരുന്നതുമാണ്.

30 ലക്ഷത്തോളം രൂപ ചെലവഴിച്ച് ആർജിച്ച ആസ്തിയുടെ പരിപാലനത്തിൽ തികഞ്ഞ അലംഭാവമാണ് നഗരസഭ കാണിച്ചത്.വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ട വിവരം യഥാസമയം അധികൃതർ അറിഞ്ഞിട്ടില്ല. ജലധാര സംവിധാനം പൂർണ്ണമായി പ്രവർത്തനരഹിതമായിട്ടും സെക്യൂരിറ്റി സ്റ്റാഫിന്റെ ശമ്പളം ഉൾപ്പെടെയുള്ള ആവർത്തനച്ചെലവുകൾ ഉണ്ടായിട്ടുണ്ട്. ഭീമമായ മൂലധനച്ചെലവ് ഉണ്ടായിട്ടുള്ളതിനാൽ ജലധാരയുടെ കേടുപാടുകൾ പരിഹരിക്കാനും, കരാർ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ കൺസൾട്ടിംഗ് സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കാനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം അറ്റകുറ്റപ്പണി നടത്താനാവാത്തവിധം ജലധാരയും, മറ്റ് അനുബന്ധ സജ്ജീകരണങ്ങളും നാശോന്മുഖമായി എന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു.

ഈ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം നഗരസഭാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 13.12.2012, 27.12.2012 എന്നീ തീയതികളിലെ എൽ. എഫ്. കെ. എം.3/559/2013 നമ്പർ കത്തുകൾ പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

## 4.5. തൃശ്ശൂർ ജില്ല

### 4.5.1. മത്സ്യമാർക്കറ്റ് നവീകരണം – വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമായില്ല – 2311498/– രൂപയുടെ ചെലവ് നിഷ്ക്രിയമായി

**കൊടുങ്ങല്ലൂർ നഗരസഭ** **ഓഡിറ്റ് റിപ്പോർട്ട് 2009–10**
**ഖണ്ഡിക 3(27))**

കൊടുങ്ങല്ലൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു (ഉത്തരവ് നമ്പർ ഡി/2170/06, തീയതി 17.01.2007). ഇതു പ്രകാരം നഗരസഭ 17.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയെങ്കിലും 12,08,000/- രൂപയാണ് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചത് (റോഡ് നിർമ്മാണത്തിന് വകയിരുത്തിയ 5,42,000/- രൂപ ഒഴിവാക്കി). അധിക ഫണ്ട് അനുവദിക്കുകയില്ലെന്ന് 16.06.2007 ലെ എസ്.എ.എഫ് 15/07 നമ്പർ ഉത്തരവിലൂടെ ഫിഷറീസ് വകുപ്പധികൃതർ അറിയിച്ചിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി നഗരസഭ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഏറ്റെടുക്കുവാൻ ആരും മുന്നോട്ടു വന്നില്ല. തുടർന്ന്, തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. ആർ. ജയചന്ദ്രനെക്കൊണ്ട് വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി. സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് കെമിക്കൽ എഞ്ചിനീയറെക്കൊണ്ട് തയ്യാറാക്കിച്ചത് ശരിയായ നടപടിയല്ല.എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | തുക (രൂപ) |
|---|---|---|
| 1. | സിവിൽ വർക്കുകൾ | 850000 |
| 2. | ഉപകരണങ്ങൾ | 1050000 |
| 3. | പ്ലംബിങ് | 50000 |
| 4. | ഇലക്ട്രിക്കൽ ജോലികൾ | 125000 |
| | **ആകെ** | **2075000** |

തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കളമശ്ശേരിയിലെ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു (19.03.2008 ൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു). ഒട്ടാകെ 23,11,498/- രൂപ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിനേക്കാളും 2,36,498/ രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| ക്രമ നം. | ഇനം | തുക (രൂപ) | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | റോളിംഗ് ഷട്ടർ, കാന നിർമ്മാണം | 143612 | വൗച്ചർ നം. 91/4-08 ചെക്ക് നം. 102946/11.4.08 |
| | | 92886 | വൗച്ചർ നം. 82/4-09 ചെക്ക് നം. 111886/20.4.09 |
| 2. | പ്ലാന്റ് നിർമ്മാണം | 300000 | ചെക്ക് നം. 118027/4.6.09 |
| | | 775000 | ചെക്ക് നം. 121553/18.5.10 |
| | | 400000 | ചെക്ക് നം. 126034/31.8.10 |
| | | 200000 | ചെക്ക് നം. 126074/27.9.10 |
| | | 200000 | ചെക്ക് നം. 126125/14.10.10 |
| | | 200000 | ചെക്ക് നം. 969072/22.12.10 |
| **ആകെ** | | **2311498** | |

ഫിഷറീസ് വകുപ്പിൽ നിന്നും രണ്ടു ഘട്ടങ്ങളായാണ് 12,08,000/-രൂപ നഗരസഭയ്ക്ക് ലഭിച്ചത്. (11.04.08 ൽ 154821/-രൂപ, 25.02.09 ൽ 10,53,179/- രൂപ). മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള

പി.സി.ബി/ഡി.ഒ/ടി.എസ്.ആർ/എഫ്/ഐ.സി/635/2009 ഉത്തരവ് പ്രകാരം 29.4.2009 മുതൽ 31.03.2012 വരെ പ്ലാന്റിന് പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്.

**പദ്ധതിയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ള അപാകതകൾ ഇനിപ്പറയുന്നു.**

1) വൻകിട മത്സ്യമാർക്കറ്റുകളിൽ സ്ഥാപിക്കേണ്ട, ദിനംപ്രതി 30000 ലിറ്റർ ശേഷിയുള്ള പ്ലാന്റാണ് കേവലം 10 ഫിഷ്സ്റ്റാളുകൾ മാത്രമുള്ള മാർക്കറ്റ് -കം -ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുള്ളത്. ഫിഷ്സ്റ്റാളുകൾ ഇതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

2) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡോ.ജയചന്ദ്രനെ നിയോഗിക്കൽ, ഷട്ടർ, കാന എന്നിവയുടെ നിർമ്മാണം, എസ്റ്റിമേറ്റ് അംഗീകരിക്കൽ, ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് കമ്പനിയുമായി പ്ലാന്റ് നിർമ്മാണത്തിനുള്ള ഉടമ്പടി ഒപ്പുവെക്കൽ തുടങ്ങി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ, പ്ലാന്റ് നിർമ്മാണത്തിനു ശേഷം XV/10.2.10 തീരുമാനപ്രകാരമാണ് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്.

3) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് അധികൃതർ തയ്യാറാക്കിയ പ്രോജക്ട് വിദഗ്ദസമിതികളൊന്നും വിലയിരുത്തിയിട്ടില്ല.

4) 3/2008 ൽ കരാറുകാരൻ വിതരണം ചെയ്ത 11.50 ലക്ഷം രൂപ വിലയുള്ള ഉപകരണങ്ങൾ ഉറപ്പിച്ച് പ്ലാന്റ് തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂല്യനിർണ്ണയം, ക്ഷമതാ പരിശോധന എന്നിവ നടത്തിയിട്ടില്ല. കരാർ പ്രകാരം പൂർത്തീകരണ തീയതി മുതൽ രണ്ടു വർഷമാണ് ഗ്യാരണ്ടി കാലാവധിയെങ്കിലും, പ്ലാന്റ് ഒരിക്കൽപ്പോലും പ്രവർത്തിച്ച് ബോധ്യപ്പെടാതെ ഗ്യാരണ്ടി കാലയളവ് അവസാനിച്ചു.

5) ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ സിവിൽ - ഇലക്ട്രിക്കൽ വർക്കുകളുടെ അളവുകൾ, സ്പെസിഫിക്കേഷനുകൾ, പ്ലാൻ, നിരക്കുകൾ എന്നിവയൊന്നും പ്രത്യേകമായി കരാറിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളുടെ മൂല്യനിർണയവും നടത്തിയിട്ടില്ല.

6) ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന തുക പരിഗണിക്കാതെ കൂടിയ തുകയ്ക്ക് പദ്ധതി തയ്യാറാക്കിയതിനാൽ നഗരസഭയുടെ തനതുഫണ്ടിൽ നിന്നും 11 ലക്ഷം രൂപയുടെ ശോഷണമുണ്ടായി.

ഓഡിറ്റ് ടീം 28.11.2011 ൽ പ്ലാന്റ് സന്ദർശിച്ച്, പ്രവർത്തിക്കുന്നില്ല എന്നത് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. വേണ്ടത്ര ആസൂത്രണവും, ദീർഘവീക്ഷണവുമില്ലാതെ മേൽ പദ്ധതി നടപ്പാക്കിയതിലൂടെ 23,11,498/- രൂപയുടെ പാഴ്ചെലവുണ്ടായിരിക്കുകയാണ്.

മേൽ ഓഡിറ്റ് ഖണ്ഡികക്ക് 12.04.2012 ലെ എ-1-443/12-ാം നമ്പർ കത്തിലൂടെ നഗരസഭാധികൃതർ മറുപടി ലഭ്യമാക്കിയിരിക്കുന്നു. മത്സ്യ-മാംസ മാർക്കറ്റുകൾ പൂർണ്ണമായും ലേലം കൊള്ളുന്ന മുറയ്ക്ക് പ്ലാന്റ് പ്രവർത്തിക്കുന്നതാണ് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽ പ്രവൃത്തിയിൽ സംഭവിച്ചിട്ടുള്ള അപാകതകൾക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

**ഉത്തരവാദികളായവർ** :

1. ശ്രീ. ജി.സുധാരകരൻ(റിട്ട),
   ആരണ്യകം, നെടുമങ്ങാട്, തിരുവനന്തപുരം
2. ശ്രീ. എൻ.സന്തോഷ്കുമാർ (തൃക്കാക്കര നഗരസഭ),
   അടത്തിൽ വീട്, ചേർത്തല,
   ആലപ്പുഴ
3. ശ്രീ. സി.വിജയമോഹൻ, S/o ചെല്ലപ്പൻ,
   ബി.എം.സി.മന്ദിരം, വേങ്ങോട്, നെടുമങ്ങാട് പി.ഒ,
   തിരുവനന്തപുരം

LOCAL FUND AUDIT DEPARTMENT

## 4.5.2. ലക്ഷങ്ങൾ വിലയുള്ള കൊയ്ത്ത്– മെതിയന്ത്രം ഉപയോഗിക്കുന്നില്ല

**ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്** | **ഓഡിറ്റ് റിപ്പോർട്ട് 2009–10**
**ഖണ്ഡിക 3(3)**

- പാടശേഖരത്തിന് അനുയോജ്യമല്ലാത്ത കൊയ്ത്ത് മെതിയന്ത്രം വാങ്ങുകയും ഉപയോഗയോഗ്യമാക്കാതെ സൂക്ഷിക്കുകയും ചെയ്തത് മൂലം 1682920/- രൂപയുടെ നഷ്ടമുണ്ടായി.
- പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം ഉപയോഗരഹിതമായി സൂക്ഷിച്ചിരിക്കുന്നു. ആകെ 10 മണിക്കൂർ മാത്രമാണ് യന്ത്രം പ്രവർത്തിച്ചിട്ടുള്ളത്.

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 16,82,920/-രൂപ (ബിൽ നം. 1 തീയതി : 27.1.2010, ഡി.ഡി.നം.191993 തീയതി : 3.2.2010) ചെലവഴിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണത്തിൽ റെയ്ഡ്ക്കോയിൽ നിന്ന് കൊയ്ത് മെതിയന്ത്രം വാങ്ങി. യന്ത്രത്തിന്റെ ഗുണനിലവാരം പരിശോധിക്കാതെ 7.4.2010 ന് സ്റ്റോക്കിലെടുത്ത് 9.4.2010 ന് പുന്നയൂർക്കുളം പഞ്ചായത്തിൽപ്പെടുന്ന പറ്റൂർ പടവ് പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം 10 മണിക്കൂർ പ്രവർത്തിച്ചുവെങ്കിലും, തുടർന്ന് നാളിതുവരെ യന്ത്രം ഉപയോഗിച്ചിട്ടില്ല.

11.5.2009 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 25,58,304/-രൂപ വകയിരുത്തി കൊയ്ത്ത് മെതിയന്ത്രം വാങ്ങാൻ ജില്ലാ ആസൂത്രണ സമിതി 19.5.2009 ൽ അംഗീകാരം നൽകി. എന്നാൽ പ്രോജക്ടിലെ ഇനം 2 ൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 500 ഹെക്ടർ സ്ഥലത്തേ നെൽകൃഷിയുള്ളൂ എന്നും പുന്നയൂർക്കുളം പഞ്ചായത്തിൽ ഇപ്പോൾ തന്നെ ഒരു കൊയ്ത്തു മെതിയന്ത്രം ഉണ്ട് എന്നതിനാലും ബാക്കി കൃഷികളെ അവഗണിച്ച് 25 ലക്ഷം രൂപ ചെലവഴിച്ച് വീണ്ടും വാങ്ങുന്നത് അഭികാമ്യമല്ലെന്നും വിഷയ മേഖലാ ഉപസമിതിയുടെ 14.5.2009 ലെ ധന-ബി-21/09-10 കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 2.7.2009 ലെ യോഗം 25 ലക്ഷം രൂപയുടെ യന്ത്രം വാങ്ങേണ്ടെന്നും 8 ലക്ഷം രൂപ വിലവരുന്ന വൈക്കോൽ നശിക്കാത്ത യന്ത്രം വാങ്ങിയാൽ മതിയെന്നും തീരുമാനിച്ചു.

എന്നാൽ 12.1.2010 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത റെയ്ഡ്ക്കോയുടെ 16,82,920/- രൂപയുടെ ടെണ്ടർ അംഗീകരിച്ചു. ഇത്തരത്തിൽ വാങ്ങൽ നടത്താൻ നടപടിയെടുത്തതിന് ശേഷമാണ് 15.2.2010 ൽ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചത്. 22.2.2010 ലെ നിർവ്വഹണഉദ്യോഗസ്ഥയുടെ കത്തിൽ പ്രോജക്ടിനെക്കുറിച്ച് പുനരാലോചിക്കണമെന്നും സാദ്ധ്യമെങ്കിൽ ഈ പ്രോജക്ടിനായി വകയിരുത്തിയ തുക മറ്റേതെങ്കിലും പ്രോജക്ടിലേക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടു. മേൽ നിർദ്ദേശം പരിഗണിക്കാതെ യന്ത്രം വാങ്ങി.

പാടശേഖര സമിതിക്ക് കൈമാറിയ യന്ത്രം ദിവസം 10 മണിക്കൂർ പ്രവർത്തിച്ചതിന് 600/-രൂപ നിരക്കിൽ 6,000/-രൂപ ഈടാക്കി. പിന്നീട് യന്ത്രം ഒരു തവണ പോലും ഉപയോഗിച്ചിട്ടില്ല. യന്ത്രത്തിന്റെ നിർമ്മാണത്തിലെ സാങ്കേതികമായ പോരായ്മകൾ മൂലവും പറ്റൂർ പാടശേഖരം സമുദ്ര നിരപ്പിൽ നിന്നും താഴെയായതിനാൽ ഉപ്പ് വെള്ളം കയറുന്നതിനാലും യന്ത്രം ഉപയോഗിക്കാൻ പ്രയാസം നേരിടുന്നതായി പാടശേഖരസമിതി അറിയിക്കുകയുണ്ടായി. എന്നാൽ യന്ത്രം വാങ്ങുന്നതിന് മുമ്പ് ഇത്തരം പോരായ്മകൾ ചർച്ച ചെയ്തതായി കാണുന്നില്ല. തുടർപ്രവർത്തന അവലോകനത്തിനായി രൂപീകരിച്ച സമിതിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. 7.3.2011 ലെ പാടശേഖര സമിതിയുടെ കത്ത് പ്രകാരം ബണ്ട് നിർമ്മാണം നടക്കാത്തതിനാൽ നിലവിൽ കൃഷി നടത്താൻ കൂടി പ്രയാസമാകയാൽ യന്ത്രത്തിന്റെ ആവശ്യമില്ലെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

ആസൂത്രണ വിഷയ ഉപസമിതിയുടെ ശുപാർശ മാനിക്കാതെയും, ആവശ്യകത കണക്കിലെടുക്കാതെയും പാടശേഖരത്തിന് അനുയോജ്യമല്ലാത്ത യന്ത്രം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചു വാങ്ങുകയും കേവലം മണിക്കൂറുകൾ മാത്രം പ്രവർത്തിപ്പിച്ച് നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതും ഗൗരവപൂർണ്ണമായ അനാസ്ഥയാണ്. മേൽ തുകയുടെ നഷ്ടത്തിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളാണ്.

18.04.13 ലെ എൽ.എഫ്.ടി.എസ്.1-2182/12-ാം നമ്പർ കത്തിലൂടെ മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം അറിയിച്ചിരുന്നു. എന്നാൽ, 2009-10 വർഷത്തിൽ വാങ്ങിയ യന്ത്രം കേടുപാടുകൾ

LOCAL FUND AUDIT DEPARTMENT

കണ്ടതുകൊണ്ട് 06.03.12 ൽ ബ്ലോക്ക്തല കമ്മിറ്റി കൂടി, ഉപയോഗപ്രദമായ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് സർക്കാർ അനുമതിയോടുകൂടി കൈമാറാൻ ശുപാർശ നൽകിയിട്ടുള്ളതായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് 13.05.13 ലെ ഇ.82/2013 നമ്പർ കത്തിലൂടെ നൽകിയിട്ടുള്ളത്.

**ഉത്തരവാദികളായവർ** : 1. ശ്രീമതി. ലീലാമ്മ.എം.പി
(കൃഷി അസിസ്റ്റന്റ് ഡയറക്ടർ)
പുലിക്കോട്ടിൽ വീട്, കോനിക്കര.പി.ഒ,
ഒല്ലൂർ, തൃശ്ശൂർ.
2. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

## 4.5.3. സീതാറാം ടെക്സ്റ്റൈയിൽസിന്റെ വൈദ്യുതി ചാർജ് കുടിശ്ശിക – സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല – ഈടാക്കാനുള്ളത് 26,83,964/– രൂപ

**തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം** **ഓഡിറ്റ് റിപ്പോർട്ട് 2008–09**
**ഖണ്ഡിക 2 (2)**

സീതാറാം ടെക്സ്റ്റൈയിൽസ്, പൂങ്കുന്നം എന്ന സ്ഥാപനം 1988 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 15,54,195/- രൂപയും പിഴപലിശയിനത്തിൽ 22,59,538/-രൂപയും അടക്കം ആകെ 38,13,733/- രൂപ കുടിശ്ശിക അടയ്ക്കാനുണ്ട് (ഫയൽ നമ്പർ ഇ4-3284/08, കൺസ്യൂമർ നമ്പർ എച്ച്.ടി.I).

കുടിശ്ശിക ഇളവ് അനുവദിക്കുന്നതിലേക്കായി സീതാറാം ടെക്സ്റ്റൈയിൽസ് ലിമിറ്റഡ് ജനറൽ മാനേജർ സർക്കാരിലേക്ക് കത്തെഴുതിയിരുന്നു. 29.08.2008 ലെ സർക്കാർ ഉത്തരവ് (സാധാരണ) 3229/2008/ത.സ്വ.ഭ.വ പ്രകാരം, കുടിശ്ശികയുടെ പിഴപലിശയിനത്തിൽ 50% (11,29,769/-രൂപ) ഇളവ് അനുവദിച്ചു. എന്നാൽ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 26,83,964/-രൂപ സീതാറാം ടെക്സ്റ്റൈയിൽസ് മിൽസ് അടവാക്കുകയോ, നിയമവിധേന ഈടാക്കാൻ കോർപ്പറേഷൻ നടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

കുടിശ്ശിക ഈടാക്കുവാൻ ഫലപ്രദമായ നടപടികൾ കോർപ്പറേഷൻ അധികൃതർ കൈക്കൊണ്ടിട്ടില്ല എന്നു മാത്രമല്ല, വിഷയത്തിൽ തികഞ്ഞ അലംഭാവവും കാട്ടിയിട്ടുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നു. പിഴപലിശയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കോപ്പി ലഭിച്ചത് അവ്യക്തമായിരുന്നതിനാൽ, മറ്റൊരു പകർപ്പ് അയച്ചുതരണമെന്ന് 12.03.09 ലെ ഇ.4/3284/08 നമ്പർ കത്തിലൂടെയാണ് നഗരസഭാധികൃതർ സർക്കാരിലേക്ക് കത്തയച്ചത്. എന്നാൽ, ഏതാണ്ട് 2 വർഷത്തിനുശേഷമാണ് (01.01.11) സർക്കാരിൽ നിന്നും മേൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിരിക്കുന്നത്. സമയബന്ധിതമായി ഉത്തരവിന്റെ പകർപ്പ് ലഭിക്കാൻ കോർപ്പറേഷൻ അധികൃതർ ശ്രമിച്ചിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

നഗരസഭയുടെ 17.03.11 ൽ നടന്ന കൗൺസിൽ യോഗത്തിൽ ഒരു അജണ്ടയായി മേൽവിഷയം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 30.04.11 ലെ 62-ാം നമ്പർ തീരുമാനപ്രകാരം വിഷയം മാറ്റിവെയ്ക്കുകയാണുണ്ടായത്. നഗരസഭയ്ക്ക് ലഭിക്കാനുള്ള വലിയൊരു തുക ഈടാക്കുന്നത് സംബന്ധിച്ച് കൗൺസിൽ യോഗം തീരുമാനമൊന്നും കൈക്കൊള്ളാത്തത് വീഴ്ചയാണ്. 27.02.13 ലെ ഇ.4(ബി)/3284/08 നമ്പർ കത്തിലൂടെ, കുടിശ്ശിക തുക എത്രയും വേഗം അടവാക്കണമെന്ന് നഗരസഭ സീതാറാം ടെക്സ്റ്റൈയിൽസ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ യാതൊരുവിധ മറുപടിയും നാളിതുവരെ സീതാറാം ടെക്സൈറ്റയിൽസ് അധികൃതർ നൽകിയിട്ടില്ല.മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം 18.01.13 ലെ എൽ.എഫ്.ടി.ആർ.സി.4-828/12 നമ്പർ കത്തിലൂടെ തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ നഗരസഭാധികൃതരെ അറിയിച്ചിരുന്നു. ആയതിന് 03.05.13 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, കുടിശ്ശിക ഈടാക്കാൻ എന്തെങ്കിലും നടപടിയെടുത്തതായി പറയുന്നില്ല.

LOCAL FUND AUDIT DEPARTMENT

## 4.6. മലപ്പുറം ജില്ല

### 4.6.1. ചാലിയാർ വിനോദസഞ്ചാര പദ്ധതി ലക്ഷ്യം കൈവരിച്ചില്ല ; 7.03 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്

**വാഴക്കാട് ഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2007-08 മുതൽ 2009-10 വരെ ; ഖണ്ഡിക 3(2)**

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ചാലിയാറിന്റെ തീരത്തുള്ള കള്ളിക്കാട് കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് സെന്റർ പദ്ധതി വിഭാവനം ചെയ്തു. ഇതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 5,80,000/ രൂപ മുടക്കി സമുദ്രഷിപ്പ്യാർഡ് , അരൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ടും വാങ്ങുകയുണ്ടായി (പ്രോജക്ട് നമ്പർ എസ്.061/08, വൗച്ചർ നമ്പർ 19/04.10.2008). ബോട്ട് വാങ്ങിയതിനു പുറമേ, മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ,123,850/- രൂപ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന എളമരം എൽ.പി.എസ് ഹെഡ്മാസ്റ്റർ ചിലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു ;

| വർഷം | ചെക്ക് നമ്പർ | തുക (രൂപ) | ചെലവഴിച്ചതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 2007-08 | 0977083/31.07.2007 | 18250 | ബ്രോഷർ, പ്രിന്റിംഗ് ചാർജ് |
| 2007-08 | 1069167/15.01.2008 | 5600 | ചീഫ് എക്സി.ഓഫീസർ, തിരുവനന്ത പുരം SNGNGO ഡോ.പി. രാജന് സന്ദർശന ഫീസ് നൽകിയത് |
| 2008-09 | 0850068/21.10.2008 | 100000 | ഡോക്യുമെന്ററി നിർമ്മാണം |
| **ആകെ** | | **123850** | |

**മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട് ;**

1) പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ടൂറിസം വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നതല്ല. കൂടാതെ, മേൽ പദ്ധതി നടപ്പാക്കാനുദ്ദേശിച്ച ചാലിയാറിന്റെ തീരം വാഴക്കാടിന് പുറമേ കീഴുപറമ്പ്, ചീക്കോട് എന്നീ പഞ്ചായത്തുകളുടെ അതിർത്തികൾ കൂടി ഉൾപ്പെടുന്നതാണ്. ആയതിനാൽ പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് സർക്കാരിന്റെ മുൻകൂർ അനുമതി തേടണമായിരുന്നു. എന്നാൽ അനുമതിയില്ലാതെയാണ് ബോട്ട് വാങ്ങിയത്.

2) പദ്ധതിയെക്കുറിച്ച് സാധ്യതാപഠനം നടത്തിയില്ല.

3) നെഗോസിയേഷനു ശേഷം സമുദ്രഷിപ്പ്യാർഡിന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചത് 29.01.2008 ലെ 2(15)-ാം നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ മേൽസ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ഇതിനും മുമ്പ് 24.01.2008 നാണ്.(പഞ്ചായത്തിന്റെ 24.01.2008 ലെ എ2/734/07 നമ്പർ കത്ത്). ടെണ്ടർ അംഗീകരിക്കുന്നതിനു മുമ്പ് സപ്ലൈ ഓർഡർ നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

4) 22.09.2010 നുശേഷം ബോട്ടിന് ഇൻഷ്വറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയില്ല. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും മുമ്പ് ബോട്ട് വാങ്ങിയതിനാലും, യഥാസമയം ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവ ലഭ്യമാക്കാത്തതിനാലും ബോട്ട് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.



**വിനോദസഞ്ചാര പദ്ധതിക്കായി വാങ്ങിയ ബോട്ട് നാശോന്മുഖമായ നിലയിൽ**

LOCAL FUND AUDIT DEPARTMENT

24.04.2009 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ബോട്ടുപയോഗിച്ച് വാട്ടർ സ്പോർട്സ് സെന്റർ ആരംഭിക്കുവാൻ പഞ്ചായത്തിന് അനുമതി നൽകുവാൻ സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ മേൽ അപേക്ഷ സർക്കാർ നിരസിക്കുകയാണുണ്ടായത് (11.10.2010 ലെ 30440/ഡി.എ2/09/എൽ.എസ്.ജി.ഡി നമ്പർ കത്ത്).

ബോട്ടിന്റെ അവസ്ഥ നേരിട്ട് മനസ്സിലാക്കാനായി ഓഡിറ്റ് ടീം 02.07.2012 ന് സ്ഥലം സന്ദർശിച്ചു. പഞ്ചായത്തിലെ മണന്തലക്കടവിൽ ബോട്ട് നങ്കൂരമിട്ട് കിടക്കുകയായിരുന്നു. ബോട്ടിന്റെ അടിഭാഗം ദ്രവിച്ചതിനാലും, മേൽഭാഗത്തെ ഷീറ്റ് കീറിയതിനാലും വെള്ളം കയറിയിട്ടുണ്ട്. എൻജിനും, അനുബന്ധസാമഗ്രികളും പഞ്ചായത്തോഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപയോഗിക്കാനാവാത്ത വിധം ബോട്ട് നാശോന്മുഖമാണ്. പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവഴിക്കപ്പെട്ട 7,03,850/- രൂപ (580000 + 123850) പാഴ്ചെലവായിരിക്കുന്നു. മേൽ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായ പാഴ്ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ 21.07.12 ലെ എൽ.എഫ്.എം.7/1644/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ലേക്ക് പരിഗണിക്കുന്ന വിവരം 16.11.12 ലെ എൽ.എഫ്..എം.19/2510/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 08.01.13 ൽ 2084/12-ാം നമ്പർ കത്തിലൂടെ നൽകിയ മറുപടി തൃപ്തികരമല്ല.

**ഉത്തരവാദികളായവർ** :

1) ശ്രീമതി. എം. ആർ ശാന്ത
പഞ്ചായത്ത് സെക്രട്ടറി (റിട്ട),
മോതിരിക്കാട്ടിൽ ഹൗസ്, കോലഴി പി.ഒ
തൃശ്ശൂർ ജില്ല

2) ശ്രീ. മുഹമ്മദ് റഹ്മത്തുള്ള ടി. കെ,
കളിക്കുളങ്ങര (ഹൗസ്),
ഹെഡ്മാസ്റ്റർ, ഗവ. എൽ. പി സ്കൂൾ, എളമരം
ചെറുവായൂർ പി.ഒ, വാഴക്കാട് (വഴി)
പിൻ - 673 645

## 4.6.2. ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന് സ്ഥലം വാങ്ങാൻ ചെലവ് 7.74 ലക്ഷം രൂപ : ചുറ്റുമതിൽ കെട്ടിയതിന് 14.18 ലക്ഷം രൂപ

**പുളിക്കൽഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2009 – 10**
**ഖണ്ഡിക 3(9)**

പുളിക്കൽ ഗ്രാമപഞ്ചായത്ത് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുവാനായി 2007-08 സാമ്പത്തിക വർഷം 7,74,345/ രൂപ ചെലവഴിച്ച് 93.86 സെന്റ് സ്ഥലം വാങ്ങി (1699/2008 എസ്. ആർ.ഒ കൊണ്ടോട്ടി ആധാരപ്രകാരം സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്). പ്രസ്തുത സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുവാനുള്ള 2008-09 ലെ 7/08-09-ാം നമ്പർ പ്രോജക്ടിന് 6,40,000/-രൂപ വകയിരുത്തുകയും ബി.എൽ.ടി.എ.ജി.യിൽ നിന്നും 384/08-09 നമ്പറായി (തീയതി 15.11.2008) സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. എസ്റ്റിമേറ്റിൽ ചെങ്കല്ലുകൊണ്ടുള്ള പടവാണ് ഉദ്ദേശിച്ചിരുന്നത്.

പ്രദേശത്തെ ചെങ്കല്ലിന്റെ ലഭ്യതക്കുറവ് മൂലം, തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും പ്രവൃത്തി ഏറ്റെടുക്കുന്നതിന് ആരും ഇല്ലാതിരുന്നതിനാൽ, ചെങ്കല്ലിനു പകരം കരിങ്കല്ല് കെട്ടി ബെൽറ്റ് ഇടുന്ന രീതിയിൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്താനും, അംഗീകാരത്തിനായി ബി.എൽ.ടി.എ.സി.ക്ക് സമർപ്പിക്കാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.09 ലെ യോഗം ഐകകണ്ഠേന തീരുമാനിച്ചു (തീരുമാനം 2(1)). ഇതേത്തുടർന്ന്, ഗ്രാമപഞ്ചായത്ത് 2008-09 മുതൽ 2011-12 വരെ ചുറ്റുമതിൽ കെട്ടുന്നതിനായി ആകെ 14,18,701/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ;

LOCAL FUND AUDIT DEPARTMENT

| വർഷം | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2008-09 | 07/08-09 | 226344 |
| 2009-10 | 26/09-10 | 399826 |
| 2009-10 | 201/09-10 | 392531 |
| 2010-11 | 271/10-11 | 145811 |
| 2011-12 | 27/11-12 | 254189 |
| **ആകെ** | | **1418701** |

ഖരമാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി ഭൂമി വാങ്ങിയതിന്റെ ഇരട്ടിയോളം തുകയാണ് ചുറ്റുമതിൽ കെട്ടുവാനായി ചെലവഴിച്ചത്. സ്ഥലം വാങ്ങാനും, മതിൽ കെട്ടുവാനുമായി ആകെ 21.93 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും, പ്ലാന്റ് സ്ഥാപിക്കുവാനുള്ള യാതൊരു പ്രവർത്തനങ്ങളും തുടങ്ങിയിട്ടില്ല.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന കാര്യം 16.11.12 ലെ എൽ.എഫ്.എം.19/2510/12 നമ്പർ കത്തിലൂടെ, ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. 30.11.12 ലെ എ.1/9354/12 നമ്പർ കത്തിലൂടെ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ വാങ്ങിയ സ്ഥലം ഭൂനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതും ചരിഞ്ഞതുമാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മാലിന്യസംസ്ക്കരണപ്ലാന്റിന് അനുയോജ്യമാക്കി മാറ്റാൻ ഇനിയും പണം ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ സംസ്ക്കരണ പ്ലാന്റിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം അതിന് അനുയോജ്യമല്ലെന്ന് അധികൃതർ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ , മേൽ ഇനത്തിൽ ഉണ്ടായിട്ടുള്ള ചെലവ് പാഴ്ചെലവായി മാറിയിരിക്കുകയാണ്.

**ഉത്തരവാദികളായവർ**

**1) സ്ഥലം വാങ്ങിയത്**

ശ്രീ. എം. വി ബാലൻ, പഞ്ചായത്ത് സെക്രട്ടറി (റിട്ട)
മാണിക്കോത്ത് ഹൗസ്, കട്ടപ്പള്ളി,
തുമ്പോട്ട, കടന്നപ്പള്ളി പി.ഒ, കണ്ണൂർ - 670 501

**2) ചുറ്റുമതിൽ നിർമ്മാണം**

1) ശ്രീ. പി. ഹുസൈൻ
അസി. എഞ്ചിനീയർ,
മണ്ണിയിൽ വീട്, വെള്ളൂർ പി.ഒ, മലപ്പുറം - 676 517

2) ശ്രീ. ഉദയൻ കെ. വി, അസി.എഞ്ചിനീയർ
സരണ (വീട്)
തിരുവങ്ങാട്ട് കുളത്തി, ചേലേമ്പ്ര പി.ഒ, മലപ്പുറം ജില്ല

LOCAL FUND AUDIT DEPARTMENT

## 4.6.3. കൂത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം ലക്ഷ്യം കൈവരിച്ചിട്ടില്ല ; 18.97 ലക്ഷം രൂപ പാഴായി

**തിരൂർ നഗരസഭ** — **ഓഡിറ്റ് റിപ്പോർട്ട് 2010-11**
**ഖണ്ഡിക 3(20)**

ആസൂത്രണത്തിലെ പിഴവ്മൂലം 18,97,353/-രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല. തിരൂർ നഗരസഭയുടെ അധീനതയിലുള്ള കൂത്തുപ്പറമ്പ് ശ്മശാനത്തിൽ 19, 20, 21, 22, 31 എന്നീ വാർഡുകളിലെ പട്ടികജാതിയിൽപ്പെട്ട 250 കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേക ഘടകപദ്ധതിയിൽ (SCP) ഉൾപ്പെടുത്തി ഷെഡ്ഡും ഗ്യാസ് ക്രിമറ്റോറിയവും നിർമ്മിക്കുന്നതിന് 23.08.07 ലെ കൗൺസിൽ തീരുമാനപ്രകാരം 18,80,000/-രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭിച്ചു. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ അധികമായി ചില പ്രവൃത്തിയിനങ്ങൾകൂടി ഉൾപ്പെടുത്തി അടങ്കൽ 22,74,814/-രൂപയായി വർദ്ധിപ്പിച്ചെങ്കിലും സാങ്കേതികാനുമതി ലഭ്യമാക്കിയില്ല പ്രവൃത്തിയ്ക്കായി താഴെ വിവരിക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം | ചെലവ് വിവരം | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1 | ഷെഡ്ഡ് നിർമ്മാണ ചെലവ് | 896799 | ബിൽ നം.139/30.03.09 |
| 2 | വൈദ്യുതി കണക്ഷൻ ലഭിക്കാൻ ചെലവഴിച്ച തുക | 48808 | വൗച്ചർ നം.140/31.03.09 |
| | ടി | 4600 | വൗച്ചർ നം.29/02.11.09 |
| | ടി | 2500 | വൗച്ചർ നം.30/02.11.09 |
| 3 | ഗ്യാസ് വാങ്ങിയത് | 40720 | ബിൽ നം.2/11.06.10 |
| 4 | ക്രിമറ്റോറിയ നിർമ്മാണ ചെലവ് | 299250 | ചെക്ക് നം.344335/17.04.08 |
| | ടി | 289522 | ചെക്ക് നം.643015/07.04.09 |
| | ടി | 306819 | ചെക്ക് നം.850932/31.07.09 |
| 5 | ഉത്ഘാടനച്ചെലവ് | 6750 | ചെക്ക് നം.398591/02.09.10 |
| 6 | വാട്ടർ കണക്ഷന് അടച്ചത് | 1585 | ചെക്ക് നം.396991/19.05.10 |
| | **ആകെ** | **1897353** | |





നിർമ്മാണം പൂർത്തിയായ ക്രിമറ്റോറിയം (ഇടത്ത്). ക്രിമറ്റോറിയത്തോട് ചേർന്നുള്ള ഭൂമിയിൽ മൃതദേഹങ്ങൾ മറവു ചെയ്തിരിക്കുന്നു (വലത്ത്)

ക്രിമറ്റോറിയം പ്രവൃത്തി പൂർത്തീകരിച്ച് 28.07.10 ൽ ഉദ്ഘാടനം നടത്തിയെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്രിമറ്റോറിയത്തിന് നഗരസഭ ഓപ്പറേറ്റർമാരെയോ, വാച്ച്മാനെയോ നിയമിച്ചിട്ടില്ല. നാളിതുവരെ ഒരൊറ്റ മൃതദേഹം പോലും ഗ്യാസ് ക്രിമറ്റോറിയത്തിൽ സംസ്കരിച്ചിട്ടില്ല. അതേസമയം ക്രിമിറ്റോറിയത്തിന് ചുറ്റുമുള്ള ഭൂമിയിൽ മൃതദേഹങ്ങൾ മറവു ചെയ്തതായി സ്ഥലപരിശോധനയിൽ കണ്ടു.

ശരിയായ ആസൂത്രണവും പഠനവും നടത്താതെ പദ്ധതി നടപ്പിലാക്കിയത് മൂലം ഉദ്ദേശലക്ഷ്യം കൈവരിക്കാതെ 18,97,353/- രൂപയുടെ പാഴ്ചെലവുണ്ടായി. തെറ്റായ തീരുമാനമെടുത്ത് ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവർ പാഴ്ചെലവിന് ഉത്തരവാദികളാണ്.

**ഉത്തരവാദികളായവർ** :

1. ശ്രീ. ബേബി ആന്റണി (സെക്രട്ടറി)
   വടക്കിഞ്ചേരി ഹൗസ്
   കിഴക്കമ്പലം,
   ആലുവ,
   എറണാകുളം
2. 23.08.07 ൽ ഗ്യാസ് ക്രിമറ്റോറിയത്തിന് ഭരണാനുമതി നൽകിയ കൗൺസിൽ അംഗങ്ങൾ

## 4.7. കോഴിക്കോട് ജില്ല

### 4.7.1. ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു – ചെലവഴിച്ച 21.72 ലക്ഷം രൂപ നിഷ്ഫലമായി

**ഏറാമല ഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2009–10**
**ഖണ്ഡിക 3(9)**

ഏറാമല ഗ്രാമപഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാൻ 2007-08 ൽ 70 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി (പ്രോജക്ട് നമ്പർ -166/08). 1,123 ച.മീ. വിസ്തൃതിയുള്ള കെട്ടിടം രണ്ടു നിലകളായാണ് വിഭാവനം ചെയ്തിരുന്നത്. അടങ്കൽത്തുകയായ 70 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും, 66 ലക്ഷം രൂപ ബാങ്ക് വായ്പയായും കണ്ടെത്താനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കമ്മ്യൂണിറ്റിഹാളിന്റ ഒന്നാംനില വരെയുള്ള പ്രവൃത്തികൾ ആദ്യ വർഷവും, മേൽക്കൂര, ഫിനിഷിങ് എന്നിവ രണ്ടാം വർഷവും പൂർത്തീകരിക്കും എന്ന വ്യവസ്ഥയോടെ 12.11.2007 ന് പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിച്ചു. അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ട് 14.02.2008 ന് 32/07-08 നമ്പറായി കരാർ ഒപ്പു വെച്ചു.

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ, അളവു പുസ്തകം (നമ്പർ -16/09-10) എന്നിവ പ്രകാരം, നാളിതുവരെ പദ്ധതിക്കായി 21, 72, 191/-രൂപ ചിലവഴിച്ചിട്ടുണ്ട് (വൗച്ചർ നമ്പറുകൾ -56/30.10.2008, 201/31.03.2010). ഇതിൽ 18,70,882/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയതാണ്. ഓഡിറ്റ് ടീം 28.09.2011 ന് സ്ഥലപരിശോധന നടത്തിയപ്പോൾ, കോൺക്രീറ്റ് സബ്ബേസ്, ബെൽറ്റ്, 92 കോളങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊന്നും നടന്നിട്ടില്ല.

**പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംഭവിച്ചിരിക്കുന്ന പ്രധാന അപാകതകൾ ഇനിപ്പറയുന്നു**

1) പ്രോജക്ടിൽ ബാങ്ക് വായ്പയിനത്തിൽ വകയിരുത്തിയ 66 ലക്ഷം രൂപ ലഭ്യമായില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ബാങ്ക് വായ്പ ലഭ്യമാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2) വൻതുകയ്ക്കുള്ള ഈ പ്രോജക്ട് നടപ്പാക്കുന്നതിനു മുമ്പ് സാധ്യതാ പഠനങ്ങളൊന്നും നടത്തുകയുണ്ടായില്ല. ബാങ്ക് വായ്പയായി വകയിരുത്തിയ 66 ലക്ഷം രൂപയ്ക്ക് ശരാശരി 12 ശതമാനം പലിശ നിരക്കിൽ 10 വർഷത്തേക്ക് ഏകദേശം തൊണ്ണൂറായിരം രൂപ പ്രതിമാസം തിരിച്ചടവ് വരും. ഇത്രയും തുക കമ്മ്യൂണിറ്റി ഹാളിൽ നിന്നും പ്രതിമാസം വാടക ഈടാക്കുവാൻ സാധിക്കുമോ എന്നത് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

3) 2007 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്ടിന്റെ 20 ശതമാനം പ്രവൃത്തികൾ പോലും പൂർത്തീകരിച്ചിട്ടില്ല. 2007 നു ശേഷം മൂന്നു തവണ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ കരാർ പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധ്യമല്ല.

4) സർക്കാരിന്റെ 02.04.2011 ലെ 17671/ഡി.ബി2/11/തസ്വഭവ നമ്പർ കത്ത് പ്രകാരം, കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലുള്ള കരാർ ഉടമ്പടി നിയമാനുസൃതം റദ്ദ് ചെയ്ത് ബാക്കി പണികൾ 2010 ലെ നിരക്കിൽ പുതുക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ് ഉചിതമെന്ന് നിർദ്ദേശിച്ചിട്ടും ആയത് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചതിലൂടെ, പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. യഥാസമയം ബാങ്ക് വായ്പ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ വർഷങ്ങൾക്കുശേഷം ഉയർന്ന നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ അധിക ബാധ്യത ഗ്രാമപഞ്ചായത്തിനുണ്ടാകും.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം 14.01.2013 ലെ എൽ.എഫ്.കെ.കെ.ഡി.എഫ്.2/79/2013 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് കോഴിക്കോട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു.ആയതിന്, 01.02.2013 ലെ എ.1-353/13 നമ്പർ കത്തിലൂടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടം പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും, അതിനുള്ള കർമ്മ പരിപാടികളെപ്പറ്റിയൊന്നും പറയുന്നില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നതിനെപ്പറ്റി മറുപടിയിൽ പരാമർശിക്കുന്നില്ല. എസ്റ്റിമേറ്റ് പുതുക്കി പ്രോജക്ടിന് അംഗീകാരം ലഭ്യമായാൽ വായ്പ എടുക്കാതെ മറ്റ് സ്രോതസുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് (എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്) പ്രവൃത്തി പൂർത്തിയാക്കാനാണ് പഞ്ചായത്തിന്റെ ഉദ്ദേശ്യം എന്നാണ് മേൽക്കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. എന്നാൽ ഈ ഫണ്ടുകൾ എപ്പോൾ ലഭ്യമാകും എന്നതിനെപ്പറ്റി യാതൊരു ഉറപ്പും ഇല്ലാത്തതിനാൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നീണ്ടു പോകാനാണ് സാധ്യത. ആയതിനാൽ ഇതുവരെയായി ചെലവഴിച്ചിട്ടുള്ള 21,72,191/- രൂപ നിഷ്ഫലമായി മാറിയിരിക്കുകയാണ്.


പണി പ്രാരംഭഘട്ടം മാത്രം പൂർത്തിയായ ഏറാമല ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ

**ഉത്തരവാദികളായവർ** :

1) ശ്രീ. അനിൽകുമാർ .എൻ, (അസി. എഞ്ചിനീയർ)
വലിയ കൊയിലോത്ത്, വിഷ്ണുമംഗലം (26.07.2009 വരെ)

2) ശ്രീ. സൂരജ് പി.ജി, (അസി. എഞ്ചിനീയർ)
സ്വപ്ന, പുതുവയൽ നിലം, തണ്ണീർപന്തൽ,
വേങ്ങേരി പി.ഒ (27.07.2009 മുതൽ)

## 4.8. വയനാട് ജില്ല

### 4.8.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വാങ്ങിയ 31.32 ലക്ഷത്തിന്റെ സിമന്റ് പൈപ്പുകൾ ഉപയോഗിക്കുന്നില്ല - ലക്ഷങ്ങൾ പാഴാവുന്നു

**മേപ്പാടി ഗ്രാമപഞ്ചായത്ത്** — **ഓഡിറ്റ് റിപ്പോർട്ട് 2010-11**
**ഖണ്ഡിക 3-11**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2009-10 സാമ്പത്തിക വർഷത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ കൽപ്പറ്റയിലെ കൊല്ലായിക്കൽ അസ്സോസിയേറ്റ്സ് വാഴവറ്റ എന്ന സ്ഥാപനം 31,32,626 രൂപയുടെ (സ്ഥാപനം നൽകിയ ബിൽ പ്രകാരം) സിമന്റ് പൈപ്പുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ വാങ്ങൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായും ബില്ലു പ്രകാരമുള്ള പൈപ്പുകൾ മുഴുവനായി ലഭ്യമാക്കിയിട്ടുള്ളതായും കാണുന്നില്ല. കൂടാതെ ലഭിച്ച പൈപ്പുകൾ ഉപയോഗിക്കാതിരുന്നതിനാൽ ലക്ഷങ്ങളുടെ പാഴ്ചെലവാണ് ഈയിനത്തിൽ ഉണ്ടായിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

**എ. സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയില്ല.**

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 54 പ്രകാരം 5000/- രൂപയിൽ കൂടുതലുള്ള പർച്ചേസുകൾക്ക് മൂല്യത്തിന്റെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി (2.5% സെക്യൂരിറ്റി നിക്ഷേപമായും 2.5% ഇ.എം.ഡി.ഇനത്തിലും) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ 31.32 ലക്ഷം രൂപയുടെ പൈപ്പുകൾ വാങ്ങിയപ്പോൾ ഇ.എം.ഡി. ഇനത്തിൽ 2,000/- രൂപ മാത്രമാണ് (രസീത് നമ്പർ 61671/29 തീയതി 22.07.09) കരാറുകാരനായ ശ്രീ.രാജുകൃഷ്ണയിൽ നിന്നും വാങ്ങിയത്. കൂടാതെ ടെണ്ടർ ഫോറം വിലയായി 460/-രൂപ മാത്രമാണ് ഈടാക്കിയത്. ആവശ്യമായ

LOCAL FUND AUDIT DEPARTMENT

എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കാത്തതുമൂലമാണ് ഇതു സംഭവിച്ചത്. കരാറുകാരന് ബാക്കി നൽകാനുള്ള തുകയിൽ നിന്നും ആയത് ഇനി ഈടാക്കിക്കൊള്ളാമെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്.

**ബി. ടെണ്ടർ നടപടികൾ സുതാര്യമല്ല**

ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ടെണ്ടർ നടപടികൾ സുതാര്യമല്ല. ടെണ്ടർ സ്വീകരിച്ചതിലെയും അംഗീകരിച്ചതിലേയും അപാകങ്ങൾ താഴെ പറയുന്നു.

1. ആകെ 2 ടെണ്ടറുകളാണ് ലഭിച്ചത്. കൊല്ലായിക്കൽ അസോസിയേറ്റ്സ് വാഴവറ്റയുടേതും, കൊല്ലായിക്കൽ വാഴവറ്റയുടെതുമാണ് ഈ ടെണ്ടറുകൾ. ഈ രണ്ടു ടെണ്ടറുകളും ഒരേ സ്ഥാപനത്തിന്റെതാണെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. രണ്ടു ടെണ്ടറുകളിലേയും കയ്യക്ഷരങ്ങൾ ഒന്നു തന്നെയാണ്.
2. ടെണ്ടറുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.
3. ടെണ്ടറിൽ നേരിട്ട് പങ്കെടുത്തിട്ടില്ലെങ്കിലും പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിന് റെയ്ഡ്കോ നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ഈ നിരക്ക് വാറ്റ്, സെസ്സ് എന്നിവ ഉൾപ്പെടെയാണ്. എന്നാൽ അംഗീകരിച്ച ടെണ്ടറിലെ നിരക്കും റെയ്ഡ്കോയുടെ നിരക്കും ഒന്നുതന്നെയാണെങ്കിലും സ്ഥാപനം ബില്ലുകൾ നൽകിയപ്പോൾ വാറ്റ്, സെസ്സ് ഇനത്തിൽ അഡീഷണൽ ആയി തുക ഈടാക്കി. വാറ്റ് ഇനത്തിൽ 1,20,439.30 രൂപയും സെസ്സ് ആയി 1,204/- രൂപയുമാണ് സപ്ലൈർ ഈടാക്കിയത്. ഈ തുകയും ഇനി നൽകാനുള്ള ബാക്കി തുകയിൽ നിന്നും ഈടാക്കിക്കൊള്ളാമെന്നാണ് സെക്രട്ടറി മറുപടി നൽകിയത്.

2010 ൽ തന്നെ 31.32 ലക്ഷം രൂപയുടെ പൈപ്പുകൾ നൽകുകയും 22,82,000/- രൂപ കൊല്ലായിക്കൽ അസോസിയേറ്റ്സിന് ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൈപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സ്ഥാപനം വിതരണം നടത്തിയെന്ന് അവകാശപ്പെട്ട പൈപ്പുകളിൽ ഒരുഭാഗം 07/2012 വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. 2010 മാർച്ചിൽ പൈപ്പുകൾ ഇറക്കിയെങ്കിലും ഇതിൽ ചെറിയൊരു ഭാഗം മാത്രമേ 07/2012 വരെ പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുള്ളൂ.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.07.2013 ലെ എൽ.എഫ്.(ഡബ്ല്യൂ) ഇ.3/287/13-ാം നമ്പർ കത്തു മുഖേന മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:**

ശ്രീ. ശിവശങ്കരൻ
സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത്

LOCAL FUND AUDIT DEPARTMENT

## 4.8.2. പഞ്ചായത്ത് വക സ്ഥലം നിയമവിരുദ്ധമായി കെ.ടി.ഡി.സി.ക്ക് കൈമാറി

**സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്** **ഓഡിറ്റ് റിപ്പോർട്ട് 2010-11**
**ഖണ്ഡിക 3-4**

ഗ്രാമപഞ്ചായത്തിലെ മണിച്ചിറ എന്ന സ്ഥലത്ത് 12.03.96 ൽ 4,30,869/- രൂപ ചെലവഴിച്ച് വാങ്ങിയ 1 ഏക്കർ സ്ഥലം മണിച്ചിറ വികസന പദ്ധതി നടപ്പിലാക്കാൻ ഡി.ടി.പി.സി.ക്ക് കൈമാറുന്നതിനായി സമ്മതപത്രം നൽകാൻ 04.08.04 ൽ ചേർന്ന ഭരണ സമിതി യോഗം തീരുമാനിച്ചു. (തീരുമാനം നമ്പർ 74/04 (1) ). തുടർന്ന് ഭൂമി സർക്കാർ അനുമതി വാങ്ങി നിയമാനുസരണം കൈമാറാൻ നടപടി സ്വീകരിച്ചില്ല. പിന്നീട് 2006-07 ൽ ഡി.ടി.പി.സി. പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടനിർമ്മാണ പ്രവൃത്തി ആരംഭിച്ചു. അനുമതിയില്ലാതെ

നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കാൻ 29.06.09 ൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പഞ്ചായത്ത് 07.07.09 ന് ക്രമവൽക്കരിച്ചു നൽകി. വൈദ്യുതീകരണത്തിന് വേണ്ടി 15.07.09 ന് ഡി.ടി.പി.സി. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാൻ അപേക്ഷ നൽകി. 09.02.10 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി കെട്ടിടം നിർമ്മിച്ചിട്ടുള്ളതായ സ്ഥലം പാട്ടത്തിനോ സംയുക്ത സംരംഭമായോ നടത്താൻ

തയ്യാറാണെന്ന് ഡി.ടി.പി.സി. ചെയർമാനെ അറിയിക്കാൻ തീരുമാനിച്ചു. കെട്ടിടങ്ങൾ സജ്ജമായതിനാൽ പാട്ടത്തിനെടുക്കാം എന്നും വൈദ്യുതി കണക്ഷൻ ലഭിക്കാൻ പാട്ടസംബന്ധമായ കാര്യങ്ങൾ ത്വരിതപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകുവാനും ആവശ്യപ്പെട്ട് ടൂറിസം ഡയറക്ടർ 21.05.10 ന് കത്തു നൽകി.



പഞ്ചായത്ത് സ്ഥലത്ത് പണിതിരിക്കുന്ന കെ.ടി.ഡി.സി.യുടെ ഹോട്ടൽ സമുച്ചയം

11.06.10 ൽ ചേർന്ന ഭരണസമിതിയോഗം ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകുവാൻ തീരുമാനിച്ചതുപ്രകാരം 26.07.10 ന് കേരള പഞ്ചായത്ത് രാജ് ആക്ട് 207 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികുതി ചുമത്താതെ പഞ്ചായത്ത് നമ്പർ നൽകി. തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കുകയും 165 ലക്ഷം രൂപ ചെലവഴിച്ച് ഡി.ടി.പി.സി. പണിത ഹോട്ടൽ, ലോഡ്ജ്, ഓഡിറ്റോറിയം എന്നിവ കെ.ടി.ഡി.സി.ക്ക് കൈമാറുകയും ചെയ്തു. 2009 ജൂലൈ 25 ന് ഉദ്ഘാടനം നടത്തി. 28.08.10 ന് പ്രസ്തുത സ്ഥലത്തിന് പ്രതിവർഷം പഞ്ചായത്ത് 5 ലക്ഷം രൂപ പാട്ടം നിശ്ചയിച്ച് പാട്ടക്കരാർ ഒപ്പിടുന്നതിന് ടൂറിസം ഡയറക്ടർക്ക് അയച്ചു കൊടുത്തെങ്കിലും ഒപ്പിട്ടു നൽകിയില്ല. ഇതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകുകയും ചെയ്തു. 19.07.12 ന് കെ.ടി.ഡി.സി പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ഒരു മാസത്തിനകം പ്രശ്നപരിഹാരമുണ്ടാക്കുമെന്ന് ധാരണയായെങ്കിലും 2 മാസം കഴിഞ്ഞിട്ടും പ്രശ്നം പരിഹരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും മേൽ കാര്യത്തിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി വിൽപ്പന നടത്താവുന്നതും ചട്ടം 7(1) പ്രകാരം പഞ്ചായത്തിന്, വ്യാപാരത്തിനുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതുമാണ്. പഞ്ചായത്ത് വക സ്ഥലം കെട്ടിടം നിർമ്മിച്ച് വ്യാപാരം നടത്തുന്നതിന് പാട്ടത്തിന് നൽകാൻ വ്യവസ്ഥയില്ല. കെട്ടിടനിർമ്മാണത്തിനുവേണ്ടി ഇപ്പോഴത്തെ മാർക്കറ്റ് വിലയനുസരിച്ച് സുമാർ 3 കോടി രൂപയോളം വില വരുന്ന ഭൂമി സർക്കാർ അനുമതിയോടെ നിയമ പ്രകാരമുള്ള രേഖകളോടെ കൈമാറിയില്ല.

2. സമ്മതപത്രം അനുവദിക്കാൻ തീരുമാനമെടുത്തതു കൊണ്ടുമാത്രം ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുകയില്ല. ഉടമസ്ഥാവകാശം സിദ്ധിച്ചതു സംബന്ധിച്ച മതിയായ രേഖകൾ ഇല്ലാതെയും അനുമതി ഇല്ലാതെയും ആരംഭിച്ച കെട്ടിടനിർമ്മാണം പ്രവൃത്തി ആരംഭിച്ച സമയത്ത് തന്നെ തടയേണ്ടതായിരുന്നു.

3. ഉടസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചു നൽകിയത് ശരിയായ നടപടിയല്ല.

4. ഉടമസ്ഥാവകാശം പഞ്ചായത്തിനായിരിക്കെ കെട്ടിടത്തിന് ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകിയത് ക്രമവിരുദ്ധമാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.07.2013 ലെ എൽ.എഫ്.(ഡബ്ല്യൂ) ഇ.3/287/13-ാം നമ്പർ കത്തു മുഖേന സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** :

ശ്രീ.പത്മനാഭൻ കുനിയിൽ (സെക്രട്ടറി

വൈശാഖം, ഓർക്കാട്ടേരി, വടകര, കോഴിക്കോട്

LOCAL FUND AUDIT DEPARTMENT

അദ്ധ്യായം – 5

# സർവ്വകലാശാലകൾ



## 5.1. സർവ്വകലാശാലകളിലെ ആസ്തിസംരക്ഷണം

## അവലോകന റിപ്പോർട്ട്

കേരളത്തിലെ സർവ്വകലാശാലകളിലെ ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പ്രധാന വസ്തുതകൾ പഠനവിധേയമാക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ, വിവിധ സർവ്വകലാശാല കളിൽ ഈ വിഷയത്തിൽ നിലവിലുള്ള പ്രധാന പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള അവലോകന റിപ്പോർട്ടാണിത്.

## കേരള സർവ്വകലാശാല

# 5.1.1. ശരിയാംവിധം പരിപാലിക്കുന്നില്ല – ആസ്തികൾ നശിക്കുന്നു

### 1. ഉപേക്ഷിക്കപ്പെട്ട 'ഗാമാഷൈൻ' യൂണിറ്റ്

1973 ൽ 'ബാർക്ക് ' സ്ഥാപിച്ച ഒരു 'ഗാമാഷൈൻ' യൂണിറ്റ് സർവ്വകലാശാലയുടെ സസ്യശാസ്ത്ര വകുപ്പിനു കീഴിലുണ്ട്. റേഡിയേഷൻ വഴി മ്യൂട്ടേഷൻ ബ്രീഡിങ് നടത്തി ഉയർന്നവിളവു നൽകുന്നയിനം ചെടികൾ വികസിപ്പി ച്ചെടുക്കുകയായിരുന്നു യൂണിറ്റിന്റെ ലക്ഷ്യം. 1995 വരെ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഇതിന്റെ പ്രവർത്തനത്തിന് റേഡി യേഷൻ സേഫ്റ്റി ഓഫീസറുടെ സേവനം കൂടിയേ തീരൂ. എന്നാൽ, 1995 നു ശേഷം മേൽ തസ്തികയിൽ നിയമനം നടക്കാത്തതിനാൽ 'ഗാമാഷൈൻ' യൂണിറ്റ് ഉപേക്ഷിക്കപ്പെട്ട് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.



**നശിച്ചുകൊണ്ടിരിക്കുന്ന വാൻ**

സർവ്വകലാശാല ആസ്ഥാനത്ത് ഒരു മെറ്റഡോർ വാൻ നശിച്ച നിലയിലുണ്ട്. മേൽ വാഹനത്തെ കൃത്യസമയത്ത് ലേലം ചെയ്തിരുന്നെങ്കിൽ സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടാകുമായിരുന്നു.

### 2. കാര്യവട്ടം ക്യാമ്പസിലെ ഉപയോഗമില്ലാത്ത കെട്ടിടം:

കാര്യവട്ടം ക്യാമ്പസിൽ സർവ്വകലാശാല സഹക രണസംഘത്തിന് സമീപം 107.03 ച.മീ. വിസ്തൃതിയുള്ള കോൺക്രീറ്റ് കെട്ടിടം ഉപയോഗിക്കാതെയും, കൃത്യമായി പരി പാലിക്കാതെയും നശിച്ചു കൊണ്ടിരിക്കുന്നു.

### 3. ആക്കുളത്തുള്ള കെട്ടിടം സംരക്ഷിക്കുന്നില്ല

കേരള സർവ്വകലാശാലയുടെ ആക്കുളത്തുള്ള സ്ഥലവും, കെട്ടിടവും നിലവിൽ ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഈ കെട്ടിടത്തിൽ അക്വേറിയം സ്ഥാപിക്കു വാൻ പദ്ധതിയുണ്ടായിരുന്നെങ്കിലും നടപ്പായില്ല. പ്രസ്തുത കെട്ടിടവും, പരിസരവും സംരക്ഷിക്കാനുള്ള യാതൊരു നട പടികളും സർവ്വകലാശാല കൈക്കൊള്ളുന്നില്ല.

### 4. തകർന്നുകൊണ്ടിരിക്കുന്ന അഡൾട്ട് ആന്റ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കെട്ടിടം

തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള അഡൾട്ട് ആന്റ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെന്റർ 195 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടമാണ്. യഥാസമയം പുതുക്കിപ്പ ണിയാത്തതിനാൽ ഈ കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണ്.



# 5.1.2. പ്രാദേശിക കേന്ദ്രങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല

സർവ്വകലാശാല കാമ്പസിൽ ഭൂമി മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ പരിപാലനം തൃപ്തികരമല്ല.കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭാഗങ്ങൾ ഒഴിച്ചുള്ളവ കാടുപിടിച്ചു കിടക്കുന്നു. സംസ്കൃത സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന കാലടി മെയിൻ സെന്ററിലെ താമരക്കുളവും, പരിസരങ്ങളും കാടുപിടിച്ച് വൃത്തിഹീനമായ അവസ്ഥയിലാണ്. ഫുട്ബോൾ മൈതാനം കന്നുകാലികളുടെ മേച്ചിൽപ്പുറമായി മാറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ വസ്തുവകകൾ ചുറ്റുമതിൽകെട്ടി സംരക്ഷിക്കാത്തത് കയ്യേറ്റങ്ങൾക്ക് ഇടയാക്കുന്നുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

**1. കൊയിലാണ്ടി പ്രാദേശിക കേന്ദ്രം**

പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനായി കൊയിലാണ്ടി മുനിസിപ്പാലിറ്റി പരിധിയിൽ 13.62 ഏക്കർ സ്ഥലവും, കീഴരിയൂർ വില്ലേജിൽ മൂന്ന് ഏക്കർ സ്ഥലവും സർവ്വകലാശാല വാങ്ങിയിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്ഥലത്തിന് ചുറ്റുമതിൽ കെട്ടിയിട്ടില്ല. നിലവിൽ ഈ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. ഇവിടെ, നാളിതുവരെയായി നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. 2005-06 ൽ 40.86 ലക്ഷം രൂപ മുടക്കി നടത്തിയ ഈ ആസ്തി സമ്പാദനം ഇതുവരെ പ്രയോജനകരമായി മാറിയിട്ടില്ല.കീഴരിയൂർ വില്ലേജിലെ സ്ഥലവും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.





കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും, കീഴരിയൂർ വില്ലേജിലുമുള്ള സ്ഥലങ്ങൾ കാടുപിടിച്ച നിലയിൽ

**2. തിരൂർ പ്രാദേശിക കേന്ദ്രം**

തിരുനാവായ നാവാമുകുന്ദ ഹയർസെക്കന്ററി സ്കൂളിനോട് ചേർന്ന് 3 ഏക്കർ ഭൂമിയാണ് തിരൂർ പ്രാദേശിക കേന്ദ്രത്തിനായി സർവ്വകലാശാലക്കുള്ളത്. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, സ്ഥലത്തിന്റെ ഒരു ഭാഗം പൊതുവഴിയായി മാറിയിട്ടുണ്ട്.

**3. പന്മന പ്രാദേശിക കേന്ദ്രം**

പന്മന ഗ്രാമപഞ്ചായത്തിൽ 1.65 ഏക്കർ സ്ഥലമാണ് സംസ്കൃത സർവ്വകലാശാലക്കുള്ളത്. ഇതിനെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, മേലാദായങ്ങൾ നഷ്ടപ്പെടുന്നു. സ്ഥലത്ത് നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

**4. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം**

ഏറ്റുമാനൂർ വില്ലേജിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാല കേന്ദ്രത്തിന് സ്ഥലപരിമിതി മൂലമുള്ള ബുദ്ധിമുട്ടുകളുണ്ട്. സർവ്വകലാശാലയുടെ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന് പേരൂർ വില്ലേജിൽ 16 ആർ 60 സ്ക്വയർ മീറ്റർ സ്ഥലമുണ്ട്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ ഈ സ്ഥലം കടുത്ത കയ്യേറ്റ ഭീഷണിയിലാണ്. ഇവിടെ സ്ഥലം കയ്യേറി ചുറ്റുപാടുമുള്ള വീടുകളിലേക്ക് വഴി നിർമ്മിച്ചിട്ടുണ്ട്. അടിയന്തിരമായി ചുറ്റുമതിൽ നിർമ്മിക്കാത്തപക്ഷം സ്ഥലം അന്യാധീനപ്പെട്ട് പോകാനിടയുണ്ട്.

LOCAL FUND AUDIT DEPARTMENT

**5. തിരുവനന്തപുരം പ്രാദേശിക കേന്ദ്രം**



ആറ്റുകാൽ ദേവിക്ഷേത്രത്തിന് സമീപം പ്രാദേശിക കേന്ദ്രത്തിനായി 54 സെന്റ് സ്ഥലമാണ് സർവ്വകലാശാലയ്ക്കുള്ളത്. സ്ഥലത്തിന് ചുറ്റുവേലിയുണ്ടെങ്കിലും സ്വകാര്യ വ്യക്തി കയ്യേറ്റശ്രമം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രാദേശിക കേന്ദ്രം സ്ഥിതി ചെയ്യുന്നത് സംസ്ഥാന സർക്കാർ വഞ്ചിയൂർ ഗവ. ഗേൾസ് ഹൈസ്കൂൾ വക വസ്തുവിൽ നിന്നും 06.06.1994 ൽ അനുവദിച്ച 50 സെന്റ് സ്ഥലത്താണ്. എന്നാൽ സർവ്വകലാശാലയുടെ ആസ്തി സംബന്ധിച്ചുള്ള രേഖകളിൽ ഈ സ്ഥലത്തിന്റെ കാര്യം പരാമർശിക്കുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

**6. ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ല.**

ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള, ഉപയോഗശൂന്യമായ വാഹനങ്ങൾ യഥാസമയം ലേലം ചെയ്യുന്നില്ല. കെ.എൽ 07.എ.ഡബ്ല്യൂ.1424, കെ.എൽ.07 എ.കെ. 5897 നമ്പറുകളിലുള്ള രണ്ട് അംബാസിഡർ കാറുകൾ സർവ്വകലാശാല ആസ്ഥാനത്ത് സൂക്ഷിച്ചിരിക്കുകയാണ്. കാലാഹരണപ്പെട്ട് ഉപയോഗശൂന്യമായ ഈ വാഹനങ്ങൾ ലേലം ചെയ്ത് സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

## എം.ജി സർവ്വകലാശാല

# 5.1.3. ഭൂവിവര രജിസ്റ്റർ അപൂർണ്ണം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലെ ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകളുള്ള ഭൂവിവര രജിസ്റ്റർ അപൂർണവും, അധികാരികൾ സാക്ഷ്യപ്പെടുത്താത്തതുമാണ്. സർവ്വകലാശാലയുടെ ചില പ്രധാന വസ്തുവകകളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉന്നതാധികാരികൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ മേൽ രേഖപ്പെടുത്തലുകൾ ആധികാരികവുമല്ല. ഇത്തരത്തിലുള്ള വസ്തുവകകൾ ഇനിപ്പറയുന്നവയാണ്.

1. സർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്ന അതിരമ്പുഴ വില്ലേജിലെ 103 ഏക്കർ 28 സെന്റ് സ്ഥലം
2. സ്കൂൾ ഓഫ് ലീഗൽ തോട്ട്സ് പ്രവർത്തിക്കുന്ന നട്ടാശ്ശേരിയിലെ 2 ഏക്കർ 38.4 സെന്റ് സ്ഥലം
3. പുല്ലരിക്കുന്നിലെ ഐ.ഐ.ആർ.ഡി.എസിന്റെ 4 ഏക്കർ 61.8 സെന്റ് സ്ഥലം
4. കോളേജ് ഓഫ് ഫാർമസിക്കായി ചെറുവണ്ടൂരിൽ വാങ്ങിയ 4 ഏക്കർ 28 സെന്റ് സ്ഥലം
5. മുട്ടം കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ 25 ഏക്കർ സ്ഥലം
6. ആർ.ഐ.എം.എസ്.ആർ പുതുപ്പള്ളി സ്ഥിതിചെയ്യുന്ന 15 ഏക്കർ 12 സെന്റ് സ്ഥലം
7. നെടുങ്കണ്ടത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷന്റെ 4 ഏക്കർ ഭൂമി
8. തോട്ടക്കാട് യു.സി.റ്റി.ഇ യുടെ 68.5 സെന്റ് സ്ഥലം

ഇതിനു പുറമേ, സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ചില വസ്തുവകകളുടെ ശരിയായ വിവരങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയുമുണ്ട്. രജിസ്റ്ററിൽ, മേൽ വസ്തുവകകൾ സ്വന്തം സ്ഥലമാണോ, പാട്ടവ്യവസ്ഥയിൽ ഉള്ളതാണോ എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ വസ്തു വകകളുടെ നിജസ്ഥിതി അധികൃതർക്ക് പോലും വ്യക്തമല്ല. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

i) തൊടുപുഴ യു.സി.റ്റി.ഇ സ്ഥിതി ചെയ്യുന്ന 1 ഹെക്ടർ, 32 ആർ, 33 ച.മീ. സ്ഥലം.

ii) പായിപ്പാട് യു.സി.റ്റി.ഇ സ്ഥിതി ചെയ്യുന്ന 65 സെന്റ് സ്ഥലം

LOCAL FUND AUDIT DEPARTMENT

iii) കുടമാളൂർ യു.സി.റ്റി.ഇ സ്ഥിതി ചെയ്യുന്ന 10 സെന്റ് സ്ഥലം
iv) കുമിളി യു.സി.റ്റി.ഇ സ്ഥിതി ചെയ്യുന്ന 65 സെന്റ് സ്ഥലം
v) വൈക്കം യു.സി.റ്റി.ഇയുടെ 80 സെന്റ് സ്ഥലം
vi) ഈരാറ്റുപേട്ട യു.സി.റ്റി.ഇയുടെ 50 സെന്റ് സ്ഥലം

രജിസ്റ്ററുകൾ ആനുകാലികമാക്കി, വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടത് അടിയന്തിര പ്രധാന്യമുള്ള സംഗതിയാണ്.

## കേരള കാർഷിക സർവ്വകലാശാല

# 5.1.4. ആസ്തി രേഖകളുടെ സൂക്ഷിപ്പിൽ വീഴ്ച



LOCAL FUND AUDIT DEPARTMENT

കാർഷിക കോളേജ് വെള്ളായണി, വെറ്റിനറി കോളേജ് മണ്ണുത്തി എന്നിവയും, കൃഷി - മൃഗസംരക്ഷണ വകുപ്പുകളുടെ 21 ഗവേഷണ കേന്ദ്രങ്ങളും കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുള്ളത് 31.01.1972 ലെ എസ്. ആർ.ഒ 52/72, 53/72 എന്നീ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി അനുവദിച്ചതിന്റെ പട്ടയം/ഉത്തരവുകൾ എന്നിവ റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. സർവ്വകലാശാലയുടെ ഭൂമി കരം ഒടുക്കാതെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിയാത്തവിധം റവന്യൂരേഖകളിൽ സർക്കാർ പുറംപോക്കായും രേഖപ്പെടുത്തി കാണുന്നു.

**1. വെള്ളാനിക്കര മെയിൻ ക്യാമ്പസ്**

1961 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം 391.4395 ഹെക്ടർ ഭൂമി ജില്ലാ കളക്ടർ അക്വയർ ചെയ്ത് വിവിധ അവാർഡുകൾ മുഖേന കാർഷിക സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസിനായി നൽകിയിട്ടുണ്ട്. എന്നാൽ 372.8662 ഹെക്ടർ ഭൂമിയുടെ കരം വില്ലേജ് ഓഫീസിൽ അടവാക്കുന്നതിന്റെ രസീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 18.5733 ഹെക്ടർ (45.859 ഏക്കർ) ഭൂമിയുടെ കരം ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽഭൂമി സർവ്വകലാശാലയ്ക്ക് അന്യാധീനപ്പെട്ടു പോയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

**കെട്ടിടങ്ങൾ ശരിയാംവിധം പരിപാലിക്കുന്നില്ല**

കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ നിർമ്മിച്ച വർഷം, വിസ്തീർണം, ചെലവഴിച്ച തുക, കാലപ്പഴക്കം, അറ്റകുറ്റപ്പണികൾ നടത്തിയത്, ഉപയോഗം, നിലവിലെ അവസ്ഥ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി കെട്ടിടരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സർവ്വകലാശാലയുടെ കീഴിലുള്ള 68 ഓഫീസ്/സ്റ്റേഷനുകളിൽ 19 എണ്ണത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇതുപ്രകാരം മിക്ക സ്ഥാപനങ്ങളിലും കെട്ടിടങ്ങൾ കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുകയോ നിലവിലുള്ള കെട്ടിടങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. പല സ്ഥാപനങ്ങളിലും ക്വാർട്ടേഴ്സുകളുടെ സ്ഥിതിയും പരിതാപകരമാണ്. സ്കീമുകളുടെ ഭാഗമായി നിർമ്മിക്കുന്ന ഗ്രീൻ ഹൗസുകൾ, പോളി ഹൗസുകൾ എന്നിവ സ്കീമുകളുടെ പൂർത്തീകരണശേഷം നശിച്ചു പോകുകയാണ്. ഇവയെ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**2. കണ്ണാറ വാഴഗവേഷണ കേന്ദ്രം**

സർവ്വകലാശാലയുടെ വസ്തു രജിസ്റ്റർ (പേജ് 83) പ്രകാരം, കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിന് 17.3 ഹെക്ടർ ഭൂമിയുള്ളതായും ഇതിൽ 92 സെന്റ് ഗ്രാമപഞ്ചായത്തിനു നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച് പാണഞ്ചേരി വില്ലേജ് ഓഫീസിലുള്ള അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം (പേജ് 343), 2738/2 മുതൽ 1835/1, 2 വരെ സർവ്വേ നമ്പറുകളിലായി തണ്ടപ്പേർ നമ്പർ 263 ൽ 16 ഹെക്ടർ ഭൂമി സർക്കാർ വക പുറമ്പോക്കായി രേഖപ്പെടുത്തിയതിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വസ്തു രജിസ്റ്ററിൽ നിന്നും 1.3 ഹെക്ടർ (3.212 ഏക്കർ) ഭൂമിയുടെ വ്യത്യാസമുണ്ട്.

**3. ഓടക്കാലി സുഗന്ധതൈല ഗവേഷണ കേന്ദ്രം**

സ്ഥാപനത്തിലെ ലാന്റ് ആന്റ് ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 31 ഏക്കർ 7 സെന്റ് സ്ഥലമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അശമന്നൂർ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, 11.3 ഹെക്ടർ ഭൂമി (27.92 ഏക്കർ) അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം സർക്കാർ വക പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓടക്കാലി ഔഷധ സുഗന്ധതൈല ഗവേഷണ കേന്ദ്രത്തിന്റെ കൈവശ ഭൂമി സംബന്ധിച്ച് 15.09.1961 ൽ ഡയറക്ടർ ഓഫ് സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് നൽകിയ സർവ്വേ സ്കെച്ച് പ്രകാരം 2, 34 നമ്പർ പ്ലോട്ടുകളായി യഥാക്രമം 13 സെന്റ്, 4 ഏക്കർ എന്നീ വിസ്തൃതികളിലുള്ള പ്രദേശങ്ങൾ കയ്യേറ്റങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നു.

1971 ലെ കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ സെക്ഷൻ 32(3) പ്രകാരം, സർവ്വകലാശാലയിലെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളുടെയും പൊതു സൂക്ഷിപ്പുകാരനായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിനെ (ഡി.പി.പി) നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, 09.01.1980 ലെ ജി.ഒ(എം.എസ്) 10/80 എ.ഡി ഉത്തരവ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ട് 6(1), സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളുടെ സഹായത്തോടെ വസ്തുസംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ ഡി.പി.പിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ, കൈമാറിക്കിട്ടിയ ഭൂമികൾക്ക് സർവ്വകലാശാലയുടെ പേരിൽ ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുവാനോ, പോക്കുവരവ് നടത്തി വില്ലേജ് രേഖകളിൽ ഉടമസ്ഥാവകാശം ഉറപ്പിക്കുവാനോ ഉള്ള നിർദ്ദേശങ്ങൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർവ്വകലാശാലയുടെ എല്ലാ സ്റ്റേഷനുകളിലും റവന്യൂ രേഖകളുടെ സഹായത്തോടെ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ ഭൂമിയെ അതിർത്തിവേലി /മതിൽകെട്ടി സംരക്ഷിക്കുവാനോ കയ്യേറ്റ ശ്രമങ്ങളെ നിയമപരമായി നേരിടുവാനോ, സർക്കാർ ഏറ്റെടുക്കലുകൾക്ക് മതിയായ നഷ്ടപരിഹാരം നേടാനോ കാർഷിക സർവ്വകലാശാലക്ക് കഴിയുന്നില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി പതിയേണ്ടതുണ്ട്.

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

# 5.1.5. പട്ടയത്തിന് കാലതാമസം ; 5 ഏക്കറോളം ഭൂമി നഷ്ടമായി

എറണാകുളം ജില്ലാ കളക്ടറുടെ 30/6/1968 ലെ സി-15-23184/66 നമ്പർ കത്ത് പ്രകാരം, കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന 10 സർവ്വേ നമ്പറുകളിലായി 121.13 ഏക്കർ പുറമ്പോക്കും, വിവിധ വ്യക്തികളിൽ നിന്നും 90 സർവ്വേ നമ്പറുകളിലായി 62.23 ഏക്കർ സ്ഥലവും ഉൾപ്പെടെ 183.36 ഏക്കർ സ്ഥലമാണ് സർക്കാർ തൃക്കാക്കര മെയിൻ ക്യാമ്പസിനായി കുസാറ്റിന് കൈമാറിയിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള ലിത്തോ മാപ്പ്, സർവ്വേസ്കെച്ച് എന്നിവ സർവ്വകലാശാലയുടെ പക്കലുണ്ട്. 1996 ൽ റീസർവ്വേ നടന്നുവെങ്കിലും, ഏതാണ്ട് പത്തു വർഷത്തിനു ശേഷമാണ് സർവ്വകലാശാല പട്ടയരേഖകൾക്കായി റവന്യൂ അധികൃതരെ സമീപിച്ചത്.

റീസർവ്വേയിൽ നിലവിലുള്ള ഭൂമി 178 ഏക്കർ , 54 സെന്റ്, 580 സ്ക്വയർ ലിങ്ക്സ് ആണെന്നും, ആകെ ഭൂമിയിൽ നിന്നും 4 ഏക്കർ 82 സെന്റ് 305 സ്ക്വയർ ലിങ്ക്സ് സ്ഥലം കുറവു വന്നതായും 10.07.2007 ലെ യു.ഇ.യു 1768/ടൈറ്റിൽ ഡീഡ്സ് നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ സർവ്വേ സൂപ്രണ്ടിനെ അറിയിക്കുകയുണ്ടായി. പുനർ റീസർവ്വേയ്ക്ക് സർക്കാർ അനുമതി ലഭിച്ചതിനെത്തുടർന്ന് 20.02.2010 ലെ 553(23)-ാം നമ്പർ സിൻഡിക്കേറ്റ് തീരുമാനപ്രകാരം, മെസെ. ലോക്കസ് സർവ്വേ സ്പെഷ്യലിസ്റ്റ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തെ ഡിജിറ്റൽ സർവ്വേ നടത്താൻ ചുമതല

LOCAL FUND AUDIT DEPARTMENT

പ്പെടുത്തുകയുണ്ടായി.മേൽ സർവ്വേ പ്രകാരം, മെയിൻ ക്യാമ്പസിൽ സർവ്വകലാശാലക്ക് ആകെ 181.55 ഏക്കർ ഭൂമിയാണ് കൈവശമുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആദ്യ സ്കെച്ചിലും, റീസർവ്വേയിലും ഉൾപ്പെടാതിരുന്ന കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പൈപ്പ് ലൈൻ റോഡ് കൂടി ഉൾപ്പെടുത്തിയാണ് 2010 ൽ ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ, 1996 ലെ റീസർവ്വേ ഫലം ശരിയാണെന്നും, ഏകദേശം 5 ഏക്കറോളം ഭൂമി സർവ്വകലാശാലക്ക് നഷ്ടപ്പെട്ടുവെന്നും വ്യക്തമാകുന്നു.

1971 ൽ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതിനുശേഷം, 1996 ലെ റീസർവ്വേ വരെ പട്ടയം വാങ്ങാനുള്ള നടപടികളൊന്നും സ്വീകരിക്കുകയുണ്ടായില്ല. ഇതുകൊണ്ട് തന്നെ അതിർത്തി തിരിച്ച് സർവ്വകലാശാലയുടെ ഭൂമി കൃത്യമായി സംരക്ഷിക്കാനും സാധിച്ചിട്ടില്ല. തൃക്കാക്കര ക്യാമ്പസിൽ സർവ്വകലാശാലക്ക് അവകാശപ്പെട്ട മുഴുവൻ ഭൂമിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും, വസ്തുവകകൾ അതിർത്തി തിരിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

കുസാറ്റിന്റെ കുട്ടനാട് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിനായി സ്ഥലമേറ്റടുത്തശേഷം നാളിതുവരെ സർവ്വേ നടത്തിയിട്ടില്ല. ഇവിടുത്തെ ഭൂമി സംരക്ഷിക്കാനുള്ള നടപടികളും അടിയന്തിരമായി കൈക്കൊള്ളണം.

## കണ്ണൂർ സർവ്വകലാശാല

# 5.1.6. ഭൂമി കയ്യേറ്റം – 1.71 ഏക്കർ സ്ഥലം നഷ്ടപ്പെട്ടു

കേരള സർക്കാരിന്റെ 04.08.1975 ലെ ജി.ഒ(എം.എസ്)200/75/ഐ.ഡി ഉത്തരവനുസരിച്ച് കോഴിക്കോട് സർവ്വകലാശാലയുടെ പാലയാട് കേന്ദ്രത്തിനായി 10.11 ഏക്കർ ഭൂമി അനുവദിച്ചിരുന്നു.കോഴിക്കോട് സർവ്വകലാശാല ഈ ഭൂമി 06.03.1997 ലെ പി.എൽ.ഡി.ബി.1/12960/96 നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ സർവ്വകലാശാലയ്ക്ക് കൈമാറിയപ്പോൾ, പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 8.53 ഏക്കർ മാത്രമായിരുന്നു. മേൽ കാലയളവിനുള്ളിൽ ഭൂവിസ്തൃതിയിൽ 1.58 ഏക്കറിന്റെ കുറവുണ്ടായി. കണ്ണൂർ സർവ്വകലാശാലയുടെ പ്രോപ്പർട്ടി രജിസ്റ്റർ പ്രകാരം, നിലവിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണം 8.40 ഏക്കറാണ്. ഭൂമി കണ്ണൂർ സർവ്വകലാശാല ഏറ്റെടുത്തതിന് ശേഷവും 13 സെന്റ് നഷ്ടപ്പെട്ടിട്ടുണ്ട്, ഒട്ടാകെ 1.71 ഏക്കർ ഭൂമി സർവ്വകലാശാലയ്ക്ക് നഷ്ടമായിട്ടുണ്ട്, ഇത് തിരിച്ചു പിടിക്കാനായി യാതൊരുവിധ നടപടികളും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

**1. കമ്പ്യൂട്ടറുകളും, ഫർണീച്ചറുകളും ഉപയോഗിക്കാത്ത നിലയിൽ**

സർവ്വകലാശാലയുടെ നീലേശ്വരം ക്യാമ്പസിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുവാനായി 5 കമ്പ്യൂട്ടറുകളും, ആവശ്യമായ മേശകളും, കസേരകളും 2011 ൽ വാങ്ങുകയുണ്ടായി. എന്നാൽ വേണ്ടത്ര യു.പി.എസും, ഇന്റർനെറ്റ് കണക്ഷനും ഇല്ലാത്തതിനാൽ ഏകദേശം ഒന്നരലക്ഷം രൂപ വില വരുന്ന കമ്പ്യൂട്ടറുകളും, അനുബന്ധ സാമഗ്രികളും ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്.

മോളിക്യുലാർ ബയോളജി വകുപ്പിന്റെ ലബോറട്ടറിയിലേക്ക് വാങ്ങിയ 38,440/-രൂപ വിലയുള്ള 'ലാമിനാർ എയർഫ്ളോ' എന്ന ഉപകരണവും ഉപയോഗിക്കാതെ കിടക്കുകയാണ്.

സർവ്വകലാശാലയുടെ എം.ബി.എ സെന്ററിൽ 2009 ൽ ലഭിച്ച 10 കമ്പ്യൂട്ടറുകളിൽ 8 എണ്ണവും, 2011 ൽ ലഭിച്ച 14 കമ്പ്യൂട്ടറുകളും ഉപയോഗിക്കാതെ ക്ലാസ് മുറിയുടെ മൂലയ്ക്ക് അലക്ഷ്യമായി സൂക്ഷിച്ചിരിക്കുകയാണ്. ഇവ പ്രവർത്തിപ്പിക്കാൻ ആവശ്യമായ യു.പി.എസും, ഫർണിച്ചറും ഇല്ലാത്തതിനാലാണ് ഉപയോഗിക്കാനാവാത്തത്.

LOCAL FUND AUDIT DEPARTMENT

# 5.2. സർവ്വകലാശാലകളിൽ നിന്നുള്ള ശ്രദ്ധേയമായ ഓഡിറ്റ് പരാമർശങ്ങൾ

## 5.2.1. മഹാത്മാഗാന്ധി സർവ്വകലാശാല

### 5.2.1.1. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ

**(2009 – 10 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക III (13))**

യു.ജി.സിയുടെ 11-ാം പദ്ധതിയിൽ എം. ജി സർവ്വകലാശാലയുടെ ശാസ്ത്ര വകുപ്പുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന് 10 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത തുക വിനിയോഗിച്ച് ഡീസൽ ജനറേറ്റർ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, കോഫി വെൻഡിംഗ് മെഷീൻ എന്നിവ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ സർവ്വകലാശാലയുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് മുൻഗണന നൽകുകയോ ചെയ്തിട്ടില്ല.

**1) <u>ഡീസൽ ജനറേറ്റർ വാങ്ങൽ</u>**

കണക്ടഡ് ലോഡ് തീരെ കുറവായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ 45 കെ.വി.എ. ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് ഡയറക്ടർ ക്വട്ടേഷൻ ക്ഷണിച്ചു. ഓരോ വാങ്ങലുകൾ നടത്തുമ്പോഴും ആവശ്യകത വിലയിരുത്തണം എന്ന കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ ഇവിടെ പാലിച്ചിട്ടില്ല. വാങ്ങേണ്ട സാധനത്തിന്റെ വില 20,000/- രൂപയിൽ അധികരിക്കുന്നപക്ഷം ടെണ്ടർ ക്ഷണിക്കണം എന്ന നിബന്ധനയും ഡയറക്ടർ പാലിച്ചിട്ടില്ല. കുറഞ്ഞ വില ക്വോട്ട് ചെയ്ത M/s ജീവൻ ഡീസൽസ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം ജനറേറ്റർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് ക്വോട്ട് ചെയ്ത തുകയും ഡയറക്ടറുടെ പ്രൊപ്പോസലിലെ തുകയും 5,61,250/- രൂപ തന്നെയാണ്. ജനറേറ്റർ സെറ്റിന്റെ വാർഷിക അറ്റകുറ്റപ്പണി സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

ക്വട്ടേഷൻ ക്ഷണിച്ചതിലും, ജനറേറ്റർ സെറ്റ് വാങ്ങുന്നതിന് അനുവദിച്ച മുൻകൂർ ക്രമീകരിച്ച 17.09.2011 ലെ 5191/പി ആന്റ് ഡി.1/1/2011/ഭരണ വിഭാഗം നമ്പർ സർവ്വകലാശാല ഉത്തരവിലും ജനറേറ്റർ സെറ്റിന്റെ സ്ഥാപിത ശേഷി 45 കെ. വി. എ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വില നൽകിയിരിക്കുന്നതും 45 കെ. വി. എ ജനറേറ്റർ സെറ്റിനാണ്. എന്നാൽ ഭൗതിക പരിശോധനയിൽ യഥാർത്ഥത്തിൽ വാങ്ങിയത് 25 കെ.വി.എ ജനറേറ്ററാണെന്ന് വ്യക്തമായി. ഇതു സംബന്ധിച്ച ഓഡിറ്റ് കുറിപ്പുകൾക്ക് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടർ ഡോ: റസീന പദ്മം നൽകിയ മറുപടിയിൽ കെമിക്കൽ സയൻസ്, ഫിസിക്സ്, ബയോസയൻസ് എന്നീ വകുപ്പുകളിലെ പദ്ധതിയുടെ ഗുണഭോക്താക്കളുമായുള്ള ആശയവിനിമയത്തിനുശേഷമാണ് 45 കെ.വി.എ. ജനറേറ്റർ വാങ്ങാൻ തീരുമാനിച്ചതെന്നും പിന്നീട് ഇലക്ട്രിക്കൽ വിഭാഗവുമായി ചർച്ച ചെയ്തപ്പോൾ, 45 കെ.വി.എ.ജനറേറ്റർ സ്ഥാപിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടാണെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് 25 കെ.വി.എ.ജനറേറ്റർ വാങ്ങാൻ തീരുമാനിച്ചതെന്നും വിശദീകരിച്ചിരിക്കുന്നു. വാങ്ങിയ 25 കെ.വി.എ.ജനറേറ്റർ സെറ്റ് പോലും ഇൻസ്റ്റാൾ ചെയ്യാതെ കാമ്പസിൽ അലക്ഷ്യമായ രീതിയിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിൽ നിന്നും 25 കെ.വി.എ.ജനറേറ്റർ പോലും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന് ആവശ്യമില്ലായിരുന്നെന്ന് വ്യക്തമാകുന്നു.

45 കെ.വി.എ ജനറേറ്റർ സെറ്റിന്റെ വിലയായ 4,15,000/- രൂപയും ഇൻസ്റ്റലേഷൻ ചാർജായ 1,46,250/- രൂപയും 402675/11.08.2009, 193099/29.03.2010 എന്നീ ചെക്കുകൾ പ്രകാരം M/s ജീവൻ ഡീസൽസ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻസ്റ്റാൾ ചെയ്യാതെ ജനറേറ്റർ സെറ്റ് കാമ്പസിൽ വെറുതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി.

വാങ്ങിയ ജനറേറ്റർ ബിഹേവിയറൽ സയൻസിന്റെ കെട്ടിടത്തിലെ വിതരണശൃംഖലയുമായി ഘടിപ്പിക്കുകയോ ഒരു തവണപോലും പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല. ജനറേറ്റർ സെറ്റിന് ഷെഡ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ മഴയും വെയിലുമേറ്റ് തുരുമ്പിക്കുന്ന അവസ്ഥയിലാണ്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതും വാറണ്ടി കാലാവധി കഴിഞ്ഞതുമായ ഉപകരണം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് കെട്ടിടത്തിന്റെ പിൻവശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ടു.

LOCAL FUND AUDIT DEPARTMENT

സ്ഥാപനത്തിന് ആവശ്യമില്ലാത്ത ജനറേറ്റർ വാങ്ങി തുക ചെലവഴിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ജനറേറ്റർ വാങ്ങി സ്ഥാപിച്ചയിനത്തിൽ ചെലവഴിച്ച 5,61,250/-രൂപ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന്റെ ഡയറക്ടറായിരുന്ന ശ്രീമതി ഡോ. റസീന പദ്മത്തിൽ നിന്നും ഈടാക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**2) ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ**

യു.ജി.സി ഗ്രാന്റ് ഉപയോഗിച്ച് M/s ടെക് കമ്പ്യൂട്ടേഴ്സ്,കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 2,63,900/- രൂപയ്ക്ക് 12 ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. 12 കമ്പ്യൂട്ടറുകൾക്ക് M/s കമ്പ്യൂട്ടെക് കമ്പ്യൂട്ടേഴ്സ് ക്വോട്ട് ചെയ്തത് 2,63,900/- രൂപയാണെങ്കിലും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് 3,39,200/- രൂപ നൽകി. (ചെക്ക് നം. 402676/12.06.2006). അധികം നൽകിയ 75,300/- രൂപ 29.10.2009 ലെ 231785-ാം നമ്പർ ചെക്ക് പ്രകാരം ഡീലർ തിരികെ നൽകി.

വാറണ്ടി കാലാവധിയ്ക്കു ശേഷം വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കരാറിലും ഏർപ്പെട്ടിട്ടില്ല. നിലവിൽ ഭൂരിഭാഗം കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമല്ല. കൂടാതെ 12 കമ്പ്യൂട്ടറുകളിൽ 10 എണ്ണത്തിലും 'വിൻഡോസ് എക്സ്പി' സോഫ്റ്റ്വെയറുകളാണ് ലോഡ് ചെയ്തിട്ടുള്ളത്. 1957 ലെ ഇൻഡ്യൻ പകർപ്പവകാശ നിയമ പ്രകാരം pirated software ഉപയോഗിക്കുന്നത് 7 ദിവസത്തെ ജയിൽ ശിക്ഷയോ 2 ലക്ഷം രൂപയോ ശിക്ഷ കിട്ടാവുന്ന കുറ്റമാണ്.

വകുപ്പിന്റെ ഉത്തമ താൽപര്യങ്ങൾക്ക് മുൻഗണന നൽകാതെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**3) ആവശ്യകത ഉറപ്പാക്കാതെ കോഫി വെൻഡിംഗ് മെഷീൻ വാങ്ങിയത് ക്രമരഹിതം**

ബിഹേവിയറൽ സയൻസിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പുനരധിവാസത്തിന്റെ ഭാഗമായി "M/s പയ്യിൽ ഏജൻസീസ് ", എറികാട്, പുതുപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും മെഷീനൊന്നിന് 14,000/- രൂപ നിരക്കിൽ 3 കോഫി വെൻഡിംഗ് മെഷീൻ വാങ്ങി (ആകെ 42,000/-രൂപ). ഭൗതിക പരിശോധനയിൽ നിലവിൽ ഒരു മെഷീൻ മാത്രമേ സ്ഥാപിച്ചിട്ടുള്ളെന്നും രണ്ടെണ്ണം സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി. ആവശ്യമില്ലാതെ 2 വെൻഡിംഗ് മെഷീനുകൾ അധികം വാങ്ങിയതിനാൽ 23,000/-രൂപ [ (14000x 2) -5000 ഡിസ്കൗണ്ട് ] അനാവശ്യചെലവ് വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യമില്ലാത്ത മെഷീനുകൾ വാങ്ങാൻ വിനിയോഗിച്ച 23,000/-രൂപ ഡയറക്ടർ ശ്രീമതി. റസീന പദ്മത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം എം. ജി യൂണിവേഴ്സിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 26.03.2013 ലെ L.F.M.G.U.A1/440/12-ാം നം. കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാറെ അറിയിച്ചിരുന്നു. നിലവിൽ 25 കെ.വി.എ.ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തിക്കുന്നതായും കോഫി വെൻഡിംഗ് മെഷീനുകൾ പ്രവർത്തനക്ഷമമാണെന്നും ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്.

**ഉത്തരവാദിയായ ഉദ്യോഗസ്ഥ :**

ഡോ. റസീന പദ്മം
ഡയറക്ടർ,
സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്,
എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം

LOCAL FUND AUDIT DEPARTMENT

## 5.2.1.2. സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ നിർമ്മാണവും ഫർണിഷിംഗും – അപാകതകൾ

**(2009–10 ഓഡിറ്റ് റിപ്പോർട്ട് , ഖണ്ഡിക III (16))**

പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ആധുനിക സൗകര്യങ്ങളോടു കൂടിയ സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ നിർമ്മാണം സി.പി.ഡബ്ല്യു.ഡി.യ്ക്ക് നൽകുന്നതിന് 29.6.2006, 12.7.2006 എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് പ്രവൃത്തി നടത്തുന്നതിന് ചുവടെ ചേർക്കുന്ന ഉത്തരവുകൾ പ്രകാരം 7,96,96,814/- അനുവദിച്ചു നൽകുകയും ചെയ്തു.

| സർവ്വകലാശാല ഉത്തരവ്/തീയതി | തുക |
|---|---|
| പി.& ഡി1/2/ഒ.എ13/06 തീയതി: 30.3.2007 | 10000000 |
| 2696/പി & ഡി1/2/07/ഭരണം തീയതി: 21.11.2007 | 20000000 |
| 2390/പി & ഡി1/2/07/ഭരണം തീയതി : 4.6.2008 | 10000000 |
| 3440/പി & ഡി1/2008/ഭരണം തീയതി : 12.8.2008 | 10000000 |
| 4005/പി & ഡി1//2/ഒ.എ13/06 (സി) തീയതി: 17.9.08 | 10000000 |
| 4005/പി & ഡി1/2/ഒ.എ13/06(സി) തീയതി : 17.9.08 | 4796814 |
| 1642/പി &ഡി1/2/09/ഭരണം തീയതി : 7.4.09 | 7300000 |
| പി & ഡി1/3287/ഒ.എ13/06/ഭരണം തീയതി: 27.7.09 | 2600000 |
| 5494/പി & ഡി1/09/ഭരണം തീയതി: 19.12.09 | 5000000 |
| **ആകെ** | **7,96,96,814/–** |

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ വിവരിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

**1) കേന്ദ്ര പൊതുമരാമത്ത് വകുപ്പുമായി ധാരണാപത്രം ഒപ്പു വച്ചതിന് ശേഷവും എസ്റ്റിമേറ്റിൽ സാരമായ വ്യതിയാനം വരുത്തി**

17,02,56,000/-രൂപയുടെ എസ്റ്റിമേറ്റാണ് സിൽവർ ജൂബിലി പരീക്ഷാഭവൻ പ്രവർത്തിക്കുവേണ്ടി സി.പി.ഡബ്ല്യു.ഡി. ആദ്യം തയ്യാറാക്കിയത്. അതിനുശേഷം 9.8.2006 ൽ 10,26,03,400/-രൂപയായും 3/07 ൽ 6,51,14,000/-രൂപയായും തുക പുതുക്കുകയും സിൻഡിക്കേറ്റ് ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 29.3.2007 ലാണ് സർവ്വകലാശാലയും സി.പി.ഡബ്ല്യു.ഡി.യുമായി ധാരണാപത്രം ഒപ്പുവച്ചത്. അതിന് ശേഷം 26.4.2007 ൽ 6,76,30,100/-രൂപയായി എസ്റ്റിമേറ്റ് തുക വ്യത്യാസപ്പെടുത്തി. ധാരണാപത്രം ഒപ്പുവച്ചതിനുശേഷം എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്തിയത് ചട്ടവിരുദ്ധമാണ്.

ധാരണാപത്രത്തിൽ ഒപ്പുവച്ചതിന് ശേഷം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച നടപടിക്രമം സിൻഡിക്കേറ്റിന്റെ അനുവാദത്തിന് വെയ്ക്കണമെന്ന് 14.5.2007, 6.12.2007 തീയതികളിൽ വൈസ് ചാൻസലർ ഉത്തരവിട്ടെങ്കിലും ഫയൽ വിശദീകരണത്തിനും അനുവാദത്തിനുമായി സമർപ്പിച്ചില്ല .16.9.2008 ലെ 187/6.32/5346 നമ്പർ തീരുമാന പ്രകാരം പ്രസ്തുത വിഷയത്തിൽ സിൻഡിക്കേറ്റിൽ നിന്നും സ്പഷ്ടീകരണം ആരായുന്നതിന് തീരുമാനിച്ചു. എന്നാൽ ഇതേ തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 3986/പി & ഡി.1/2/ഒ.എ13/06 പ്രകാരം ധാരണാ പത്രം ഒപ്പിട്ടതിന് ശേഷം 26.4.2007 ൽ ഉയർത്തിയ എസ്റ്റിമേറ്റ് തുക 6,76,30,100/- രൂപ അംഗീകരിച്ചു.

**2) നിർമ്മാണ മോണിട്ടറിംഗ് സമിതി പരിമിതപ്പെടുത്തിയ പ്രവൃത്തി മൂല്യത്തിലും അധികരിച്ച് തുക ചെലവഴിച്ചു**

24.3.2007 ൽ കൂടിയ സിൽവർ ജൂബിലി പരീക്ഷാഭവൻ നിർമ്മാണ മോണിട്ടറിംഗ് സമിതി പ്രവൃത്തിമൂല്യം 6.5 കോടി രൂപയിൽ പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. മേൽ വിവരം 26.3.2007 ലെ പി. & ഡി1/2/ഒ.എ13/06 പ്രകാരം രജിസ്ട്രാർ അറിയിച്ചെങ്കിലും സി.പി.ഡബ്ല്യു.ഡി. തുക 6,76,30,100/-രൂപയായി ഉയർത്തി സർവ്വകലാശാല ഫണ്ടിൽ നിന്നും 7,97,26,914/-രൂപ താഴെ വിവരിക്കും പ്രകാരം ആവശ്യപ്പെടുകയും ചെയ്തു.

| | | |
|---|---|---|
| 1. പ്രധാന പ്രവൃത്തി | - | 67630100 |
| 2. അധിക പ്രവൃത്തി | - | 7300000 |
| 3. വികസന പ്രവൃത്തി | - | 4796814 |
| **ആകെ** | **–** | **7,97,26,914** |

ഇതിൽ 7,96,96,814/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

LOCAL FUND AUDIT DEPARTMENT

**3) കരാർ ചമയ്ക്കുന്നതിനു മുമ്പേ പ്രവൃത്തി ആരംഭിച്ചു**

സി.പി.ഡബ്ല്യു.ഡി. കോഡിലെ ചട്ടം 204 (iv ഡി) പ്രധാന ഖണ്ഡിക 95 പ്രകാരം ടേൺ കീ പ്രവൃത്തികൾക്ക് നിർബന്ധമായും കരാർ ചമയ്ക്കണമെന്നും മേൽ ചട്ടത്തിലെ 5-ാം വ്യവസ്ഥ പ്രകാരം കരാർ ചമയ്ക്കാതെ പ്രവൃത്തി ആരം ഭിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 29.3.2007 ൽ കരാർ ചമയ്ക്കുന്നതിന് മുൻപ് പ്രവൃത്തി ആരംഭിച്ചു. സി. പി.ഡബ്ല്യു.ഡി. കോഡിലെ ചട്ടം 101(എ) പ്രകാരം അധികാരികളുടെ അനുമതിയില്ലാതെ ഒരു പ്രവൃത്തി ആരംഭിക്കുന്ന തിനോ പൊതുമുതൽ ചെലവഴിക്കുന്നതിനോ ഡിവിഷണൽ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടില്ല. പരീക്ഷാഭവൻ നിർമ്മാണത്തിന് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും കരാർ ഒപ്പിടുന്നതിനും മുൻപ് എസ്റ്റിമേറ്റ് ഉയർത്തി പ്രവൃത്തി കോൺട്രാ ക്ടറെ ഏൽപ്പിച്ചു.

**4) നിർദ്ദേശിച്ച കാർപ്പറ്റ് വിസ്തീർണ്ണത്തിൽ കുറവ് വരുത്തി പ്രവൃത്തി നടപ്പിലാക്കി**

പ്ലാൻ പ്രകാരം നിർദ്ദിഷ്ട കാർപ്പറ്റ് വിസ്തീർണ്ണം 75000 ചതുരശ്ര അടിയായിരുന്നത് 8.8.2006, 18.8.2006 തീയതി കളിലെ സിൻഡിക്കേറ്റ് യോഗം 65000 ചതുരശ്ര അടിയായി കുറവ് വരുത്തി അംഗീകരിച്ചു. എന്നാൽ സി.പി.ഡബ്ല്യു.ഡി യുടെ പുതുക്കിയ പ്ലാൻ പ്രകാരം കാർപ്പറ്റ് വിസ്തീർണ്ണം 51486.6 ചതുരശ്ര അടിയാക്കി നിർണ്ണയിച്ച് പ്രവൃത്തി നടപ്പാക്കി. എസ്റ്റിമേറ്റ് പ്രകാരമുളള കാർപ്പറ്റ് വിസ്തീർണ്ണത്തിൽ കുറവ് വരുത്തി പ്രവൃത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാ ക്കിയിട്ടില്ല.

**5) പരീക്ഷാ ഭവൻ ഫർണിഷിംഗ് പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിർണ്ണയിക്കാതെ പ്രവൃത്തി ഏജൻസിയെ ഏൽപ്പിച്ചത് മൂലം അധികം ചെലവ് വന്നു**

സിൽവർ ജൂബിലി പരീക്ഷാഭവൻ ഫർണിഷിംഗ് പ്രവൃത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (ലിമിറ്റഡ്) ആലുവ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. ആവശ്യമായ സ്പെസിഫിക്കേഷൻ, റിക്വയർമെന്റ്, ഡ്രോയിംഗ് എന്നിവ കൂടാതെ നിർവ്വ ഹണ ഏജൻസി സ്വന്തം നിലയിൽ തയ്യാറാക്കിയ പ്ലാൻ അംഗീകരിച്ച് തുക ചെലവഴിച്ചിരിക്കുന്നു. ഇത്തരത്തിൽ നിർവ്വ ഹണ ഏജൻസി തങ്ങളുടെ പ്ലാനിൽ നടത്തിയ പ്രവൃത്തികൾ സർവ്വകലാശാലയ്ക്ക് മാറ്റേണ്ടി വന്നതിനാൽ ട്രാൻസ്പോർട്ടിംഗ് ചാർജ്ജിനത്തിൽ 1,11,500/-രൂപയും ക്യാബിൻ റീസെറ്റിംഗിനുളള ഡിസ്മാന്റലിംഗ് ചെലവിനത്തിൽ 60,000/-രൂപയും ചെലവഴിക്കേണ്ടി വന്നു.

ക്യാബിൻ ജോലിയ്ക്ക് ഉപയോഗിച്ച പ്രിലാം ബോർഡിന്റെ കനം 12 എം.എം.ന് പകരം 9 എം.എം ഉപയോഗിച്ചതി നാൽ പ്രവൃത്തി മൂല്യത്തിൽ 12,967/-രൂപ കുറവ് വന്നു. എന്നാൽ തുക അനുവദിച്ചപ്പോൾ യഥാർത്ഥ പ്രവർത്തി മൂല്യം അധികരിച്ച് ചെലവ് ചെയ്തു. യഥാർത്ഥ പ്രവൃത്തി മൂല്യം 1,39,00,162 രൂപയാണ്. അനുവദിച്ച തുക 1,40,25,315/-രൂപയും. അധികം നൽകിയ 1,25,153/-രൂപ ഈടാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(6) **പരീക്ഷാഭവൻ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ കണ്ട അപാകതകൾ പരിഹരിക്കുന്നതിന് അറ്റകുറ്റപ്പണി കൾ നടത്തിയതിന്റെ രേഖയില്ല**

(7) **സ്ഥാപന വൈദ്യുതീകരണത്തിന് പ്രവൃത്തികൾ അനുവദിച്ചതിന്റെയും പൂർത്തിയാക്കിയതിന്റെയും വിശദാംശം ലഭ്യമാക്കിയില്ല**

(8) **പരീക്ഷാഭവൻ നിർമ്മാണസ്ഥല സൗകര്യമൊരുക്കുന്നതിന് മരങ്ങൾ മുറിച്ചു മാറ്റിയതിൽ ആയതിന്റെ ലേല വരവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല**

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം എം.ജി. സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 26.3.2013 ലെ എൽ.എഫ്.എം.ജി.യു എ1/440/12-ാം നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാറിനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

LOCAL FUND AUDIT DEPARTMENT

## 5.2.2. കണ്ണൂർ സർവ്വകലാശാല

### 5.2.2.1. അറ്റ്മോസ്ഫറിക് സയൻസ്, നാനോ സയൻസ് പഠന വകുപ്പുകൾ പ്രവർത്തനരഹിതം

**(ഓഡിറ്റ് വർഷം : 2009-10, ഖണ്ഡിക III-2)**

കണ്ണൂർ സർവ്വകലാശാലയിൽ യഥാക്രമം 2009, 2010 വർഷങ്ങളിലായി ആരംഭിച്ച അറ്റ്മോസ്ഫറിക്, നാനോ സയൻസ് പഠന വകുപ്പുകൾ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനം (MSc) സാധ്യമാക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചുള്ളവയായിരുന്നു.

പഠന വകുപ്പുകൾക്കായി ഭീമമായ തുക ചെലവഴിച്ചു കഴിഞ്ഞുവെങ്കിലും രണ്ടു വകുപ്പുകളും പൂർണ്ണമായും പ്രവർത്തനരഹിതമാണ്.

**എ) <u>ചെലവ്</u>**

താഴെ വിവരിക്കും പ്രകാരം അറ്റ്മോസ്ഫറിക് സയൻസ് വകുപ്പിനുവേണ്ടി 2010-11 സാമ്പത്തിക വർഷം വരെ 18,46,136/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| സ്റ്റാഫ് സാലറി | 1051751 |
| ഫർണ്ണീച്ചർ | 98975 |
| ഉപകരണങ്ങൾ | 589329 |
| ബുക്സ് & ജേർണൽസ് (പുസ്തകങ്ങളും ആനുകാലികങ്ങളും) | 99106 |
| ടെലിഫോൺ ചാർജ് | 5983 |
| ഒ. ഇ & എം. | 992 |
| **ആകെ** | **1846136** |

നാനോ സയൻസ് വകുപ്പിനു വേണ്ടി 2010-11 സാമ്പത്തിക വർഷം വരെ 8,47,907/-രൂപ ചെലവഴിക്കുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ശമ്പളച്ചെലവ് | 802083 |
| യാത്രാബത്ത | 576 |
| കണ്ടിജന്റ് ജീവനക്കാരുടെ വേതനം | 31435 |
| ടെലഫോൺ ചാർജ് | 4895 |
| ഒ.ഇ&എം (ഓഫീസ് ചെലവുകളും മറ്റും) | 8918 |
| **ആകെ** | **847907** |

**ബി) <u>പഠന വകുപ്പുകളുടെ ഇന്നത്തെ അവസ്ഥ</u>**

പഠന വകുപ്പുകൾ തുടങ്ങിയിട്ട് രണ്ടു വർഷത്തിലേറെയായിട്ടും വിദ്യാർത്ഥികൾക്കോ, ഗവേഷകർക്കോ പ്രവേശനം നൽകുന്നതിനുള്ള യാതൊരു നടപടിക്രമങ്ങളും സർവ്വകലാശാല ആരംഭിച്ചിട്ടില്ല. നാളിതു വരെ അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയോ, പാഠ്യപദ്ധതി (സിലബസ്) രൂപീകരിക്കുകയോ ചെയ്തിട്ടില്ല. വകുപ്പുതലവന്മാരുടെ സേവനം പോലും ചുരുങ്ങിയ കാലയളവിലേക്കു മാത്രമാണ് ഉണ്ടായിരുന്നത് (തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലെ ഫിസിക്സ് വകുപ്പിലെ സീനിയർ ലക്ചറർ ആയ ഡോ: എം. സതീഷ് കുമാർ 12/2008 മുതൽ 01/2011 വരെ അറ്റ്മോസ്ഫറിക് സയൻസ് വകുപ്പിന്റെ തലവനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു. അതുപോലെ കൊൽക്കത്ത സാഹാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ സയൻസിലെ ഡോ:പി.എം ഗോപാലകൃഷ്ണൻ നമ്പീശൻ 01/2009 മുതൽ 01/2010 വരെ നാനോ സയൻസ് പഠന വകുപ്പിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. അതിനുശേഷം യഥാക്രമം ഫിസിക്സ്, കെമിസ്ട്രി പഠന വകുപ്പുതലവന്മാർ അറ്റ്മോസ്ഫറിക് സയൻസ്, നാനോ സയൻസ് പഠനവകുപ്പുകളുടെ ചുമതല വഹിച്ചു വരുന്നു). വിദ്യാർത്ഥികൾക്കാവശ്യമായ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പഠനവകുപ്പുകൾ ആരംഭിച്ച് ഓഫീസുകൾ സൃഷ്ടിച്ചതല്ലാതെ വകുപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള യാതൊരു നടപടിയും സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.

LOCAL FUND AUDIT DEPARTMENT

**സി) ആവശ്യമായ പഠനങ്ങൾ നടത്താത്തത് പ്രതിസന്ധിയിലേക്കു നയിച്ചു**

ഈ രണ്ടു വകുപ്പുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രധാന തടസ്സം കോഴ്സ് നടത്തിപ്പിനുള്ള ഭീമമായ ചെലവും യോഗ്യരായ അധ്യാപകരുടെ ലഭ്യതക്കുറവുമാണ്. ഈ രണ്ടു കാര്യങ്ങളും സർവ്വകലാശാലയുടെ ഉത്തരവാദപ്പെട്ട സമിതികളായ അക്കാദമിക്ക് കൗൺസിൽ, സിൻഡിക്കേറ്റിന്റെ കോഴ്സ് അഫിലിയേഷൻ, ഗവേഷണം എന്നിവയ്ക്കു വേണ്ടിയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ വിശകലനം ചെയ്തിട്ടില്ല. ആവശ്യമായ പഠനങ്ങൾ നടത്താതെ തിടുക്കത്തിൽ ആരംഭിച്ചതാണ് പഠന വകുപ്പുകളെ ഇന്നത്തെ പ്രതിസന്ധിയിലേക്ക് നയിച്ചത്.

**ഡി) പുനരുജ്ജീവന സാധ്യതകൾ**

പഠന വകുപ്പുകളുടെ ഭീമമായ നടത്തിപ്പു ചെലവ് കണ്ടെത്തുന്നതിന് കൗൺസിൽ ഫോർ സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച് (CSIR), യു.ജി.സി, ഭാരത സർക്കാരിന്റെ സയൻസ് & ടെക്നോളജി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അറ്റമോസ്ഫറിക് സയൻസ് വകുപ്പിന്റെ കാര്യത്തിൽ, 1975 മുതൽ എം. എസ്.സി കോഴ്സും, 1989 മുതൽ എം. ടെക് കോഴ്സും പ്രസ്തുത വിഷയത്തിൽ നടത്തി വരുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ തേടാവുന്നതാണ്. പ്രസ്തുത യൂണിവേഴ്സിറ്റിക്ക് മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട് എന്ന കാര്യവും ശ്രദ്ധേയമാണ്. അറ്റ്മോസ്ഫറിക് സയൻസ് വിഷയത്തിലുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഐ.എസ്.ആർ.ഒയുടെ വിവിധ സ്കീമുകൾ വഴി സർവ്വകലാശാലകൾക്ക് നൽകുന്ന ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളും നടത്താവുന്നതാണ്.

നാനോ സയൻസ് വകുപ്പിന്റെ കാര്യത്തിലാണെങ്കിൽ ഇന്റർനാഷണൽ നാനോ സയൻസ് കമ്മ്യൂണിറ്റി, ഇന്ത്യൻ സൊസൈറ്റി ഓഫ് നാനോ സയൻസ് മുതലായ സംഘടനകളുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്ത വിവരം 08.03.2013 ലെ എൽ.എഫ്/കെ.എൻ.ആർ.യു.5/170/2013-ാം നമ്പർ കത്തു പ്രകാരം കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാറെ അറിയിച്ചുവെങ്കിലും മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

LOCAL FUND AUDIT DEPARTMENT

അധ്യായം – 6

**ഓഡിറ്റ് പരിധിയിലുള്ള മറ്റുസ്ഥാപനങ്ങൾ**

# 6.1. കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**അവലോകന റിപ്പോർട്ട്**

## 6.1.1. ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതി

ഹിന്ദിയിലും മറ്റ് ആധുനിക ഇന്ത്യൻ ഭാഷകളിലും ശാസ്ത്രസാങ്കേതിക പദങ്ങൾ ഉൾക്കൊള്ളിച്ച് നിഘണ്ടുക്കൾ, പദകോശങ്ങൾ, നിർവ്വചന നിഘണ്ടുകൾ, വിജ്ഞാനകോശങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ മാനവശേഷിവികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക പദാവലി കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് (CSTT - Commission for Scientific and Technical Terminology). ഇതിന്റെ ഭാഗമായി 2009-10, 2010-11 കാലയളവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (സിൽ) മുഖേന വിവിധ വിഷയങ്ങളിലുള്ള ഇംഗ്ലീഷ് - മലയാളം - ഹിന്ദി ത്രിഭാഷാ നിഘണ്ടുവും നിർവ്വചന നിഘണ്ടുവും തയ്യാറാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സി.എസ്.റ്റി.റ്റിയും തമ്മിൽ 03.07.2009 ൽ കരാറിലേർപ്പെട്ടു. പ്രസ്തുത പദകോശങ്ങളുടെ നിർമ്മാണപദ്ധതി ഓഡിറ്റ് അവലോകനം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2009-10 വർഷത്തിലാണ് ആദ്യമായി ഈ പദ്ധതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്നത്. ഗ്ലോസറി നിർമ്മാണം ഘട്ടം ഘട്ടമായിട്ടാണ് നടന്നത്. ഒരു സംഘം വിദഗ്ദ്ധർ അക്കാദമിക്ക് സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് ഗ്ലോസറി പ്രവർത്തനം നടത്തിയത്. കയ്യെഴുത്തുപ്രതി തയ്യാറായാൽ അത് കമ്മീഷന്റെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത സംരംഭമായി പ്രസിദ്ധീകരിക്കുന്നു.

### 1. ഓഡിറ്റ് കണ്ടെത്തലുകൾ

**(എ) ധാരണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും**

03.07.2009 ൽ ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധനകൾ പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് തന്നെ അക്കാഡമിക്ക് സൂപ്പർവൈസറായി പ്രവർത്തിക്കാവുന്നതാണ്. ഒരേസമയം ഇൻസ്റ്റിറ്റ്യൂട്ടിനും അക്കാഡമിക്ക് സൂപ്പർവൈസർക്കും പരമാവധി 6 ഉം 3 ഉം വിഷയങ്ങൾ യഥാക്രമം കൈകാര്യം ചെയ്യാവുന്നതാണ്. എന്നാൽ 2009-10 ലും 2010-11 ലും ഇൻസ്റ്റിറ്റ്യൂട്ട് 8 വിഷയങ്ങൾ വീതം കൈകാര്യം ചെയ്തിരിക്കുന്നു. അക്കാഡമിക്ക് സൂപ്പർവൈസർക്ക് വിദഗ്ദരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഓരോ വിഷയങ്ങളിലുമുള്ള വിദഗ്ദ്ധരെ തെരഞ്ഞെടുത്തതിന് ശേഷമുള്ള യോഗങ്ങളിൽ എല്ലാ ദിവസവും അക്കാഡമിക്ക് സൂപ്പർവൈസറുടെ മേൽനോട്ടമുണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ 2010-11 ൽ തിരുവനന്തപുരത്ത് കൈകാര്യം ചെയ്ത 5 വിഷയങ്ങളുടെയും അക്കാഡമിക്ക് സൂപ്പർവൈസർ അസി.ഡയറക്ടറായിരുന്ന ശ്രീ മൊഹമ്മദ് മാഹീനാണ്. അതനുസരിച്ചുള്ള ഓണറേറിയവും കൈപ്പറ്റിയിട്ടുണ്ട്.

**(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി**

2009-10, 2010-11 കാലയളവിലെ ത്രിഭാഷാ പദകോശത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ വൻതുക ഓണറേറിയമായി കൈപ്പറ്റിയിട്ടുണ്ട്. അക്കാദമിക്ക് സൂപ്പർവൈസർ, വിദഗ്ദർ, സെക്രട്ടേറിയൽ അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചതിനാണ് സി.എസ്.റ്റി.റ്റിയിൽ നിന്നും ഓണറേറിയം ലഭിച്ചത്. 2009-10 കാലയളവിൽ പ്രതിദിനം 500/-രൂപ നിരക്കിലും 2010-11 കാലയളവിൽ പ്രതിദിനം 1,000/- രൂപ നിരക്കിലുമായിരുന്നു ഓണറേറിയം അനുവദിച്ചിരുന്നത്. എന്നാൽ വൻതുക കൈപ്പറ്റുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും മുൻകൂട്ടിയുള്ള അനുമതി തേടിയില്ല.

LOCAL FUND AUDIT DEPARTMENT

ഓണറേറിയം കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | ഡോ. പി. കെ പോക്കർ | ഡയറക്ടർ | 34000 |
| 2. | എസ്. സുരേഷ് | അസി. ഡയറക്ടർ | 87500 |
| 3. | എ. ജി ഒലീന | റിസർച്ച് ഓഫീസർ | 76500 |
| 4. | ഡോ. എ. മുഹമ്മദ് മാഹീൻ | അസി. ഡയറക്ടർ | 68000 |
| 5. | സി. അശോകൻ | എഡിറ്റോറിയൽ അസിസ്റ്റന്റ് | 67000 |
| 6. | ജി. ബി. ഹരീന്ദ്രനാഥ് | ടി | 46000 |
| 7. | ഡോ. ബി. സുഗീത | ടി | 66000 |
| 8. | ഡോ. ആർ. രാധാകൃഷ്ണൻ | യു.ഡി.സി | 26000 |
| 9. | എസ്. ഹരിപ്രിയ | യു.ഡി.സി | 16000 |
| 10. | കെ. സെയ്തലവി | കാഷ്യർ | 57000 |
| 11. | ദിവ്യ .കെ. വി | യു.ഡി.സി | 4000 |
| **ആകെ (രൂപ)** | | | **548000** |

**(സി) സി. എസ്. റ്റി. റ്റി ഫണ്ട് വിനിയോഗത്തിലെ അപാകതകൾ**

ഗ്ലോസറി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന സി.എസ്.റ്റി.റ്റി ഗ്രാന്റിൽ നിന്നോ (സർവ്വകലാശാലതലത്തിലുള്ള പുസ്തകങ്ങൾ നിർമ്മിക്കുന്നതിന്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടിൽ നിന്നോ ചെലവാക്കിയതിനു ശേഷം കമ്മീഷൻ ആയത് റീഇംബേഴ്സ് ചെയ്തു നൽകുമെന്നതാണ് ധാരണാപത്രത്തിലെ നിബന്ധന. 2009-10 വർഷത്തിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് ആറു ഘട്ടങ്ങളിലായും, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിൽ വച്ച് അഞ്ച് ഘട്ടങ്ങളിലായുമാണ് ഗ്ലോസറി നിർമ്മാണം നടന്നിരുന്നത്. ആകെ 8 വിഷയങ്ങളിൽ നടന്ന ഗ്ലോസറി പ്രവർത്തനത്തിനായി 30,21,451/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2010-11 കാലയളവിൽ തിരുവനന്തപുരത്ത് ആറ് ഘട്ടങ്ങളിലായും കോഴിക്കോട് ഏഴ് ഘട്ടങ്ങളിലായും ആകെ 8 വിഷയങ്ങളിൽ ഗ്ലോസ്സറി നിർമ്മാണ പ്രവർത്തനം നടന്നു. ഇതിനായി ആകെ 71,71,147/- രൂപ ചെലവായി. സി.എസ്.റ്റി.റ്റി.യിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുള്ള ആകെ വരവ് 1,00,82,606/-രൂപയാണ്. 2009-10 ലെ ചെലവ് 30,21,451/-രൂപയും 2010-11 ലെ ചെലവ് 71,71,147/-രൂപയും ഉൾപ്പെടെ ആകെ ചെലവ് 1,01,92,598/-രൂപയാണ്.

ഗ്ലോസറി പ്രവർത്തനവുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 10 പ്രകാരം കേന്ദ്രധനസഹായം പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. സ്പെഷ്യൽ ഗ്രാന്റുകളുടെ വരവ്-ചെലവ് കണക്കുകൾ ചട്ടം 38 ൽ അനുശാസിക്കും പ്രകാരം അപ്രോപ്രിയേഷൻ രജിസ്റ്ററിൽ (A.F No.20) എഴുതി സൂക്ഷിക്കേണ്ടതാണ്. ഗ്ലോസറി പ്രവർത്തനത്തിനുള്ള ചെലവ് തുക മുഴുവനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത് എന്നാൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് ആധാരമായ വൗച്ചറുകളൊന്നും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ ഫിനാൻഷ്യൽ അസിസ്റ്റന്റോ കണ്ടിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിന്റെ ഡ്രോയിംഗ് ഓഫീസർ, അഡ്മിനിസിട്രേറ്റീവ് ഓഫീസർ ആണെന്നിരിക്കെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അഭിപ്രായം തേടാതിരുന്നതും, സാമ്പത്തിക കാര്യങ്ങളിൽ ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ ഉപദേശം തേടാത്തതും ഗുരുതരമായ വീഴ്ചയാണ്.

**(ഡി) ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച**

സി.എസ്.റ്റി.റ്റി യുമായി ഇൻസ്റ്റിറ്റ്യൂട്ട് ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധന പ്രകാരം പുറത്തിറക്കുന്ന പ്രസിദ്ധീകരണത്തിന്റെ പകർപ്പവകാശം കമ്മീഷനും ഇൻസ്റ്റിറ്റ്യൂട്ടിനും കൂടിയാണ്. നിബന്ധന 8 പ്രകാരം ഗ്ലോസറികളുടെ വില ഇൻസ്റ്റിറ്റ്യൂട്ടിന് തന്നെ നിശ്ചയിക്കാവുന്നതാണ്. സിൽ ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 70 പ്രകാരമാണ് ഡയറക്ടർ വില നിശ്ചയിക്കുന്നത്.

2009-10 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | തിരുവനന്തപുരം | ക്രമ നം. | കോഴിക്കോട് |
|---|---|---|---|
| 1. | ഭൗതികശാസ്ത്രം | 1. | ചരിത്രം |
| 2. | രസതന്ത്രം | 2. | തത്വചിന്ത |
| 3. | സസ്യശാസ്ത്രം | 3. | ജേർണലിസം |
| 4. | ജന്തുശാസ്ത്രം | | |
| 5. | മൃഗപരിചരണം | | |

2010-11 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | തിരുവനന്തപുരം | ക്രമ നം. | കോഴിക്കോട് |
|---|---|---|---|
| 1. | ഇക്കണോമിക്സ് | 1. | നിയമം |
| 2. | ജ്യോഗ്രഫി | 2. | പൊളിറ്റിക്കൽ സയൻസ് |
| 3. | അഗ്രിക്കൾച്ചർ | 3. | കൾച്ചറൽ സ്റ്റഡീസ് (Definition Dictionary) |
| 4. | ജിയോളജി | | |
| 5. | ഫിലോസഫി (Definition Dictionary) | | |

2009-10 ൽ തയ്യാറാക്കിയ ഗ്ലോസറികൾ എല്ലാം പുറത്തിറക്കിയിട്ടുണ്ട്. 2010-11 ൽ പൂർത്തിയായ ഗ്ലോസറികളിൽ 2 എണ്ണം ഒഴികെ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. രണ്ടു സാമ്പത്തിക വർഷം പിന്നിടുമ്പോഴും ബാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാത്തത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നു.

**(ഇ) ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റുവരവ്, വിൽപ്പന നിലവാരം**

ത്രിഭാഷാ പദകോശങ്ങളുടെ 1100 കോപ്പികൾ വീതമാണ് പ്രിന്റ് ചെയ്തിട്ടുള്ളത് (100 കോംപ്ലിമെന്ററി). ഇവയെല്ലാം മെയിൻ ഗോഡൗണിലെ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടുണ്ട്. ഗ്ലോസറിയുടെ വിറ്റുവരവ് തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. 1100 കോപ്പികൾ വീതം അച്ചടിച്ച ഗ്ലോസറികൾക്ക് നല്ല വിൽപ്പനയുള്ളതായി കാണുന്നു. 16.02.2013 ൽ നടത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ അവശേഷിക്കുന്ന ഗ്ലോസറികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| സിൽ നം. | ത്രിഭാഷാ പദകോശം | സ്റ്റോക്കിൽ അവശേഷിക്കുന്ന എണ്ണം |
|---|---|---|
| 2547 | ജന്തുശാസ്ത്രം | 211 |
| 2549 | രസതന്ത്രം | 229 |
| 2553 | മാധ്യമ പഠനം | 43 |
| 2554 | മൃഗസംരക്ഷണം | 249 |
| 2555 | സസ്യശാസ്ത്രം | 221 |
| 2558 | ഭൗതിക ശാസ്ത്രം | 284 |
| 2583 | ചരിത്രം | 161 |
| 2589 | തത്വചിന്ത | 117 |
| 2608 | രാഷ്ട്രതന്ത്രം | 235 |
| 2612 | നിയമം | 3 |

LOCAL FUND AUDIT DEPARTMENT

## 2. ഓഡിറ്റ് നിഗമനങ്ങൾ

- ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും ത്രിഭാഷാ പദകോശത്തിനായി നടത്തിയ ചെലവുകൾക്ക് കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.
- അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അഭിപ്രായം ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുടെ ഒരു ഘട്ടത്തിലും തേടിയില്ല.
- സി.എസ്.റ്റി.റ്റി യിൽ നിന്നുമുള്ള വരവ്-ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടില്ല.
- പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വരുത്തുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമുണ്ടാക്കുന്നു.

## 3. ഓഡിറ്റ് ശുപാർശകൾ

- പ്രത്യേക പദ്ധതികൾക്കായി അനുവദിക്കുന്ന ധനസഹായത്തിന്റെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടായ റിവോൾവിംഗ് ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി പാസ്സാക്കേണ്ടതാണ്.
- സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബാക്കി ത്രിഭാഷാ പദകോശങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്.

**ഓഡിറ്റ് പരാമർശം**

## 6.1.2. വിദേശ പുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചില്ല- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 54,742/- രൂപ നഷ്ടം

(2009-10 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 8)

ഇംഗ്ലീഷ് ഭാഷയിലുള്ള മൂന്ന് വിദേശ പുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ 2009 ൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രസാധകരും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു (ഫയൽ നം. പി/3179(2)/2008/സിൽ) പ്രസിദ്ധീകരണാവകാശം നേടിയെടുക്കാൻ 54,742/-രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസാധകർക്ക് നൽകി. എന്നാൽ ധാരണാപത്രത്തിലെ സമയപരിധിക്കുള്ളിൽ മലയാളം പരിഭാഷകൾ പ്രസിദ്ധീകരിക്കാത്തതിനാൽ പ്രസിദ്ധീകരണാവകാശവും അടച്ച പണവും ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെപ്പറയുന്നു.

(i) Jeffery D Sachs രചിച്ച് ലണ്ടനിലെ Wylie Agency പ്രസിദ്ധീകരിച്ച "End of Poverty : Economic possibilities for our Time", "Common Wealth; Economics for a Crowded Planet" എന്നീ രണ്ടു പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള 23.07.2009 ലെ ധാരണാപത്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പു **വ**ച്ചത് 03.10.2009 നാണ്. പുസ്തകങ്ങളുടെ പ്രസിദ്ധീകരണ അവകാശത്തിനായി 38,181/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവ് ചെയ്തു.

ധാരണാ പത്രത്തിലെ 5-ാം വ്യവസ്ഥയിൽ കരാർ ഒപ്പു വച്ച് 18 മാസത്തിനുളളിൽ പുസ്തകം പ്രസിദ്ധീകരിക്കണമെന്നും, ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാക്കപ്പെടുമെന്നും, അടച്ച പണം നഷ്ടമാവുമെന്നും വീക്ഷിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പ് വച്ച് മൂന്ന് വർഷമായിട്ടും പുസ്തകങ്ങളുടെ തർജ്ജമ പ്രസിദ്ധീകരിക്കാത്തതിനാൽ മേൽ പുസ്തകങ്ങളുടെ പ്രസിദ്ധീകരണാവകാശവും, ചെലവായ 38,181/- രൂപയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായിരിക്കുകയാണ്.

(ii) Slavoj Zizek രചിച്ച "The Sublime object of Ideology" എന്ന പുസ്തകത്തിന്റെ പ്രസാധകരായ ലണ്ടനിലെ VERSO എന്ന സ്ഥാപനവുമായി പുസ്തകത്തിന്റെ മലയാളം തർജ്ജമ പ്രസിദ്ധീകരിക്കുവാനുള്ള ധാരണാപത്രത്തിൽ 27.10.2009 ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പു വച്ചു. പ്രസിദ്ധീകരണാവകാശത്തിനായി 16,561/- രൂപയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ചെലവായത്.

VERSO യും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ഒപ്പു വച്ച കരാറിലെ 8-ാം നിബന്ധന പ്രകാരം ധാരണാപത്രം ഒപ്പു വച്ച് 12 മാസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാവുമെന്നും അടച്ച തുക നഷ്ടമാവുമെന്നും അടച്ച തുക നഷ്ടമാകുമെന്നും നിബന്ധന16(എ)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ പുസ്തകവും പ്രസിദ്ധീകരിക്കാൻ നാളിതുവരെയായി ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ലാത്തതിനാൽ പ്രസിദ്ധീകരണാവകാശവും ചെലവാക്കിയ 16,561/- രൂപയും നഷ്ടമായിരിക്കുകയാണ്.

മേൽ പുസ്തകങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിക്കാത്തതിനാൽ 54,742 (38181 + 16 561) രൂപയുടെ നഷ്ടം ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. കരാർ വ്യവസ്ഥ സമയബന്ധിതമായി നടപ്പാക്കുന്നതിനാൽ വീഴ്ച വരുത്തിയ ഡയറക്ടറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം സിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 16.04.2013 ലെ എൽ.എഫ്.സിൽ/എ2/180/2013 നം. കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ അറിയിച്ചിരുന്നു. ആയതിന് സിൽ ഡയറക്ടർ 29.04.2013 ലെ എ1/948/13/സിൽ നം. കത്ത് പ്രകാരം നൽകിയ മറുപടിയിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** :

ഡോ.പി.കെ.പോക്കർ
" സരോവരം" നല്ലളം, കോഴിക്കോട്
(പ്രൊഫസർ, ഫിലോസഫി വകുപ്പ്, കോഴിക്കോട് സർവ്വകലാശാല)

LOCAL FUND AUDIT DEPARTMENT

# 6.2. സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

**അവലോകന റിപ്പോർട്ട്**

## 6.2.1. വിജ്ഞാനകോശം വാല്യങ്ങളുടെ മുദ്രണം, സ്റ്റോക്ക് ചെയ്യൽ എന്നിവയിലെ അപാകങ്ങൾ

വിജ്ഞാനകോശം വാല്യങ്ങളുടെ മുദ്രണത്തിനായി വാങ്ങുന്ന പ്രിന്റിങ്/ആർട്ട് പേപ്പറുകൾ, അച്ചടിക്കപ്പെടുന്ന വിജ്ഞാനകോശ വാല്യങ്ങൾ എന്നിവയുടെ സ്റ്റോക്ക് വിവരത്തെക്കുറിച്ചുള്ളതാണ് പ്രവർത്തനക്ഷമതാ റിപ്പോർട്ട്. പ്രസ്തുത കാര്യങ്ങളിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ, ഇതു സംബന്ധിച്ച് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടുന്ന പോരായ്മകൾ എന്നിവ എടുത്തുകാട്ടുകയാണിതിലൂടെ ഓഡിറ്റ് ചെയ്തിട്ടുള്ളത്.

സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് (സൊസൈറ്റി) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾ 1984, 02.12.1989 ലെ ജി.ഒ.(എം.എസ്) നം.37/89/സി.എ.ഡി എന്നിവയാണ് റിപ്പോർട്ടിന് ആധാരമാക്കിയിട്ടുള്ളത്.

### 1. ഓഡിറ്റ് കണ്ടെത്തലുകൾ

**(എ) വാല്യങ്ങളുടെ ചെലവിന്റെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല**

20 വർഷം കൊണ്ട് സർവവിജ്ഞാനകോശം 20 വാല്യങ്ങളായി പ്രസിദ്ധീകരിക്കുക എന്ന സ്ഥാപിതോദ്ദേശ്യം ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തിയാക്കിയിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി 41 വർഷം പിന്നിടുമ്പോഴും ഈ പദ്ധതിയുടെ 75% ആണ് പൂർത്തിയായിട്ടുള്ളത്.

ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ പ്രസിദ്ധീകരിച്ച വിജ്ഞാനകോശവാല്യങ്ങളുടെ ചെലവിന്റെ വിവരം (മുദ്രണം, പ്രിന്റിങ്/ആർട്ട് പേപ്പറുകൾ എന്നിവയുടെ ചെലവ് വിവരങ്ങൾ) ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമല്ല. പദ്ധതി, പദ്ധതിയിതരം എന്നീ രണ്ടിനം ഗ്രാന്റുകളുടെ സഹായത്താലാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുപോരുന്നത്. വിജ്ഞാനകോശം വാല്യങ്ങളുടെ വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുക റിവോൾവിംഗ് ഫണ്ട് എന്ന അക്കൗണ്ടിൽ സൂക്ഷിക്കുന്നു. വാല്യങ്ങളുടെ പുന:പ്രസിദ്ധീകരണ ആവശ്യങ്ങൾക്ക് ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്.ഓരോ വാല്യങ്ങളുടേയും 5000/ 10000 പകർപ്പുകളാണ് ഓരോ തവണയും അച്ചടിക്കപ്പെടുന്നത്. വളരെ വിരളമായി മാത്രം 3000 പകർപ്പുകളും മുദ്രണം ചെയ്തിട്ടുണ്ട്.

മലയാള വിജ്ഞാനകോശത്തിന്റെ 07 വാല്യങ്ങൾ (വാല്യം 01, 02, 03, 06, 07, 09, 10) പരിസ്ഥിതി വിജ്ഞാനകോശം എന്നിവയുടെ പരിഷ്കരിച്ച പതിപ്പുകൾ, പരിണാമം, ജ്യോതിശ്ശാസ്ത്രം എന്നീ വാല്യങ്ങളുടെ പുന:പ്രസിദ്ധീകരണം എന്നിവയും സാദ്ധ്യമാക്കി. ലഭ്യമായ രേഖകൾ പ്രകാരം പ്രസിദ്ധീകരണം, പുന : പ്രസിദ്ധീകരണം എന്നിവയുൾപ്പെടെ ആകെ 39 പതിപ്പുകൾ.ഓരോ വാല്യവും ശരാശരി 5000 കോപ്പികൾ വീതം കണക്കാക്കിയാൽ നാളിതുവരെ ആകെ 195000 കോപ്പികൾ. ഓരോ കോപ്പിയ്ക്കും ശരാശരി 400/- രൂപ ക്രമത്തിൽ കണക്കാക്കിയാൽ 7,80,00,000/- രൂപ (നിലവിൽ 600 മുതൽ 900 രൂപ വരെയാണ് ഒരു വാല്യത്തിന്റെ മുഖവിലയായി നിശ്ചയിച്ചിട്ടുള്ളത്) എന്നിങ്ങനെയാകുന്നു.

2007-08 മുതൽ 2011-12 വരെയുള്ള കാലവളവിൽ പ്രസിദ്ധീകൃതമായ വാല്യങ്ങളുടെ വിവരം ഇനിപ്പറയും പ്രകാരമാണ്.

LOCAL FUND AUDIT DEPARTMENT

| വർഷം | പ്രസിദ്ധീകൃതമായ വാല്യങ്ങൾ | എണ്ണം | ചെലവാക്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 2007 – 08 | ഇല്ല | ഇല്ല | 7,23,437 | സാമ്പത്തിക വർഷത്തെ അധികരിച്ചാണ് ചെലവ് വിവരം തയ്യാറാക്കിയിട്ടുള്ളത്. പ്രിന്റിങ് നടപടികൾ പൂർത്തിയാക്കുന്നതിന് പലപ്പോഴും ഒന്നിലേറെ സാമ്പത്തിക വർഷങ്ങൾ വേണ്ടി വരുന്നുണ്ട്. ടെണ്ടർ നടപടികൾ, പ്രിന്റിങ് പേപ്പർ വാങ്ങൽ, പാർട്ട് & ഫൈനൽ പേയ്മെന്റ് എന്നിവ പൂർത്തിയാക്കുന്നതിന് എടുക്കുന്ന സമയമാണിത്. മുകളിൽ പരാമർശിച്ചിട്ടുളള വാല്യങ്ങൾ അതത് സാമ്പത്തിക വർഷത്തിൽ പ്രകാശനം ചെയ്തതാണ്. പ്രിന്റിങ് ചെലവുകൾ പ്രസ്തുത വാല്യം/ വാല്യങ്ങൾ എന്നിവയ്ക്ക് മാത്രമാകണമെന്നില്ല. |
| 2008 – 09 | മലയാള വിജ്ഞാനകോശം വാല്യം 14 | 5000 | | |
| 2009 – 10 | 1) മലയാള വിജ്ഞാനകോശം വാല്യം - 02 (പരിഷ്ക്കരിച്ചത്)<br>2) വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 6&7<br>3) പരിണാമ വിജ്ഞാനകോശം<br>4) ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം | 5000<br>5000 X2<br>5000<br>5000 | 47,24,508 | |
| 2010 – 11 | 1) മലയാള വിജ്ഞാനകോശം വാല്യം - 15<br>2) മലയാള വിജ്ഞാനകോശം വാല്യം - 6 & 3<br>3) ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം പരിണാമ വിജ്ഞാനകോശം (പുന:പ്രസിദ്ധീകരണങ്ങൾ)<br>4) വാർഷിക വിജ്ഞാനകോശം | 5000<br>3000 X2<br>5000 X2<br>5000 | 37,06,514 | |
| 2011 – 12 | മലയാള വിജ്ഞാനകോശം വാല്യം - 10 (പരിഷ്കരണം) | 5000 | 53,71,379 | |
| | | **ആകെ** | **14,525,838** | |

## ബി) <u>ചട്ടങ്ങൾ പാലിക്കുന്നില്ല</u>

അച്ചടി പൂർത്തിയാക്കിയ വാല്യങ്ങൾ പൂർണ്ണതോതിൽ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസ് VII - 47 പ്രകാരം വിതരണത്തിനു സജ്ജമാക്കുന്നതിനു മുമ്പ് പ്രസിദ്ധം ചെയ്ത വാല്യങ്ങളുടെ എല്ലാ കോപ്പികളും സ്റ്റോക്കിലെടുക്കണമെന്നാണ്. ഈ നടപടി പാലിക്കാതെ താൽകാലിക ആവശ്യങ്ങൾക്കായി ഓരോ തവണയും വാല്യങ്ങളുടെ 03, 05, 11, 50, 200, 500 കോപ്പികൾ വീതമാണ് പ്രസ്സിൽ നിന്നും ഏറ്റെടുത്തിട്ടുള്ളത്.

ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ഭാഗം IV ചട്ടം 20 (V, VI) അനുസരിച്ച് പൂർത്തിയാക്കപ്പെട്ട പ്രവൃത്തിയുടെ അളവുകളും, സ്പെസിഫിക്കേഷനുകളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും, വാല്യങ്ങൾ ഏറ്റെടുക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഇവ സ്റ്റോക്കിലെടുത്ത് കയ്യൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഈ ചട്ടങ്ങളും പാലിക്കപ്പെട്ടിട്ടില്ല.

വാല്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ (എ.എഫ്.നം.26) തയ്യാറാക്കി സൂക്ഷിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണമെന്ന് എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾ 29(II) അനുശാസിക്കുന്നു. ഇവയുടെ പരിശോധനയ്ക്ക് സാങ്കേതിക സഹായം ആവശ്യമെങ്കിൽ അതും തേടാവുന്നതാണ്. എണ്ണത്തിൽ ഏറ്റക്കുറവുകൾ കണ്ടെത്തുന്ന പക്ഷം ഉടനടി പരിഹാര നടപടികൾ കൈക്കൊള്ളണം. എന്നാൽ ചട്ടപ്രകാരമുള്ള സ്റ്റോക്കു രജിസ്റ്ററുകൾ സൂക്ഷിക്കുകയോ, വാർഷിക പരിശോധനാ വിവരം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ചാർജ്ജ് കൈമാറുമ്പോഴും, ഏറ്റെടുക്കുമ്പോഴും സ്റ്റോക്കുകളിലെ കൃത്യത ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ അറിയിക്കണമെന്നുണ്ട്.എഫ് ആന്റ് എ റൂൾ 44 (III), റൂൾ 44 (II) പ്രകാരം സ്റ്റോറിന്റെ വാർഷിക പരിശോധനയ്ക്കായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുണ്ട്.ഈ ചട്ടങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രാവർത്തികമാക്കിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

02.12.1989-ലെ ജി.ഒ.(എം.എസ്) നം.37/89/സി.എ.ഡി പ്രകാരം ഗോഡൗണുകൾ, സ്റ്റോക്ക് എന്നിവയുടെ പരിശോധന നിർവഹിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ കൃത്യത പരിശോധിച്ചുറപ്പു വരുത്തുന്നില്ല.

മുദ്രണം ചെയ്യപ്പെട്ട വിജ്ഞാനകോശ വാല്യങ്ങളുടെ കോപ്പികൾ പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടില്ലെന്നു കാണിച്ച് വർഷങ്ങൾക്കു ശേഷം മെസേഴ്സ് എസ്.ബി പ്രസിനെ അറിയിക്കേണ്ടിവരുന്ന സാഹചര്യം അടിയന്തിരമായി ഒഴിവാക്കേണ്ടതുണ്ട്.(കത്ത് നമ്പർ.1062/ഇ2/2009/എസ്.ഐ.ഇ.പി തീയതി 17.08.2012). ഇത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തെ വീഴ്ചയാണ്. ഒപ്പം നിലവിലുള്ള ചട്ടങ്ങളുടെ ലംഘനവും.വാല്യങ്ങൾ പൂർണ്ണതോതിൽ ലഭ്യമാക്കാതെ അച്ചടിക്കൂലി അനുവദിക്കാൻ പാടില്ല എന്ന വ്യവസ്ഥയുണ്ടായിരുന്നിട്ടും ഇതനുവദിച്ചത് ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾ 20 (V, VI) ന്റെ ലംഘനമാണ്. ഇക്കാര്യം നിരവധി തവണ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇതുപോലെ പ്രിന്റിങ് ജോലികൾ ഏറ്റെടുത്ത ഏതെല്ലാം പ്രസ്സുകൾ വാല്യങ്ങളുടെ പകർപ്പ് ലഭ്യമാക്കാനുണ്ടെന്ന് അന്വേഷണ വിധേയമാക്കേണ്ടതുണ്ട്.01.01.2011 മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന് വിപുലമായ ഗോഡൗൺ സൗകര്യങ്ങൾ ലഭ്യമായിരുന്നിട്ടും വാല്യങ്ങൾ പ്രിന്റിങ് പ്രസ്സിൽ കൂട്ടിയിട്ടിരിക്കുന്നത് ശരിയായ നടപടിയല്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ ഡയറക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എന്നിവർ ശ്രമിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. നാളിതുവരെ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തത് മറ്റൊരു പ്രധാന പോരായ്മയാണ്.

**(സി) <u>പ്രിന്റിങ് പേപ്പർ, ആർട്ട് പേപ്പർ എന്നിവ വാങ്ങുന്നത് മുന്നിരിപ്പ് തിട്ടപ്പെടുത്താതെ</u>**

പ്രിന്റിങ്, ആർട്ട് പേപ്പറുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ഓരോ തവണയും പേപ്പർ വാങ്ങിയത് ഉപയുക്തമാക്കിയിട്ടുണ്ടോ എന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.ഇക്കാര്യം ആരാഞ്ഞുകൊണ്ടുള്ള കത്തുകൾക്ക് (എൽ.എഫ്.എസ്.ഐ.ഇ.പി.02/255/2012, തീയതി 06.12.2012, എൽ.എഫ്.എസ്.ഐ.ഇ.പി.02/29/2013, തീയതി: 29.01.13) ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രിന്റിങ് പ്രസുടമകൾ നൽകിയിട്ടുള്ള കണക്കുകളെ ആധാരമാക്കിയാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ പേപ്പർ അക്കൗണ്ട് തയ്യാറാക്കിയിട്ടുള്ളത്. നീക്കിയിരിപ്പിന്റെ കൃത്യത കണക്കിലെടുക്കാതെ പുതിയ വാല്യങ്ങൾക്കായി പ്രിന്റിങ്, ആർട്ട് പേപ്പറുകൾ വാങ്ങിയിട്ടുള്ള വിവരം ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. എസ്.ഐ.ഇ.പി യുടെ എഫ് ആന്റ് എ റൂൾ 29(II) അനുശാസിക്കും വിധം എ.എഫ് 21, എ.എഫ് 22 എന്നീ മാതൃകകൾ പ്രകാരമുള്ള പേപ്പർ അക്കൗണ്ട്രീതി നാളിതുവരെ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രാവർത്തികമാക്കാതിരിക്കുന്നത് ഭരണവിഭാഗത്തിനുണ്ടായ വീഴചയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

പ്രിന്റിങ് പേപ്പർ പർച്ചേസ് ഫയലിൽ (ഫയൽ നം.1062/ഇ2/09/എസ്.ഐ.ഇ.പി) കൃത്യമായ നീക്കിയിരിപ്പ് പ്രതിപാദിക്കുന്നില്ല. 2005-06 മുതൽ 2011-12 വരെയുള്ള പേപ്പർ വാല്യങ്ങളുടെ സംക്ഷിപ്തം ഇനിപ്പറയുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പേപ്പർ വിവരം | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2007-08 | 1) Printing Paper – 1020 ream (RA1 size X 75 GSM) | 7,82,034 | 24.05.2007 ലെ 13946/ബി1/06/സ്റ്റേ. പ്രകാരം വാങ്ങി. |
| 2 | 2008-09 | 1) Printing Paper – 2046 ream (RA1 size X 75 GSM) | 22,00,714 | 20.03.2009 ലെ 22553/ബി1/2008/സ്റ്റേ. പ്രകാരം ലഭ്യമാക്കി |
| | | 2) Art paper – 210 ream (RA1 size X 100 GSM) | 3,53,646 | |
| 3 | 2011-12 | 1) Printing paper – 2400 ream (RA1 size X 80 GSM Maplitho) | - - - - | 08.11.2012 ലെ 797/ഇ2/2012/എസ്.ഐ.ഇ.പി നമ്പർ നടപടിപ്രകാരം ഇത് ലഭ്യമാക്കുന്നതിന് സ്റ്റേഷനറി കൺട്രോളറോടഭ്യർത്ഥിച്ചിട്ടുണ്ട്. ഉദ്ദേശം 28 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കാം. |

LOCAL FUND AUDIT DEPARTMENT

### (ഡി) വാല്യങ്ങളുടെ വിൽപ്പനയിൽ കാര്യമായ വർദ്ധനവ്

സർക്കാർ സ്ഥാപനമായ എസ്.ഐ.ഇ.പി പ്രസിദ്ധം ചെയ്യുന്ന എല്ലാ വാല്യങ്ങളും സമഗ്രവും, സമ്പൂർണ്ണവും ആധികാരികവുമാണ്. പ്രസിദ്ധീകരണ പ്രക്രിയയുടെ വിവിധ തലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചു പോരുന്ന സൂക്ഷ്മതയ്ക്കുള്ള അംഗീകാരമാണ് അടുത്ത കാലത്തായി ഇവയുടെ വിൽപനയിലുണ്ടായിട്ടുള്ള വർദ്ധനവ്. വാല്യങ്ങൾ പൂർണ്ണതോതിൽ വിൽപനയ്ക്ക് സജ്ജമാക്കുന്നതോടെ ഈ വർദ്ധനവേറുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനനുസൃതമായി വിൽപ്പന വിഭാഗവും ശക്തിപ്പെടുത്തേണ്ടതാണ്.

കഴിഞ്ഞ 5 വർഷത്തെ വിൽപ്പന വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | വിൽപ്പനയിലൂടെ സമാഹരിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 2007-08 | 25,22,705 | റിവോൾവിങ് ഫണ്ട് വാർഷിക കണക്കുകൾ ആധാരം |
| 2 | 2008-09 | 18,32,383 | |
| 3 | 2009-10 | 23,49,475 | |
| 4 | 2010-11 | 45,20,072 | |
| 5 | 2011-12 | 61,75,552 | |

വിൽപ്പനയിലുണ്ടായിട്ടുള്ള ഈ മുന്നേറ്റം സൂചിപ്പിക്കുന്നത് വിജ്ഞാനകോശ വാല്യങ്ങൾക്കാവശ്യക്കാർ ഏറുന്നുവെന്നു തന്നെയാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് പ്രിന്റിങ് മെറ്റീരിയൽസിന്റെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതുണ്ട്.

### (ഇ) മുദ്രണാനന്തര പരിശോധന അനിവാര്യം

വിജ്ഞാനകോശ വാല്യങ്ങളുടെ മുദ്രണശേഷം ഇവ മുൻകൂട്ടി തീരുമാനിക്കപ്പെട്ട നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമാണോ (പേപ്പർ, മഷി, ബയന്റിങ് തുടങ്ങിയവ) തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതും പോരായ്മയാണ്.

പ്രിന്റിങ്/ആർട്ട് പേപ്പറിന്റെ ആവശ്യത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതും ഉടനടി പരിഹരിക്കപ്പെടേണ്ടതായ ഒരു പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. വാല്യങ്ങളുടെ മുദ്രണം, സ്റ്റോക്ക് ചെയ്യൽ, പേപ്പർ അക്കൗണ്ട് സൂക്ഷിക്കൽ എന്നിവയിലെ അപാകങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നത് സ്ഥാപനത്തിന്റെ വിശ്വാസ്യതയെ ബാധിച്ചേക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 2. ശുപാർശകൾ

- വിജ്ഞാനകോശങ്ങളുടെ മുദ്രണത്തിന് ചെലവഴിക്കപ്പെട്ട തുകയുടെ വിവരം ഉൾപ്പെട്ട രജിസ്റ്റർ, പ്രിന്റിങ് ചാർജ്, പ്രിന്റിങ് പേപ്പർ/ആർട്ട് പേപ്പർ എന്നിയുടെ വില, മറ്റനുബന്ധ ചെലവുകൾ എന്നിങ്ങനെ ഇനം തിരിച്ച് അടിയന്തിരമായി തയ്യാറാക്കണം.
- മുദ്രണം ചെയ്യപ്പെട്ട വാല്യങ്ങൾ പൂർണ്ണതോതിൽ ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെടുന്നിടത്ത് എത്തിച്ചശേഷം മാത്രം പ്രിന്റിങ് പ്രസ്സിന് അച്ചടിക്കൂലിയിനത്തിലെ ഫൈനൽ പേയ്മെന്റ് നടത്താൻ പാടുള്ളുവെന്ന വ്യവസ്ഥ കർശനമായി പാലിക്കണം.
- മുദ്രണം ചെയ്യപ്പെട്ട വാല്യങ്ങൾ പൂർണ്ണതോതിൽ സ്റ്റോക്കിലുൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഡെവലപ്മെന്റ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- കരാറിൽ പറയുന്ന തീയതിയിൽ മുദ്രണജോലികൾ പൂർത്തിയാക്കി വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ/ഗോഡൗണിൽ എത്തിക്കാൻ കൂട്ടാക്കാത്ത പ്രസ്സിനെതിരെ നിയമനടപടികൾ സ്വീകരിക്കണം. ഡയറക്ടർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഈ നടപടി സ്വീകരിക്കാത്ത പക്ഷം നഷ്ടോത്തരവാദി ഡയറക്ടർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി പരിഗണിച്ച് ഇവരിൽ നിന്ന് നഷ്ടം ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

- മുദ്രണകരാർ പ്രകാരം നിശ്ചിത സ്പെസിഫിക്കേഷനിൽ തന്നെയാണ് മുദ്രണ ജോലികൾ (പേപ്പർ, മഷി, ബയന്റിങ് തുടങ്ങിയവ) നിർവഹിച്ചിട്ടുള്ളതെന്ന് മുദ്രണാനന്തരം പരിശോധിച്ചുറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ സ്റ്റേഷനറി കൺട്രോളർ, ഗവൺമെന്റ്പ്രസ് സൂപ്രണ്ട് എന്നിവരുടെ സഹായം തേടാവുന്നതാണ്.

# 6.3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

**അവലോകന റിപ്പോർട്ട്**

## 6.3.1. വായ്പ പദ്ധതികളിന്മേലുള്ള റവന്യൂ റിക്കവറി നടപടികളും, ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂപ്രദേശങ്ങളും

1961 ൽ സ്ഥാപിതമായ തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ തുടർച്ചയായി 1971 ൽ രൂപം കൊണ്ട കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങളുടെ വർദ്ധിതമായ പാർപ്പിട പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോജ്യമായതും വൈവിധ്യമാർന്നതുമായ ഭവന നിർമ്മാണ പദ്ധതികളും വായ്പാപദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സ്ഥാപനമാണ്. സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഭവനനിർമ്മാണ മേഖലയിൽ മാർഗ്ഗദർശകമായി പ്രവർത്തിക്കുന്നതിനൊപ്പം ജനസേവനത്തിനുതകുംവിധം സർക്കാർ ഓഫീസുകളും വാണിജ്യ വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന റവന്യൂ ടവറുകളുടെ നിർമ്മാണം, പരിപാലനം, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതികൾ, സുനാമി പുനരധിവാസ തീരദേശ ഭവന പദ്ധതി, എം. എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, പ്രോജക്ട് മാനേജ്മെന്റ് പ്രവർത്തനങ്ങൾ, കൺസൾട്ടൻസി ജോലി, ഡെപ്പോസിറ്റ് ജോലികൾ മുതലായവയും ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്ത് തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തം താഴെകൊടുക്കുന്നു.

### 1. ഭവന നിർമ്മാണ പദ്ധതികളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ

സർക്കാർ ആവിഷ്കൃത പദ്ധതികൾക്ക് പുറമെ ബോർഡ് വിവിധ വരുമാനമുള്ള ജനവിഭാഗങ്ങൾക്കായി ഭവന വായ്പാ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പ്രസ്തുത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് ഒട്ടേറെ ഇളവുകൾ നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2004 മുതൽ നടപ്പിലാക്കുന്നുവെങ്കിലും തിരിച്ചടവിലെ പുരോഗതി നാമമാത്രമാണ്.

വായ്പാപദ്ധതികളുടെ തിരിച്ചടവിൽ മുടക്കം വരുത്തിയവർക്കെതിരെ ജില്ലാ കളക്ടർ, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എന്നിവർ മുഖേന തുടരുന്ന റവന്യൂ റിക്കവറി നടപടികളിലൂടെ 2011-12 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട 1,61,13,65,183/-രൂപയിൽ 27,71,23,368/-രൂപയുടെ കുടിശ്ശിക മാത്രമാണ് തീർപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സ്റ്റേ നടപടികളെത്തുടർന്ന് ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ 18,10,94,075/- രൂപ ഒഴികെയുള്ള 1,15,31,47,740/-രൂപയും ഈടാക്കുവാനായി ശേഷിക്കുന്നു.

റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാക്കിയ വായ്പകളിൽ 27.71 കോടിയിൽപ്പരം രൂപയുടെ കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിലും (ഒറ്റ തവണ തീർപ്പാക്കൽ + പിരിച്ചെടുത്തത്) പ്രസ്തുത കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയതിനാൽ യഥാർത്ഥത്തിൽ 23.45 കോടി രൂപ മാത്രമാണ് ഭവനനിർമ്മാണ ബോർഡിന് ലഭ്യമായിട്ടുള്ളത്.

ഭവനനിർമ്മാണ വായ്പ പദ്ധതികളിന്മേലുള്ള 2011-12 സാമ്പത്തിക വർഷത്തിലെ റവന്യൂ റിക്കവറി നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ ഡിമാന്റ് | : | 1,61,13,65,183 |
| സ്റ്റേ നടപടികൾമൂലം ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ തുക | : | 18,10,94,075 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഒഴിവാക്കിയ തുക | : | 25,41,44,345 |
| ഡിമാന്റിൽ നിന്നും ഒഴിവാക്കിയ ആകെ തുക | : | 43,52,38,420 |
| പിരിച്ചെടുക്കേണ്ട തുക | : | 1,17,61,26,763 |
| പിരിച്ചെടുത്ത തുക | : | 2,29,79,023 |
| ശേഷിക്കുന്ന തുക | : | 1,15,31,47,740 |

**റവന്യൂ റിക്കവറി നടപടികളുടെ വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു**

| ക്രമ നം | ഓഫീസിന്റെ പേര് | ആകെ ഡിമാന്റ് | സ്റ്റേനടപടികളെത്തുടർന്ന് ഒഴിവാക്കിയ തുക | ഒറ്റത്തവണ തീർപ്പാക്കലിനായി ഒഴിവാക്കിയ തുക | ഡിമാന്റിൽ നിന്നും ആകെ ഒഴിവാക്കിയ തുക | പിരിച്ചെടുക്കേണ്ട ഡിമാന്റ് തുക | പിരിച്ചെടുത്ത ഡിമാന്റ് തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം ഡിവിഷൻ | 17160030 | | 3090889 | 3090889 | 14069141 | 433754 | 13635387 |
| 2 | ബാലരാമപുരം ബ്രാഞ്ച് | 177906146 | 1420172 | 33070740 | 34490912 | 143415234 | 1865530 | 141549704 |
| 3 | നെടുമങ്ങാട് ബ്രാഞ്ച് | 164210312 | | 34340809 | 34340809 | 129869503 | 1390849 | 128478654 |
| 4 | കൊല്ലം ഡിവിഷൻ | 47812306 | | 12153347 | 12153347 | 35658959 | 2910590 | 32748369 |
| 5 | കരുനാഗപ്പള്ളി ബ്രാഞ്ച് | 29514335 | 473236 | 9947458 | 10420694 | 19093641 | 863656 | 18229985 |
| 6 | പത്തനാപുരം ബ്രാഞ്ച് | 15054343 | | 5035003 | 5035003 | 10019340 | 236378 | 9782962 |
| 7 | പത്തനംതിട്ട ഡിവിഷൻ | 13670338 | | 1245273 | 1245273 | 12425065 | 695666 | 11729399 |
| 8 | കോന്നി ബ്രാഞ്ച് | 9787428 | | 321609 | 321609 | 9465819 | 1554967 | 7910852 |
| 9 | ആലപ്പുഴ ഡിവിഷൻ | 39531778 | | 12984719 | 12984719 | 26547059 | 842522 | 25704537 |
| 10 | ചേർത്തല ബ്രാഞ്ച് | 11927474 | | 2950356 | 2950356 | 8977118 | 51785 | 8925333 |
| 11 | കോട്ടയം ഡിവിഷൻ | 21076077 | | 4165194 | 4165194 | 16910883 | 632018 | 16278865 |
| 12 | ചങ്ങനാശ്ശേരി ബ്രാഞ്ച് | 5238830 | | 785819 | 785819 | 4453011 | 346054 | 4106957 |
| 13 | കാഞ്ഞിരപ്പള്ളി ബ്രാഞ്ച് | 9793544 | | 1858600 | 1858600 | 7934944 | 77100 | 7857844 |
| 14 | പാല ബ്രാഞ്ച് | 20613268 | | 3324746 | 3324746 | 17288522 | 315210 | 16973312 |
| 15 | ഇടുക്കി ഡിവിഷൻ | 66260811 | | 16933197 | 16933197 | 49327614 | 110560 | 49217054 |
| 16 | തൊടുപുഴ ജില്ലാ ഓഫീസ് | 18963627 | | 1525431 | 1525431 | 17438196 | 436635 | 17001561 |
| 17 | എറണാകുളം ഡിവിഷൻ | 14613240 | 120586 | 4121754 | 4242340 | 10370900 | 662000 | 9708900 |
| 18 | പെരുമ്പാവൂർ ബ്രാഞ്ച് | 32921687 | | 4129912 | 4129912 | 28791775 | 244670 | 28547105 |
| 19 | കോതമംഗലം ബ്രാഞ്ച് | 9462215 | 1523067 | 1577322 | 3100389 | 6361826 | 30827 | 6330999 |
| 20 | തൃശ്ശൂർ ഡിവിഷൻ | 59788568 | | 13856195 | 13856195 | 45932373 | 655000 | 45277373 |
| 21 | ഇരിങ്ങാലക്കുട ബ്രാഞ്ച് | 30090198 | | 7315137 | 7315137 | 22775061 | 37900 | 22737161 |
| 22 | പാലക്കാട് ഡിവിഷൻ | 102375874 | | 6332065 | 6332065 | 96043809 | 2001290 | 94042519 |
| 23 | മലപ്പുറം ഡിവിഷൻ | 19374964 | | 4547812 | 4547812 | 14827152 | 655834 | 14171318 |
| 24 | കോഴിക്കോട് ഡിവിഷൻ | 194818009 | | 24917934 | 24917934 | 169900075 | 1757883 | 168142192 |
| 25 | വയനാട് ഡിവിഷൻ | 182492534 | 177428444 | 5064090 | 182492534 | | | |
| 26 | കണ്ണൂർ ഡിവിഷൻ | 20408174 | 128570 | 4106292 | 4234862 | 16173312 | 225500 | 15947812 |
| 27 | ഇരിട്ടി ബ്രാഞ്ച് | 17144325 | | 4039140 | 4039140 | 13105185 | 1133625 | 11971560 |
| 28 | പിലാത്തറ ബ്രാഞ്ച് | 21186137 | | 2120286 | 2120286 | 19065851 | 266500 | 18799351 |
| 29 | കാസർഗോഡ് ഡിവിഷൻ | 238168611 | | 28283216 | 28283216 | 209885395 | 2544720 | 207340675 |
| | **ആകെ** | **1611365183** | **181094075** | **254144345** | **435238420** | **1176126763** | **22979023** | **1153147740** |

LOCAL FUND AUDIT DEPARTMENT

വായ്പാ കുടിശ്ശിക ഇനത്തിലുള്ള ആകെ ഡിമാന്റ്, പിരിച്ചെടുത്ത തുക, ശേഷിക്കുന്ന തുക എന്നിവ സംബന്ധമായി വിവിധ സബ് ഓഫീസുകളിലും ഹെഡ് ഓഫീസിലും കണക്കാക്കിയിരിക്കുന്ന തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വായ്പാക്കാരുടെ തിരിച്ചടവ് ശേഷിയോ ഈടുനിൽക്കുന്ന വസ്തുതകളുടെ സാധുതയോ പരിഗണിക്കാതെ വായ്പകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ സമയബന്ധിതമായും നിയമാനുസൃതമായും പൂർത്തിയാക്കുന്നതിന് ഉതകും വിധം സബ് ഓഫീസുകളുടെയും റവന്യൂ റിക്കവറി വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ ഉപയോഗിച്ച് ബോർഡ് നൽകിയ വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പലിശ ഇളവ് നൽകുമ്പോൾ ആനുപാതിക വിഹിതം ബോർഡിന് ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

## 2. ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂപ്രദേശങ്ങൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിയ ഭവന പദ്ധതികൾക്കായി ബോർഡ് നേരിട്ട് വാങ്ങിയതും പൊന്നും വില നടപടികളിലൂടെ ആർജ്ജിച്ചതും സർക്കാരിൽ നിന്നും വിട്ടുകിട്ടിയതും ദാനമായി ലഭിച്ചതുമായ ഭൂപ്രദേശങ്ങളിൽ പലതും ഉപയോഗക്ഷമമല്ലാതെ നശിക്കുന്നു. ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങൾ ചുറ്റുമതിലോ വേലിയോ കെട്ടി സംരക്ഷിക്കുന്നതിലും പോക്ക് വരവ് നടത്തി സ്വന്തം ഉടമസ്ഥതയിലാക്കി കരം ഒടുക്കുന്നതിലും ബോർഡ് വീഴ്ച വരുത്തുന്നു. അധീനതയിലുള്ള ഭൂപ്രദേശങ്ങൾ സംബന്ധമായ പൂർണ്ണ വിവരങ്ങൾ നൽകാൻ പല ഡിവിഷൻ ഓഫീസുകൾക്കും കഴിഞ്ഞിട്ടില്ല. ഭൂപ്രദേശങ്ങളുടെ വിവരങ്ങൾ, അവയുടെ നിലവിലുള്ള സ്ഥിതി എന്നിവ ക്രോഡീകരിക്കാനോ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കുവാനോ ഭൂപ്രദേശങ്ങൾ പ്രയോജനക്ഷമമാക്കുവാനും സംരക്ഷിക്കുവാനും ഉതകുന്ന നടപടികൾ സ്വീകരിക്കുവാനോ ബോർഡിന് കഴിഞ്ഞിട്ടില്ല. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

രാജീവ് ദശലക്ഷം ഭവനപദ്ധതിയിൽ ഭവനനിർമ്മാണ ബോർഡിന് ലഭ്യമായ ഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്താനോ നിർമ്മാണം പൂർത്തിയായ വീടുകൾ വിതരണം ചെയ്യാനോ ശേഷിക്കുന്ന ഭൂമി ബോർഡിന്റെ അധീനതയിലാക്കി സംരക്ഷിക്കുവാനോ കഴിഞ്ഞിട്ടില്ല. വിവിധ ഡിവിഷനുകളുടെ പരിധിയിലുള്ളതും രാജീവ് ദശലക്ഷം ഭവനപദ്ധതിക്കായി ബോർഡ് നേരിട്ട് വാങ്ങിയതുൾപ്പെടെയുള്ള ഭൂമി നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതായി കാണുന്നു. പ്രസ്തുത കൈമാറ്റത്തിന്റെ കാരണമോ സാധുതയോ വ്യക്തമല്ല.

തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വരുന്ന അമ്പലനഗർ പദ്ധതിയിൽ രേഖകളുടെ അഭാവത്തിൽ വസ്തു നികുതി ഒടുക്കുവാൻ കഴിയുന്നില്ല. ജഗതി പദ്ധതിയിൽ 35.78 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ടെങ്കിലും 29.76 സെന്റിന് മാത്രമാണ് വസ്തു നികുതി ഒടുക്കുന്നത്. പ്രസ്തുത ഭൂമിക്ക് ബേസ്മെന്റ് കെട്ടി അതിരുകൾ നിർണ്ണയിച്ചിട്ടുള്ളതായും 35.78 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങിയെങ്കിലും റിസർവ്വെയ്ക്കുശേഷം ഭൂമിയുടെ അളവ് 29.76 സെന്റ് മാത്രമാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയിരിക്കുന്നു. വില നൽകി വാങ്ങിയ ഭൂമിയിൽ നിന്ന് 6.02 സെന്റ് ഭൂമി നഷ്ടമായതായി കാണുന്നു.

ആക്കുളം പദ്ധതിയിൽ സർക്കാരിൽ നിന്ന് പതിച്ച് കിട്ടിയ 14.67 ഏക്കർ ഭൂമിയിൽ രാജീവ്ഗാന്ധി ബയോടെക്നോളജി എന്ന സ്ഥാപനത്തിന് കൈമാറിയതിനു ശേഷം ബാക്കിയുള്ള 776 സെന്റ് ഭൂമി പോക്കുവരവ് നടത്തി ബോർഡിന്റെ പേരിലാക്കുവാനോ കരം ഒടുക്കുവാനോ കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം ഡിവിഷൻ II ന്റെ നിയന്ത്രണത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങളിൽ ശേഷിക്കുന്ന തുണ്ട് ഭൂമികളും കൊമേഴ്സ്യൽ ഏരിയയ്ക്കായി മാറ്റി വച്ച പ്രദേശങ്ങളും പ്രയോജനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനോ ഭൂമി സംബന്ധമായ പൂർണ്ണ വിവരങ്ങൾ ഹാജരാക്കുവാനോ കഴിഞ്ഞിട്ടില്ല. ബോർഡ് വിലയ്ക്ക് വാങ്ങിയ മരുതുംകുഴി കൊമേഴ്സ്യൽ ഏരിയായുടെ ആധാരം നഷ്ടമായിരിക്കുകയാണ്. തിലക് നഗർ, പാറ്റൂർ, പി.റ്റി.ചാക്കോ നഗർ, എൻ.സി.സി റോഡ്, അമ്പല നഗർ, പട്ടം നഗർ, നാവായ്ക്കുളം ROMHS എന്നിവ സംബന്ധമായ പൂർണ്ണ വിവരങ്ങൾ തിരുവനന്തപുരം ഡിവിഷൻ II ൽ ലഭ്യമല്ല. തിരുവനന്തപുരം ഡിവിഷൻ II ന്റെ പരിധിയിലുള്ള തിലക് നഗർ കൊമേഴ്സ്യൽ ഏരിയായിലും പാറ്റൂർ ഷോപ്പ് ഏര്യായിലും സമീപവാസികളുടെ കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

എറണാകുളം ഡിവിഷന്റെ പരിധിയിലുള്ള തൃക്കാക്കര സാറ്റലൈറ്റ് ഭവനപദ്ധതിയുടെ സ്ഥലം പൊതുജനങ്ങൾ ഡ്രൈവിംഗ് പരിശീലനത്തിനായി ഉപയോഗിക്കുന്നതായും തൃക്കാക്കര പ്രദേശത്ത് ശേഷിക്കുന്ന 13.5 സെന്റ് സ്ഥലം കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ഉണ്ടായതിനുശേഷവും കടന്നുകയറ്റക്കാരന്റെ കൈവശമാണെന്നും വയനാട് ഡിവിഷന്റെ പരിധിയിലുള്ള തൃക്കരപ്പറ്റ രാജീവ് ദശലക്ഷം ഭവനപദ്ധതിയിലെ 23 വീടുകൾ സാധുജനപരിപാലന സംഘം അനധികൃതമായി കൈവശം വച്ചിരിക്കുന്നതായും കൊല്ലം ഡിവിഷന്റെ പരിധിയിലുള്ള പേരയം രാജീവ് ദശലക്ഷം ഭവനപദ്ധതിയിൽ നിർമ്മിച്ച മുഴുവൻ വീടുകളും തകർന്നുപോയി എന്നും ഒരു വീടുപോലും വിതരണം ചെയ്തിട്ടില്ല എന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പേരയം രാജീവ് ദശലക്ഷം ഭവനപദ്ധതിയിലെ വീടുകൾ ജീർണ്ണാവസ്ഥയിലാണെന്നും പ്രസ്തുത വീടുകളിൽ ആൾതാമസം ഉള്ളതായും പദ്ധതി പ്രദേശത്ത് സമീപവാസികൾ കടന്നുകയറി കൃഷി നടത്തിയതായും പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എറണാകുളം ഡിവിഷന്റെ തന്നെ പരിധിയിലുള്ള ROMHS ൽ 54 വീടുകൾ പണിയാൻ ഉദ്ദേശിച്ചതിൽ 30 വീടുകൾ പൂർത്തിയാക്കിയതായും പ്രസ്തുത വീടുകളിൽ 16 എണ്ണത്തിൽ തദ്ദേശീയർ കരാർ വയ്ക്കാതെ താമസമാക്കിയതായും 2010-11 ലെ ഓഡിറ്റ് നോട്ടിന് 28.09.2012 ൽ നൽകിയ IAD/LF/AN/2010-11/EKM-ാം നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ഡിവിഷൻ II ന്റെ പരിധിയിലുള്ള ത്രിവിക്രമംഗലം, കോട്ടയം ജില്ലയിലെ വെള്ളൂർ ഭവന പദ്ധതി, എറണാകുളം ഡിവിഷന്റെ പരിധിയിലുള്ള ഇടപ്പള്ളി മുതലായ പ്രദേശങ്ങളിലുൾപ്പെടുന്ന തുണ്ട് ഭൂമികൾ ഉപയോഗക്ഷമമാക്കിയിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേജ്I സെന്ററിൽ ഉൾപ്പെടുന്ന 31.71 സെന്റ് ഭൂമി 13 പേർക്കായി ലേലം ചെയ്തു നൽകിയെങ്കിലും അവയുടെ വില പൂർണ്ണമായും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരംഡിവിഷൻ II ന്റെ പരിധിയിലുള്ള പി.റ്റി.പി നഗർ, കൽപ്പക നഗർ, മേലത്തുമേല, കാരോട് ROMHS, വെള്ളറട, പണ്ഡിറ്റ് കോളനി, കോട്ടയം ഡിവിഷന്റെ പരിധിയിലുള്ള ഉദയനാപുരം, വിജയപുരം, തൃക്കൊടിത്താനം എന്നീ പ്രദേശങ്ങളിലുള്ള ഭൂമി ഉപയോഗക്ഷമമാക്കാതെ ശേഷിക്കുന്നുണ്ടോ എന്ന റിപ്പോർട്ട് ലഭ്യമാക്കാൻ ഡിവിഷൻ ഓഫീസുകൾക്ക് കഴിഞ്ഞിട്ടില്ല.

ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ളതും, ഉപയോഗക്ഷമമാക്കാത്തതുമായ ഭൂമിയുടെ കൃത്യമായ വിവരങ്ങൾ ബോർഡിൽ ലഭ്യമല്ല. ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ കൈമാറ്റ ഉത്തരവുകളോ, രേഖകളോ, ആധാരങ്ങളോ ഇല്ല. പല ഭൂപ്രദേശങ്ങൾക്കും വസ്തുകരം ഒടുക്കുന്നില്ല. ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങളുടെ വിവരശേഖരണം, ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ ഉടമസ്ഥത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എന്നിവ റവന്യൂ, സർവ്വേ അധികാരികളുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. രാജീവ് ദശലക്ഷം ഭവനപദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിലേക്കും, ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളിലേക്കുമുള്ള കടന്നുകയറ്റം തടയുന്നതിനും വീടുകൾ സമയബന്ധിതമായി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ബോർഡ് അധികാരികൾ സ്വീകരിക്കേണ്ടതാണ്. ബോർഡിന്റെ അധീനതയിൽ ശേഷിക്കുന്ന ഭൂമി വരുമാന വർദ്ധനയ്ക്ക് ഉതകും വിധം വിൽപ്പന നടത്തുകയോ വാണിജ്യ ആവശ്യങ്ങൾക്കായി നൽകുകയോ മറ്റ് ഭവനപദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യുക.

**ഓഡിറ്റ് പരാമർശം**

## 6.3.2. കവടിയാർ ഹൈറ്റ്സ് പദ്ധതി – ഹഡ്കോ വായ്പ അനുവദിച്ചില്ല ; വിവിധ നടപടി ക്രമങ്ങൾക്ക് ചെലവഴിച്ച 1,76,950/- രൂപ നഷ്ടം

**(ഓഡിറ്റ് റിപ്പോർട്ട് 2010-11 ഖണ്ഡിക 2-7)**

തിരുവനന്തപുരത്ത് കവടിയാറിലെ പണ്ഡിറ്റ് കോളനിക്ക് സമീപം കെ.എസ്.എച്ച്.ബിക്ക് സ്വന്തമായുള്ള 57 സെന്റിൽ 1413.79 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'പണ്ഡിറ്റ്സ് ' കോളനി (എക്സ്റ്റൻഷൻ) ഭവനനിർമ്മാണ പദ്ധതിക്ക് സർക്കാർ ഉത്തരവ് (എം. എസ്) നം. 38/2007/ഭവനം, തീയതി 26.11.2007 പ്രകാരം അനുമതി നൽകി. എന്നാൽ പ്രസ്തുത പദ്ധതിക്കുള്ള Term Loan കൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതല്ലെന്നും മേൽപ്പറഞ്ഞ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത പദ്ധതിക്കായി ഹഡ്കോയിൽ നിന്നും 14.50 കോടി രൂപ വായ്പയെടുക്കുന്നതിന് 28.05.2010 ലെ യോഗത്തിൽ ബോർഡ് തീരുമാനമെടുക്കുകയും അതിൻ പ്രകാരം വായ്പക്കുള്ള അപേക്ഷ 10.06.2010 ൽ സമർപ്പിക്കുകയും ചെയ്തു. അപേക്ഷയോടൊപ്പം ഡോക്യൂമെന്റേഷൻ ചാർജ്ജിനത്തിൽ 1.50 ലക്ഷം രൂപയും (വൗച്ചർ നം. 374, 10.06.2010), സർവ്വീസ് ചാർജ്ജിനത്തിൽ 15,450/- രൂപയും (വൗച്ചർ നം. 375,10.06.2010)

നൽകി. തുടർന്ന് Valuation fee ഇനത്തിൽ 4000/- രൂപയും, Title verification ഇനത്തിൽ 7,500/- രൂപയും (വൗച്ചർ നമ്പർ 504, 13.07.2010) ഉൾപ്പെടെ ആകെ 1,76,950/- രൂപ ഹഡ്കോയ്ക്ക് ബോർഡ് നൽകുകയുണ്ടായി. എന്നാൽ വായ്പ ലഭ്യമാക്കുന്നതിന് ഹഡ്കോ സർക്കാർ അനുമതി ആവശ്യപ്പെട്ടു. അതിൻപ്രകാരം ബോർഡ് 15.06.2010 ൽ PF1/8910/2010-ാം നമ്പർ കത്തിലൂടെ സർക്കാർ അനുമതി ആവശ്യപ്പെട്ടുവെങ്കിലും വായ്പയെടുത്ത് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുന്നതിന് സർക്കാർ വിസമ്മതിച്ചു. തുടർന്ന് 28.08.2010 ൽ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വെച്ച് കൂടിയ യോഗത്തിൽ ഹഡ്കോ വായ്പ ഒഴിവാക്കി പ്രസ്തുത പദ്ധതി 'പാരസ്പര്യം' പദ്ധതി പ്രകാരം നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുക്കുകയും, 22.09.2010 ലെ 4329/എ3/2010/ഭവനം നമ്പർ കത്ത് പ്രകാരം ഈ വിവരം ബോർഡിനെ അറിയിക്കുകയും ചെയ്തു.

കവടിയാർ ഹൈറ്റ്സ് പദ്ധതിക്കുള്ളTerm Loan ന് സർക്കാർ ഗ്യാരന്റി നൽകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടും, വായ്പക്കുള്ള അപേക്ഷ ഫീസ് Valuation charge മറ്റ് ചെലവുകൾ എന്നിവ തിരികെ കൊടുക്കുന്നതല്ല എന്ന ഹഡ്കോ നിബന്ധന ഉണ്ടായിട്ടും ഇവയൊന്നും പരിഗണിക്കാതെ പ്രസ്തുത വായ്പയ്ക്കായി വിവിധ ഘട്ടങ്ങളിൽ ബോർഡ് ഹഡ്കോയ്ക്ക് നൽകിയ 1,76,950/- രൂപ ബോർഡിന് നഷ്ടമായിട്ടുണ്ട്. ആയതിനാൽ ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബോർഡ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** : എസ്. ശങ്കരൻകുമാർ & സി. ഡി ആന്റണി
ചീഫ് അക്കൗണ്ട്സ് ഓഫീസർമാർ, ഭവനനിർമ്മാണ ബോർഡ്

# 6.4. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും വിനോദസഞ്ചാര വാരാഘോഷവും

**അവലോകന റിപ്പോർട്ട്**

## 6.4.1. പൈതൽമല ടൂറിസം കോംപ്ലക്സും ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്ററും

1955 ലെ 12-ാ മത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ചാണ് 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നത്. അതാത് ജില്ലാ കളക്ടർമാരാണ് കൗൺസിലുകളുടെ ചെയർമാൻമാർ. 12.07.2002-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 3724/2002/ധന, 17.06.2010 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 338/2010/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

കണ്ണൂർ ഡി.റ്റി.പി.സി.യുടെ പൈതൽമല ടൂറിസം കോംപ്ലക്സ്, ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികളെ കുറിച്ച് നടത്തിയ പ്രവർത്തനാവലോകനത്തിലെ പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

### 1. പൈതൽമല ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിലെ പൈതൽമല ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസം വകുപ്പ് 1999 ൽ 6,25,474/-രൂപ ചെലവഴിച്ച് പൊട്ടംപ്ലാവ് എന്ന സ്ഥലത്ത് ഒരു ബേസ് സെന്റർ നിർമ്മിക്കുകയുണ്ടായി. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ശരിയാംവിധം മാർക്കറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ബേസ് സെന്ററിന്റെ നടത്തിപ്പ് വനം വകുപ്പിന് കൈമാറി. എന്നിട്ടും പുരോഗതിയൊന്നുമുണ്ടായില്ല എന്നു മാത്രമല്ല കെട്ടിടത്തിന്റെ വൈദ്യുതി ബന്ധം വരെ വിച്ഛേദിക്കപ്പെടുകയും കെട്ടിടം ജീർണ്ണാവസ്ഥയിലാവുകയും ചെയ്തു.

2011 ഫ്രെബുവരിയിൽ ഉദ്ഘാടനം ചെയ്ത പൈതൽമല ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണത്തിനായി വിനോദസഞ്ചാര വകുപ്പ് 1.54 കോടി രൂപയാണ് ചെലവഴിച്ചത്. ഒരു ഓഫീസ് കോംപ്ലക്സ്, രണ്ട് കോട്ടേജുകൾ എന്നിവയാണ് അന്ന് നിർമ്മിച്ചത്. പദ്ധതിയിലേയ്ക്കുള്ള റോഡുവികസനത്തിനായി ടൂറിസം വകുപ്പ് 71 ലക്ഷം രൂപയും ചെലവഴിച്ചു. വൈദ്യുതിയ്ക്കായി 31.5 ലക്ഷം രൂപ കെ.എസ്. ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് വൈദ്യുതി, ജലലഭ്യത എന്നിവ ഇതുവരെയും ഉറപ്പാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ സംരക്ഷണവകയിൽ 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകി വരുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ പരിപാലനം ശോച്യാവസ്ഥയിലാണ്.

LOCAL FUND AUDIT DEPARTMENT

സീലിംഗുകൾ, വാതിലുകൾ, ജനലുകൾ, ഗേറ്റ്, കൈവരി എന്നിവ ജീർണ്ണാവസ്ഥയിലാണ്. വേക്കൻസി റെമിഷന് യഥാസമയം അപേക്ഷ നൽകാത്തതുകാരണം വസ്തു നികുതിയിനത്തിൽ 14,675/- രൂപയും ഒടുക്കു വരുത്താനിടയായി.

ടൂറിസം കോംപ്ലക്സ് ഇതുവരെയും തുറന്ന് പ്രവർത്തിക്കാത്തതിനാലും ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന പദ്ധതി പ്രദേശത്ത് എൻട്രിഫീ, പാർക്കിംഗ് ഫീ എന്നിവ ഏർപ്പെടുത്താത്തതിനാലും വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണുണ്ടായത്. പൊതുഖജനാവിൽ നിന്നും കോടികൾ ചെലവഴിച്ച് നിർമ്മിച്ച പദ്ധതി ഇപ്പോഴും പ്രയോജനരഹിതമാണ്.



ജീർണ്ണാവസ്ഥയിലായ പൈതൽമല ടൂറിസം കോംപ്ലക്സ്

## 2. ധർമ്മടം ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിൽ തലശ്ശേരിക്കടുത്ത് ധർമ്മടം ഗ്രാമപഞ്ചായത്തിൽ പത്തേക്കറോളം വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന അതിമനോഹരമായ ബീച്ചും 1000 മീറ്റർ അകലെ മാറി അറബിക്കടലിലുള്ള കേരവൃക്ഷ സമൃദ്ധമായ 6 ഏക്കർ വിസ്തൃതിയിലുള്ള ഒരു ചെറുദ്വീപും ഉൾപ്പെട്ടതാണ് വിനോദസഞ്ചാര വകുപ്പിന്റെ ഈ പദ്ധതി. സുനാമി പുനരധിവാസ ഫണ്ടിൽ നിന്നുള്ള 1,48,39,797/- രൂപ ഉപയോഗിച്ച് പണി പൂർത്തീകരിച്ചതാണ് പ്രസ്തുത പദ്ധതി. 05.02.2011 ൽ ഉത്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതിയുടെ ഭാഗമായി ഒരു ഓപ്പൺഎയർ ഓഡിറ്റോറിയം, ബീച്ച് സെന്റർ, കഫ്റ്റീരിയ, ടോയ്ലെറ്റ് ബ്ലോക്ക്, വാക്ക് വേ എന്നിവ മനോഹരമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്.

എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നിട്ടും ആവശ്യമായ ഇലക്ട്രിക് ഫിറ്റിംഗുകളോ ജലലഭ്യതയോ ഉറപ്പു വരുത്താത്തതിനാൽ പദ്ധതി നാളിതുവരെ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. വൈദ്യുതി കണക്ഷൻ വിഛേദിക്കപ്പെട്ട പൈതൽമല ടൂറിസം പദ്ധതിക്ക് ഇലക്ട്രിക് പ്ലംബിംഗ് ഫിറ്റിംഗുകൾ വാങ്ങി നൽകിയിട്ടും ധർമ്മടം പദ്ധതിക്കുവേണ്ടി ആവശ്യമായ ഇലക്ട്രിക് പ്ലംബിംഗ് ഫിറ്റിംഗുകൾ ലഭ്യമാക്കാൻ ഡി.റ്റി.പി.സി.ക്ക് കഴിഞ്ഞിട്ടില്ല. ധർമ്മടം ഐലന്റിലേക്ക് ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സാധ്യതാ പഠനത്തിനായി 98,500/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. ദിനംപ്രതി 500-ഓളം വിനോദ സഞ്ചാരികൾ എത്തുന്ന ഈ സ്ഥലത്ത് പ്രവേശന ഫീസോ, പാർക്കിംഗ് ഫീസോ ഏർപ്പെടുത്തി വരുമാനം നേടിയെടുക്കാൻ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. പൊതുഖജനാവിൽ നിന്നും കോടികൾ മുടക്കിയ പദ്ധതി പ്രയോജനമില്ലാത്ത സ്ഥിതിയിലാണ്.

കോടിക്കണക്കിന് രൂപ ചെലവഴിച്ച മേൽ പദ്ധതികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വിനോദ സഞ്ചാരികൾക്ക് തുറന്നു കൊടുക്കേണ്ടതാണ്. പാർക്കിംഗ് ഫീ, എൻട്രി ഫീ എന്നിവ ഏർപ്പെടുത്തി ഡി.റ്റി.പി.സി.ക്ക് വരുമാനം നേടേണ്ടതും പദ്ധതി പ്രദേശങ്ങൾ ശരിയാംവിധം പരിപാലിക്കേണ്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

**ഓഡിറ്റ് പരാമർശം**

# 6.5. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.

## 6.5.1. ആയുർവേദ ഹെൽത്ത് റിസോർട്ട് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറക്കാട്ടേരി – നിഷ്ക്രിയ ആസ്തിയായി തുടരുന്നു

2005-06 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക: 1(13)

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ന്റെ ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിലെ പുറക്കാട്ടേരി എന്ന സ്ഥലത്ത് 1990 ൽ സർക്കാരിൽ നിന്നും 1.651 ഹെക്ടർ സ്ഥലം വാങ്ങുകയും 20 മുറികളുള്ള ആയുർവേദ സുഖ ചികിത്സാ കേന്ദ്രം (ഹെൽത്ത് റിസോർട്ട്) തുടങ്ങുന്നതിനായി കെട്ടിടം പണിയാരംഭിക്കുകയും ചെയ്തു. ഫ്ളോറിംഗ്, ഇലക്ട്രിക്കൽ പണികൾ വാട്ടർ സപ്ലൈ തുടങ്ങിയവ ഒഴികെ ഏറെക്കുറെ എല്ലാ പണികളും പൂർത്തിയായ ഘട്ടത്തിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പദ്ധതി ഉപേക്ഷിക്കുകയും, പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 30 ലക്ഷത്തോളം രൂപ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യുന്നു. 1989 ൽ തുടക്കമിട്ട ഈ പദ്ധതി വെള്ളത്തിന്റെ അഭാവം,

റോഡ് സൗകര്യമില്ലായ്ക, പദ്ധതിയ്ക്കാവശ്യമായ ധനശേഖരണത്തിലും ആസൂത്രണത്തിലും ഉണ്ടായ വീഴ്ച എന്നീ കാരണങ്ങളാൽ പൂർത്തീകരിക്കാനാകാതെ വന്നു. 2005-06 ൽ പദ്ധതി പുനരാവിഷ്കരിച്ച് പൂർത്തീകരിക്കാൻ ഭരണസമിതി തീരുമാനമെടുത്തുവെങ്കിലും തുടർ നടപടികൾ ഇല്ലാത്തതിനാൽ ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

1990 മുതൽ നാളിതുവരെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ ഭരണതലപ്പത്തുള്ള മാനേജിംഗ് ഡയറക്ടർമാർ എല്ലാവരും തന്നെ ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്.

# 6.6. വികസന അതോറിറ്റികൾ

## 6.6.1. തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

### അവലോകന റിപ്പോർട്ട്

### 1. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണം

ദീർഘകാല പദ്ധതികളിലൂടെ തിരുവനന്തപുരം നഗരത്തെ പുരോഗതിയിലേക്ക് നയിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഏജൻസിയായിട്ടാണ് സർക്കാർ തിരുവനന്തപുരം വികസന അതോറിറ്റിയെ (ട്രിഡ) നിശ്ചയിച്ചിരിക്കുന്നത്. ട്രിഡയുടെ അധികാരപരിധി തിരുവനന്തപുരം കോർപ്പറേഷനും, തൊട്ടുചേർന്നുള്ള ഗ്രാമപഞ്ചായത്തുകളും അടങ്ങിയതാണ്. നഗരവികസനത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ട്രിഡയുടെ ചുമതലയാണ്. തിരുവനന്തപുരം നഗരപരിധിയിലും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ട്രിഡ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

നഗരവികസനം ലക്ഷ്യമാക്കി ട്രിഡ നടപ്പിലാക്കുന്ന ദീർഘകാല, ഹ്രസ്വകാല പദ്ധതികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

**1. ഡി.റ്റി.പി സ്കീം ഫോർ കവടിയാർ ഏരിയ**

കവടിയാർ ഏരിയ വികസനത്തിനായി 75 ഹെക്ടർ പ്രദേശം ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം നോട്ടിഫൈ ചെയ്തു കൊണ്ട് 13.12.1993 ൽ ഉത്തരവിറക്കി. 31.05.1997 ലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി ഭേദഗതികളും വിയോജിപ്പുകളും പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടു കൂടി ഫോറം 14 ൽ ഡീറ്റെയിൽഡ് ടൗൺ പ്ലാൻ (ഡി.റ്റി.പി ) അംഗീകാരത്തിനായി 05.09.2000 ൽ സമർപ്പിച്ചു. എന്നാൽ മാറ്റങ്ങൾ വരുത്തുന്നതിന് 12.06.2003 ൽ ചീഫ് ടൗൺ പ്ലാനർ (സി.റ്റി.പി) മടക്കി നൽകിയ ഫോറം 14, 09.12.2008 ൽ ഭേദഗതികൾ വരുത്തി മടക്കി നൽകി. 17 വർഷം മുൻപ് പ്രസിദ്ധീകരിച്ച സ്കീം ഇപ്പോഴും തുടങ്ങിയിടത്ത് തന്നെയാണ്.

**2. ഡി.റ്റി.പി സ്കീം ഫോർ കൊച്ചാർ റോഡ്**

19.01.1991 ൽ പ്രസിദ്ധപ്പെടുത്തിയ സ്കീമിന്റെ നിർദ്ദേശങ്ങളും വിയോജിപ്പുകളും 23.11.2001ൽ സി.റ്റി.പി.യ്ക്ക് നൽകിയെങ്കിലും തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.

**3. ഡി.റ്റി.പി സ്കീം ഫോർ എൻ. എച്ച്. ബൈപ്പാസ്**

അഞ്ച് സ്കീമുകളടങ്ങുന്ന ഈ പദ്ധതി 30.02.1991 ൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും 08.02.2001 ൽ ഇവയിൽ ഒരെണ്ണത്തിന്മേലുള്ള അഭിപ്രായക്കുറിപ്പ് മാത്രമാണ് സി.റ്റി.പിയ്ക്ക് നൽകിയത്. 13.02.2002 ൽ ഭേദഗതികൾ വരുത്തുന്നതിന് സി.റ്റി.പി തിരികെ നൽകിയ സ്കീമിന്മേൽ ട്രിഡ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

**4. ഡി.റ്റി.പി സ്കീം ഫോർ പവർ ഹൗസ് റോഡ്**

09.07.1992 ൽ പ്രസിദ്ധപ്പെടുത്തിയ ഈ സ്കീമിന്റെ നിർദ്ദേശങ്ങളും വിയോജിപ്പുകളും അടങ്ങുന്ന ഫോറം 14, 20.01.2002 ൽ സർക്കാരിന് സമർപ്പിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**5. ഡി.റ്റി.പി സ്കീം ഫോർ ഫോർട്ട് ഏരിയ**

09.01.1992 ൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 20.01.2009 ൽ സി.റ്റി.പിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിരുന്നു.

**6. ഡി.റ്റി.പി സ്കീം ഫോർ തിരുമല ഏരിയ**

07.06.1996 ൽ പ്രസിദ്ധപ്പെടുത്തിയ ഈ പദ്ധതിയുടെ തുടർനടപടികൾ സംബന്ധിച്ച് ഉപദേശം നൽകുന്നതിനായി 09.01.2009 ൽ സി.റ്റി.പിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

LOCAL FUND AUDIT DEPARTMENT

## 2. ട്രിഡ നടപ്പാക്കി വരുന്ന മേജർ പദ്ധതികൾ

### 1. ചാല പദ്ധതി

ചാലയിൽ വെജിറ്റബിൾ മാർക്കറ്റ്, കൊമേഴ്സ്യൽ കോംപ്ലക്സ് തുടങ്ങിയവയുൾപ്പെട്ട ഒരു ബൃഹത് പദ്ധതിക്കായി 6.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചിരുന്നെങ്കിലും 5 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്. ഇതിൽ മൂന്ന് വർഷം കൊണ്ട് 90 കോടി രൂപ ചെലവിൽ 22500 $m^2$ ലോക നിലവാരത്തിലുള്ള വാണിജ്യ സമുച്ചയവും 3500 $m^2$ പച്ചക്കറി മാർക്കറ്റും നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഏകദേശം 3.47 കോടി രൂപ ലോണെടുത്ത് ട്രിഡ വാങ്ങിയ ഭൂമിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. ഈ ഭൂമിയിൽ നിന്ന് 2 ഏക്കർ ഭൂമി തിരുവനന്തപുരം നഗരസഭയ്ക്ക് ഖരമാലിന്യ സംസ്ക്കരണ യൂണിറ്റ് നിർമ്മിക്കുന്നതിന് പ്രതിവർഷം ഏക്കറിന് 101 രൂപ നിരക്കിൽ 22.06.12 ലെ ജി.ഒ (എം.എസ്) 174/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് ഏക്കർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ട്രിഡ നടപടികൾ സ്വീകരിച്ചിട്ടില്ല.

### 2. കഴക്കൂട്ടം ബസ് സ്റ്റേഷൻ – ട്രേഡ് സെന്റർ പ്രോജക്ട്

2004-05 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം സർക്കാർ 14.12.2005 ൽ 1 കോടി രൂപ ജി.ഒ(ആർ.റ്റി)5009/05/എൽ.എസ്.ജി.ഡി പ്രകാരം അനുവദിച്ചിരുന്നു. ഈ പദ്ധതിയ്ക്കായി "urgency clause" ൽ ഉൾപ്പെടുത്തി 5.28 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുകയോ, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്തിട്ടില്ല. ടെക്നോപാർക്കിന്റെ കൈവശമുള്ള 3.98 ഏക്കർ വസ്തു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ കൈമാറുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും 82 സെന്റ് വസ്തു കൈമാറുന്നതിന് മാത്രമാണ് തീരുമാനമായിട്ടുള്ളത്. സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ട 1.30 ഏക്കർ വസ്തു സംബന്ധിച്ച സ്റ്റേ നടപടികൾ തീർപ്പായെങ്കിലും തുടർനടപടികളുണ്ടായിട്ടില്ല.

### 3. ട്രക്ക് ടെർമിനൽ പ്രോജക്ട്

15.09.1995 ലെ ജി.ഒ(ആർ.റ്റി)നം. 5226/95/എൽ.എ.ഡി പ്രകാരം അനുമതി ലഭിച്ച ട്രക്ക് ടെർമിനൽ പ്രോജക്ടിനായി തിരുവനന്തപുരത്ത് മാൻകീഴ് ജംഗ്ഷനിൽ 10 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി അനുമതി ലഭിച്ചു. എന്നാൽ പ്രദേശവാസികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ വൈകുകയും, പരാതിക്കിടയുള്ള 1.85 ഏക്കർ ഒഴിവാക്കി 8.15 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഗവൺമെന്റ് ഉത്തരവിനപേക്ഷിച്ചുവെങ്കിലും നാളിതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല. ട്രക്ക് ടെർമിനൽ നിർമ്മാണം തുടങ്ങിയിടത്ത് തന്നെ നിൽക്കുന്നു.

### 4. മെഡിക്കൽ കോളേജ് ഏരിയ വികസനം

മെഡിക്കൽ കോളേജ് ഏരിയ വികസനത്തിനായി മഠത്തിവിളാകം വില്ലേജിൽ ഉൾപ്പെട്ട 2.59 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 27.10.1976 ൽ ജി.ഒ(എം.എസ്)261/76/എൽ.എ & എസ്.ഡബ്ല്യു.ഡി പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയുടെ അവാർഡ് തുക 1981 ൽ പാസ്സാക്കുകയും 1984 ൽ 10000170/- രൂപ കോടതിയിൽ ഡി.ഫാം മുഖാന്തിരം 12.08.2004 ലെ ചെക്ക് നം. II 89783 പ്രകാരം നിക്ഷേപിച്ചു. തർക്കത്തിലുണ്ടായിരുന്ന 40 സെന്റ് ഭൂമി ഒഴികെ പ്രസ്തുത പദ്ധതിക്കായി ബാക്കി ഭൂമിയുടെ പൊന്നും വില നടപടി പൂർത്തീകരിച്ചു. മുൻകാലങ്ങളിൽ ട്രിഡ സെന്റർ, റിഹാബിലിറ്റേഷൻ ബ്ലോക്ക്, ബഹുനില പാർപ്പിടസമുച്ചയം, വിശ്രമസങ്കേതം എന്നിവയുടെ പണിപൂർത്തീകരിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ അവശേഷിച്ചിരുന്ന പ്രധാന പദ്ധതിയായ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന് 4.4 കോടി രൂപ അടങ്കൽ കണക്കാക്കി ടെന്റർ ചെയ്തെങ്കിലും 3.3 കോടി രൂപ ചെലവിൽ ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി മാത്രമാണ് 16.01.2012 ൽ പൂർത്തീകരിച്ചത്. ബസ്സ്റ്റാൻഡ് നിർമ്മാണത്തിനായി 1.1 കോടി രൂപ കണക്കാക്കി ടെന്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 5. സ്വരാജ് ഭവൻ നിർമ്മാണം

29.03.2000 ലെ ജി.ഒ (ആർ.റ്റി)1440/2000/എൽ.എസ്.ജി.ഡി പ്രകാരം 6000000/- രൂപയും 2001-02 സാമ്പത്തിക വർഷം 3000000/- രൂപയും സ്വരാജ് ഭവൻ നിർമ്മാണത്തിനായി ട്രിഡയ്ക്ക് നൽകിയിരുന്നു. എന്നാൽ ട്രിഡ കെട്ടിടനിർമ്മാണം നടത്തിയിട്ടില്ല. ട്രിഡയ്ക്ക് നൽകിയ തുക വകമാറ്റി ചെലവഴിക്കുകയും ചെയ്തു. പദ്ധതി നടത്താത്തതിനാൽ ട്രിഡയുടെ ഗ്രാന്റിൽ നിന്ന് 76.2 ലക്ഷം രൂപ കുറവ് ചെയ്താണ് തുക സർക്കാർ ക്രമീകരിച്ചത്.

## 3. പൂർത്തീകരിച്ച/പുരോഗമിക്കുന്ന പദ്ധതികൾ

### 1. റിഹാബിലിറ്റേഷൻ ബ്ലോക്ക്, പേട്ട

Capital Region Development Programme മുമായി ബന്ധപ്പെട്ട് റോഡ് വീതി കൂട്ടുന്നതിനായി പൊളിച്ചു മാറ്റിയ പഴയ രണ്ടുനില കെട്ടിടത്തിൽ വ്യാപാരം ചെയ്ത വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിനായി 45 ലക്ഷം രൂപ ചെലവിൽ ബി.ഒ.റ്റി അടിസ്ഥാനത്തിൽ പണി തുടങ്ങിയ കെട്ടിടം ഇക്കാലയളവിൽ പൂർത്തീകരിച്ചു.

### 2. പാളയം സി ബ്ലോക്കിന്റെ അവശേഷിച്ച പണി

ജി.ഒ (ആർ.റ്റി ) നം.24/09/എൽ.എസ്.ജി.ഡി തീയതി 03.01.2008 പ്രകാരം റീഹാബിലിറ്റേഷൻ പാളയം സി ബ്ലോക്കിന്റെ അവശേഷിക്കുന്ന നിർമ്മാണ ജോലികൾ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് 171.60 ലക്ഷം രൂപ അടങ്കൽ കണക്കാക്കി കരാർ ഉറപ്പിച്ചിരുന്നു. ഇതിന്റെ വിസ്തീർണ്ണം മൂന്ന് നിലകളിലായി 6048 എം$^2$ ആണ്. ആയതിന്റെ സമ്മതപത്രം ട്രിഡയും നിർമ്മിതികേന്ദ്രവും 2008-09 ൽ ഒപ്പ് വച്ചു. നിർമ്മാണ ജോലികൾ പൂർത്തിയായിട്ടുണ്ട്.

### 3. വള്ളക്കടവ് ബോട്ട് ഹൗസ് പുനരുദ്ധാരണം

11.02.2000 ലെ സർക്കാർ ഉത്തരവ് 628/2000 പ്രകാരം അനുമതി ലഭിച്ച വള്ളക്കടവ് ബോട്ട് ഹൗസ് പുനരുദ്ധാരണ പദ്ധതി പൂർത്തീകരിക്കുന്നതിന് ട്രിഡ അഞ്ചരവർഷത്തിലധികം സമയമെടുത്തു. 11.11.2003 ൽ 78.50 ലക്ഷം രൂപയ്ക്ക് ടെന്റർ ചെയ്ത പ്രവൃത്തി 25.09.2008 ൽ പൂർത്തിയായി ടൂറിസം വകുപ്പിന് കൈമാറുന്നതിന് ട്രിഡ നടപടികൾ സ്വീകരിച്ചു.

### 4. നിഗമനങ്ങൾ

നഗരാസൂത്രണവും നഗരവികസനവും ലക്ഷ്യമാക്കി വർഷങ്ങൾക്കുമുമ്പ് വിഭാവനം ചെയ്ത ഡി.റ്റി.പി സ്കീമിലുൾപ്പെട്ട ഒരു പ്രവൃത്തിപോലും ലക്ഷ്യം കണ്ടിട്ടില്ല. അതിദ്രുതം വികസിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗരത്തിന് 18 വർഷം മുമ്പ് ആസൂത്രണം ചെയ്ത പദ്ധതികൾ കാലഹരണപ്പെട്ടവയാണെന്നത് നിസ്തർക്കമാണ്. ഡി.റ്റി.പി സ്കീം നോട്ടിഫൈ ചെയ്ത് 10 മുതൽ 15 വർഷം വരെ കഴിഞ്ഞാണ് ട്രിഡ നിർദ്ദേശങ്ങളും വിയോജിപ്പുകളും ചീഫ് ടൗൺ പ്ലാനർക്ക് (സി.റ്റി.പി) നൽകുന്നത്. ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ലക്ഷ്യം കൈവരിക്കുന്നതിലും നഗരാസൂത്രണം പോലുള്ള കാലികപ്രാധാന്യമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലുമുള്ള അതോറിറ്റിയുടെ പരാജയം വിളിച്ചറിയിക്കുന്നു. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്നതോടെ നഗരാസൂത്രണം നഗരസഭയുടെ ചുമതലകളിലുൾപ്പെട്ടതാണെന്ന നിലപാടിലാണ് ട്രിഡ. ട്രിഡ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളിൽ പലതും എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 15 ശതമാനം മുതൽ 25 ശതമാനം വരെ അധികരിച്ചാണ് നൽകുന്നത്.

## 5. ശുപാർശകൾ

1. ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ട്രിഡ ശ്രദ്ധിക്കേണ്ടതാണ്.
2. ആവശ്യമായ ഫണ്ട് നൽകിയാലും (ഉദാഹരണം സ്വരാജ് ഭവൻ നിർമ്മാണം, കഴക്കൂട്ടം ബസ് സ്റ്റേഷൻ തുടങ്ങിയവ) പദ്ധതി നിർവ്വഹണത്തിൽ ട്രിഡ കാട്ടുന്ന അലംഭാവം ഒഴിവാക്കേണ്ടതാണ്.
3. പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കലുകൾ ദ്രുതഗതിയിലാക്കുന്നതിന് സർക്കാരുമായും വിവിധ ഏജൻസികളുമായും സഹകരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. വിവിധ ആവശ്യങ്ങൾക്കായി ഏറ്റെടുക്കുന്ന ഭൂമി സർക്കാരിന് കൈമാറുമ്പോൾ വിപണി വില ഈടാക്കുകയോ പകരം ഭൂമി ആവശ്യപ്പെടുകയോ മതിയായ നഷ്ടപരിഹാരം ഉറപ്പാക്കുകയോ ചെയ്യാവുന്നതാണ്.
5. ട്രിഡയുടെ അധീനതയിലുള്ള ഭൂമിയിൽ പദ്ധതികൾ വിഭാവനം ചെയ്യുകയും, വിവിധ സ്രോതസ്സുകളിൽ നിന്ന് ധനസമാഹരണം നടത്തി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്

LOCAL FUND AUDIT DEPARTMENT

## 6.6.2. വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)

### അവലോകന റിപ്പോർട്ട്

### 1. കമ്പ്യൂട്ടർവൽക്കരണത്തിലെ അപൂർണതയും പാഴ്ചെലവും

അതിദ്രുതം വളരുന്ന കൊച്ചി നഗരത്തിന്റെയും സമീപ മുനിസിപ്പൽ പ്രദേശങ്ങളുടെയും ഗ്രാമപഞ്ചായത്തുകളുടെയും വികസനം ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് 24.01.1976 - ൽ വിശാലകൊച്ചി വികസന അതോറിറ്റി നിലവിൽ വന്നു. നഗരവികസനാസൂത്രണം, ഭവനനിർമ്മാണ പദ്ധതികൾ, ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂവികസനം,കനാൽ നവീകരണം, വാണിജ്യ കേന്ദ്രങ്ങളുടെ നിർമ്മാണം, സാംസ്ക്കാരിക കേന്ദ്രങ്ങളുടെ സ്ഥാപനവും പരിപാലനവും, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റോഡുകളുടെ നിർമ്മാണവും വികസനവും, നഗര സൗന്ദര്യവൽക്കരണത്തിനും വിനോദത്തിനും ഉതകുന്ന സൗകര്യങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവയൊക്കെ വികസന അതോറിറ്റിയുടെ സ്ഥാപിത ലക്ഷ്യങ്ങളാണ്.

ഭരണ സൗകര്യത്തിനും, അതോറിറ്റിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി ജി.സി.ഡി.എയുടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുത്തി കമ്പ്യൂട്ടർവൽക്കരണത്തിന്റെ തുടക്കമിടുന്നത് 2007 ജനുവരി മാസത്തിലാണ്. സോഫ്റ്റ്വെയർ വികസനത്തിനായി 4,24,792/- രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് നം. 898/2007/തസ്വഭവ/ തീയതി 21.03.2007 പ്രകാരം അതോറിറ്റിക്ക് ലഭിച്ചു. സോഫ്റ്റ്വെയർ വികസനം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.സിയെ ഏൽപ്പിക്കുകയും ചെയ്തു. എൻ.ഐ.സിക്ക് നൽകിയ വർക്ക് ഓർഡറിൽ 31.03.2009 നകം കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കണമെന്നാണ് അതോറിറ്റി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ എൻ.ഐ.സിക്ക് വർക്ക് ഓർഡർ നൽകിയത് കരാറിന്റെ അടിസ്ഥാനത്തിലല്ല. ഡെപ്പോസിറ്റ് വർക്കായാണ് ഈ ജോലി എൻ.ഐ.സിയെ ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ ഇതനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് അതോറിറ്റിക്ക് ലഭിച്ചിട്ടില്ല. കൂടാതെ പ്രസ്തുത സർക്കാർ ഉത്തരവിൽ 4,24,792/- രൂപയുടെ 50% മുൻകൂറായി എൻ.ഐ.സിക്ക് നൽകണമെന്നാണ് നിഷ്കർഷിച്ചിരുന്നതെങ്കിലും അതോറിറ്റി മുഴുവൻ തുകയായ 4,25,000/- രൂപ 24.07.2008 ന് വൗച്ചർ നം. 170 മുഖേന എൻ.ഐ.സിയ്ക്ക് കൊടുക്കുകയുണ്ടായി. മുഴുവൻ തുകയും മുൻകൂർ നൽകാൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവും അതോറിറ്റിക്ക് ലഭിച്ചിട്ടില്ല. ഫലത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ഈ തുക എൻ.ഐ.സിക്ക് മുൻകൂറായി നൽകിയിരിക്കുന്നത്.

വികസിപ്പിക്കാൻ ആവശ്യപ്പെട്ട 7 മോഡ്യൂളുകളായ 1. പേഴ്സണൽ ഇൻഫർമേഷൻ സിസ്റ്റം, 2. ബഡ്ജറ്റ് കൺട്രോൾ, 3. ലോൺ മോണിട്ടറിംഗ് സിസ്റ്റം, 4. പേ ബിൽ അക്കൗണ്ടിംഗ്, 5. ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, 6. അസറ്റ് മോണട്ടറിംഗ് സിസ്റ്റം, 7. ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം എന്നിവയിൽ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ഇൻഫർമേഷൻ സിസ്റ്റവും റെന്റ് മോണിട്ടറിംഗ് ഇൻഫർമേഷൻ സിസ്റ്റവും പൂർത്തിയായിട്ടുണ്ടെന്ന് എൻ.ഐ.സിയുടെ പ്രതിനിധി അതോറിറ്റിയെ 21.01.2012 ൽ കത്ത് മുഖാന്തിരം അറിയിച്ചിരുന്നു. വികസിപ്പിക്കാൻ ആവശ്യപ്പെട്ടിരുന്ന 7 മോഡ്യൂളുകളിൽ 2 മോഡ്യൂളുകൾ മാത്രമാണ് 2011 ൽ പൂർത്തിയാക്കിയതായി എൻ.ഐ.സി അറിയിച്ചത്. ഇത് ഈ സ്ഥാപനത്തിന്റെ 'കോമ്പിറ്റൻസി' യെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനാവശ്യമായ അക്കൗണ്ട് ഹെഡ്ഡുകളും, ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറ്റുന്നതിനാവശ്യമായ വിവരങ്ങളും M/s വിഷ്ണു രാജേന്ദ്രൻ ആന്റ് കമ്പനി എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ്സ് 2009 ആഗസ്റ്റിൽ തന്നെ നൽകിയിരുന്നു. ബാക്കി 5 മോഡ്യൂളുകൾ പൂർത്തിയാക്കിയതായി കത്തിടപാടുകളിൽ കാണുന്നില്ല. ഇത് പൂർത്തിയാക്കുന്നത് സംബന്ധിച്ച് എൻ.ഐ.സിയുടെ ഭാഗത്തു നിന്നും യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. അതോറിറ്റി ഇക്കാര്യം എൻ.ഐ.സിയോട് ആവശ്യപ്പെട്ടിട്ടുമില്ല. എൻ.ഐ.സിക്ക് പ്രതിഫലമായി 5,09,846/- രൂപ നൽകിയിട്ടുണ്ട്. ഭരണാനുമതി തുകയേക്കാൾ 20% കൂടുതലാണിത്. കേരള പൊതുമരാമത്ത് മാന്വൽ പാർട്ട് II, സെക്ഷൻ 1801.1.1 പ്രകാരം പുതുക്കിയ ഭരണാനുമതി വാങ്ങേണ്ടതാവശ്യമായിരുന്നെങ്കിലും അതോറിറ്റി അപ്രകാരം ചെയ്തിട്ടില്ല.

എൻ.ഐ.സിയുടെ ടെക്നിക്കൽ ഡയറക്ടർ ശ്രീ. പത്മകുമാറിന്റെ 21.01.2012 ലെ കത്ത് പ്രകാരം റെന്റ് മോണിട്ടറിംഗ് ഇൻഫർമേഷൻ സിസ്റ്റം, ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ഇൻഫർമേഷൻ സിസ്റ്റം എന്നിവ അതോറിറ്റിയിൽ വിജയപ്രദമായി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. ജനുവരി 2012, മൂന്നാം വാരത്തോടെ അതോറിറ്റി ജീവനക്കാർക്ക് ഇതിൽ പരിശീലനം നൽകുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ 2013 ജനുവരി കഴിഞ്ഞിട്ടും അതോറി

LOCAL FUND AUDIT DEPARTMENT

റ്റിയിൽ ഈ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ജീവനക്കാർക്ക് എൻ.ഐ.സി പരിശീലനം നൽകിയിട്ടില്ല. ഈ പദ്ധതിയുടെ ഒരു ഘട്ടത്തിലും അതോറിറ്റി ഇത് പൂർണ്ണമാക്കുന്നതിനുള്ള കൃത്യമായ സമയക്രമം ആവശ്യപ്പെടുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ടാണ് എൻ.ഐ.സി നിരുത്തരവാദപരമായി പ്രവർത്തിച്ച

എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 278/11-12/തീയതി 13.2.12 പ്രകാരം ഫെബ്രുവരി മുതൽ പ്രതിമാസം 20,000/- രൂപ നിരക്കിൽ ഒരു കമ്പ്യൂട്ടർ പ്രോഗ്രാമറെ 6 മാസത്തേക്ക് നേരിട്ട് നിയമിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം 148/12-13/തീ.24.07.12 പ്രകാരം ഈ പ്രോഗ്രാമറുടെ സേവന കാലാവധി 3 മാസം നീട്ടി നൽകുകയും തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം 306/12-13/തീ.05.12.12 പ്രകാരം ഒരു കമ്പ്യൂട്ടർ പ്രോഗ്രാമറുടെ സ്ഥിരം നിയമനത്തിന് അംഗീകാരം കിട്ടുന്നതുവരെ പ്രസ്തുത കമ്പ്യൂട്ടർ പ്രോഗ്രാമറുടെ സേവന കാലാവധി നീട്ടിക്കൊടുക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇതിനായി 2,40,000/- രൂപ ഇതുവരെ ചെലവായി. സോഫ്റ്റ്വെയർ പ്രവർത്തന സജ്ജമാകുന്നതുവരെ, പ്രോഗ്രാമിംഗ് സംബന്ധിച്ചുള്ള എല്ലാ ചെലവുകളും എൻ.ഐ.സി വഹിക്കേണ്ടതാണ്. ഈ ബാധ്യത ജി.സി.ഡി.എ ഏറ്റെടുത്തതുമൂലം 2,40,000/- രൂപയുടെ നഷ്ടം 31.01.2013 വരെ ഉണ്ടായി. എൻ.ഐ.സിയുമായി വ്യക്തമായ ഒരു കരാർ ഉണ്ടാക്കാത്തതുമൂലമാണ് ഈ നഷ്ടം അതോറിറ്റിക്ക് സഹിക്കേണ്ടി വന്നതും, പിഴ ചുമത്താൻ കഴിയാതെ വന്നതും.

സോഫ്റ്റ്വെയർ വികസനത്തിനായും, കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമായി 38,30,410/- രൂപ അതോറിറ്റി ചെലവാക്കി. ഇത്രയും തുക ചെലവാക്കിയിട്ടും അതോറിറ്റിയുടെ കമ്പ്യൂട്ടർവൽക്കരണം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല. മറ്റു ജോലികളൊന്നും പൂർത്തീകരിക്കാൻ ഇല്ലെങ്കിലും ഇതുവരെ സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമായിട്ടില്ല. കമ്പ്യൂട്ടർ പ്രോഗ്രാമറുടെ മുഖ്യ കർത്തവ്യങ്ങളിലൊന്ന് അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുക എന്നുള്ളതായിരുന്നു. പ്രവർത്തനക്ഷമമല്ലാത്ത ഒരു സോഫ്റ്റ്വെയറിൽ ജീവനക്കാർക്ക് നൽകുന്ന പരിശീലനം ഉപയോഗശൂന്യമാണ്.

ജീവനക്കാർക്ക് ഉപയോഗിക്കാൻ വേണ്ട കമ്പ്യൂട്ടറുകൾ വാങ്ങിയെങ്കിലും പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഇലക്ട്രിക് കണക്ഷനുകളും ഇതുവരെ നൽകിയിട്ടില്ല. കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് ഓഡിറ്റ് 11.06.2012 ന് നൽകിയ വിശദമായ കത്തിന് 25.7.12 ൽ സെക്രട്ടറി നൽകിയ മറുപടിയിൽ ചെയർമാൻ ഉദ്ഘാടന തീയതി പ്രഖ്യാപിക്കും എന്നാണ് പറഞ്ഞിരുന്നത്. ഇതിനുശേഷം 7 മാസം ആയെങ്കിലും ഉദ്ഘാടനം നടത്തുകയോ തീയതി പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ച് അതോറിറ്റിയുടെ വാർഷിക കണക്കും അനുബന്ധ പത്രികകളും കൂടി തയ്യാറാക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. പ്ലാനിംഗ്, എഞ്ചിനീയറിംഗ്, എസ്റ്റേറ്റ്, അഡ്മിനിസ്ട്രേഷൻ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം കമ്പ്യൂട്ടർ വഴി ഏകോപിപ്പിക്കാതെ വാർഷിക കണക്ക്, ബജറ്റിംഗ്, ടാക്സ് റിട്ടേൺസ് എന്നിവ അപൂർണ്ണമായിരിക്കും.പൂർത്തിയാക്കാനുദ്ദേശിച്ച തീയതിയിൽ നിന്നും 4 വർഷം പിന്നിട്ടിട്ടും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 38,30,410/- രൂപ പാഴ്ചെലവായി കണക്കാക്കേണ്ടി വരും.

# 6.7. ക്ഷേമനിധി ബോർഡുകൾ

**അവലോകന റിപ്പോർട്ട്**

## 6.7.1. ക്ഷേമനിധികളിൽ അനർഹർ അംഗത്വം നേടുന്നു

പെൻഷനും ക്ഷേമപദ്ധതികൾക്കുമായി ക്ഷേമനിധി ബോർഡുകൾ വഴി പ്രതിവർഷം വൻതുക ചെലവഴിക്കപ്പെടുന്നുണ്ട്. ഒരോ ക്ഷേമനിധി ബോർഡുകൾക്കും വെവ്വേറെ നിയമങ്ങളും ചട്ടങ്ങളുമാണ് നിലവിലുള്ളത്. ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള യോഗ്യതയും നടപടിക്രമങ്ങളും ചട്ടങ്ങളിൽ വ്യക്തമായി നിർവ്വചിച്ചിട്ടില്ലാത്തതിനാൽ അനർഹരായ പലരും ക്ഷേമനിധികളിൽ അംഗത്വം നേടുന്നുണ്ട്. നാമമാത്രമായ തൊഴിൽ പരിചയമുള്ളവർ ആനുകൂല്യങ്ങൾ മാത്രം പ്രതീക്ഷിച്ച് അംഗത്വം നേടുന്നതിനാൽ ക്ഷേമിനിധികളുടെ സാമ്പത്തികനില തകരുകയും നിലനിൽപ്പിനെ തന്നെ ബാധിക്കുകയും ചെയ്യുന്നു. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് എന്നിവയിൽ 2012-13 കാലഘട്ടത്തിലെ അംഗത്വം സംബന്ധിച്ച് നടത്തിയ അവലോകനത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 1. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

രണ്ട് കലണ്ടർ വർഷത്തിനുള്ളിൽ 240 ദിവസം പൂർത്തിയാക്കിയ ഖാദിതൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗമാകാനുള്ള തൊഴിലാളിയുടെ അർഹത സംബന്ധിച്ച തൊഴിലുടമ നൽകുന്ന സത്യവാങ്മൂലത്തിന്റെയും ബന്ധപ്പെട്ട മേഖലാ ഓഫീസ് സൂപ്രണ്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലാണ് അംഗത്വം അനുവദിക്കുന്നത്. അംഗത്വത്തിനുള്ള പ്രായം 18 വയസ്സാണ്. 18 വയസ്സിനു താഴെയുള്ളവർക്ക് അംഗത്വം നൽകുന്നത് ബാലവേലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് തുല്യമാണ്. ഇത്തരം അംഗത്വങ്ങൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

ഖാദിതൊഴിലാളികളിൽ പലരും ജോലിയിൽ പ്രവേശിച്ച് മൂന്ന്, നാല് വർഷത്തിനുശേഷമാണ് അംഗത്വത്തിന് അപേക്ഷിക്കുന്നത്. തൊഴിലാളികളുടെ അറിവില്ലായ്മമൂലവും തൊഴിലാളി-തൊഴിലുടമ അംശാദായം കൃത്യസമയത്ത് ഒടുക്കുന്നതിലുള്ള സ്ഥാപനങ്ങളുടെ വീഴ്ചയുമാണ് അപേക്ഷകൾ വൈകാൻ കാരണം. അംഗത്വം വൈകുന്നതിനുസരിച്ച് ഇവർക്കുള്ള ആനുകൂല്യങ്ങളും വൈകുന്നുണ്ട്. അംഗത്വകാര്യത്തിൽ തൊഴിലാളികൾക്ക് കൃത്യമായ ബോധവൽക്കരണം അനിവാര്യമാണ്.

ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വവും മുപ്പത് വർഷത്തെ സേവന ദൈർഘ്യവമാണ് ഏറ്റവും കൂടിയ പ്രതിമാസ പെൻഷന്റെ അടിസ്ഥാന യോഗ്യത. പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തൊഴിലാളി മരണപ്പെട്ടാൽ അതേ നിരക്കിൽ ടിയാളുടെ അവകാശികൾക്ക് കുടുംബ പെൻഷൻ അനുവദിക്കാമെന്നും ചട്ടം 35(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഖാദി തൊഴിലാളികളായി ജോലി നോക്കിയതിന്റെയോ ക്ഷേമനിധിയിൽ അംഗത്വമെടുത്തതിന്റെയോ പെൻഷൻ അനുവദിച്ചതിന്റെയോ രേഖകൾ പരിശോധിക്കാതെ രണ്ടുപേരുടെ അവകാശികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. നിധിയിൽ അംഗമല്ലാത്ത തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് കുടുബ പെൻഷൻ നൽകിയ നടപടി ഗുരുതരമായ ചട്ടലംഘനമാണ്.

## 2. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷകതൊഴിലാളി ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തിയായവർക്കും 55 വയസ്സിനു താഴെ പ്രായമുള്ളവർക്കും അംഗമാകാവുന്നതാണ്. അപേക്ഷകളിൽ വിശദപരിശോധന നടത്തിയതിനുശേഷം അർഹതയുള്ളവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും തുടർന്ന് അപേക്ഷകനുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി അംഗത്വം അനുവദിക്കുകയും ചെയ്യുന്നു. കർഷക തൊഴിലാളിക്ക് നിർബന്ധിത അംഗത്വം വ്യവസ്ഥ ചെയ്യുന്നില്ല. ഒരംഗം ആറുമാസം തുടർച്ചയായി അംശാദായം ഒടുക്കാതിരുന്നാൽ പ്രസ്തുത വ്യക്തി അംഗമല്ലാതാവുമെങ്കിലും പിഴയോടുകൂടി കുടിശ്ശിക ഒടുക്കിയാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. കർഷകതൊഴിലാളികൾ ഒരു പ്രത്യേക തൊഴിൽദാതാവിന്റെയോ സ്ഥാപനത്തിന്റെയോ കീഴിൽ പണിയെടുക്കുന്നവരല്ലാത്തതിനാൽ അംഗങ്ങളെ സംബന്ധിക്കുന്ന പ്രതിമാസ റിട്ടേണുകൾ ലഭിക്കുന്നില്ല.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളിക്ക് മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗത്വമുണ്ടോയെന്നറിയാൻ നിർവ്വാഹമില്ല. തൊഴിലാളികൾ ഒന്നിലധികം ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയാൻ സമഗ്രമായ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നമ്പർ ഉൾപ്പെടുത്തി ദ്വയാംഗത്വം കണ്ടെത്തുന്നതിനുള്ള സോഫ്റ്റ് വെയർ ബോർഡ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. കൂടാതെ മുഴുവൻ ക്ഷേമനിധി അംഗങ്ങൾക്കും സ്മാർട്ട്കാർഡ് അനുവദിച്ചുകൊണ്ടും ഡേറ്റകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. ഈ ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളിയിൽ നിന്നും പ്രതിമാസം 5/-രൂപ നിരക്കിലാണ് അംശാദായം ലഭിക്കുന്നത്. ആയതിനാൽ അംശാദായ നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. 2008-09 സാമ്പത്തിക വർഷം 41987 അംഗങ്ങളും 2009-10 സാമ്പത്തിക വർഷം 21029 അംഗങ്ങളും ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31.03.10 വരെ ആകെ 1998520 തൊഴിലാളികളാണ് കർഷകതൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പരിശോധന കൃത്യമല്ലാത്തതിനാൽ യഥാർത്ഥ തൊഴിലാളി അംഗത്വത്തിൽ നിന്നും തഴയപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. മലപ്പുറം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ എണ്ണത്തെപ്പറ്റിയുള്ള കണക്കുകൾ വ്യക്തമല്ലാത്തതിനാൽ അംഗങ്ങളുടെ എണ്ണം യഥാർത്ഥത്തിൽ ഇരട്ടിപ്പാണ്. രണ്ട് മേൽവിലാസങ്ങളിൽ അംഗത്വ

LOCAL FUND AUDIT DEPARTMENT

മുള്ളവരുടെ ഒരു അംഗത്വം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ അംഗത്വം സംബന്ധിക്കുന്ന കണക്കുകൾ കൃത്യമാക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന പാസ്ബുക്കുകളുടെ സ്റ്റോക്ക് വിതരണത്തിന്റെ വ്യക്തമായ കണക്ക് ഡിവിഷണൽ ഓഫീസർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

കോട്ടയം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങളും അംശാദായത്തിന്റെ വിവരങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് അംഗത്വവിവരം പൂർണ്ണമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൊല്ലം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന പാസ്സ്ബുക്ക് അക്കൗണ്ടുകൾ കൃത്യമല്ലാത്തതിനാൽ നാളിതുവരെ ഓഫീസിന് ലഭിച്ച പാസ്സ്ബുക്കുകളുടെയും വിതരണം നടത്തിയവയുടെയും കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേതാണ്.

കർഷകതൊഴിലാളി ക്ഷേമനിധിയിൽ ഒരാൾ അംഗമാകുമ്പോഴും ക്ഷേമനിധിയിൽ നിന്ന് കർഷകതൊഴിലാളി ആനുകൂല്യങ്ങൾ കൈപ്പറ്റുമ്പോഴും അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ലെറ്റർ ഹെഡിൽ പ്രസ്തുത വ്യക്തി കർഷക തൊഴിലാളിയാണെന്നും ഇപ്പോഴും ഈ തൊഴിൽ ചെയ്യുന്നുവെന്നും രേഖപ്പെടുത്തി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഈ സാക്ഷ്യപത്രത്തിൽ ഒപ്പ് വയ്ക്കുന്ന സംഘടനാ ഭാരവാഹിയുടെ പേരും ഭാരവാഹിത്വവും വ്യക്തമായി രേഖപ്പെടുത്തുന്നതോടൊപ്പം ഓഫീസ് മുദ്രയും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പല സംഘടനകളും ക്ഷേമനിധി നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള സാക്ഷ്യപത്രമല്ല നൽകുന്നത്. മാത്രമല്ല ഇതിൽ ഏത് ഭൂഉടമയുടെ ഭൂമിയിലാണ് വേതനത്തിന് വേണ്ടി കൃഷിപണിയോ അതുമായി ബന്ധപ്പെട്ട ജോലിയോ ചെയ്തതെന്നും വ്യക്തമാക്കുന്നില്ല.

കർഷക തൊഴിലാളി സംഘടനകൾ നൽകുന്ന സാക്ഷ്യപത്രങ്ങൾക്ക് ഏകീകൃത രൂപമില്ലാത്തതിനാലും തൊഴിലാളി ജോലി ചെയ്ത ഭൂഉടമയെ സംബന്ധിച്ച് വ്യക്തമായ വിവരണങ്ങൾ ഇതിൽ രേഖപ്പെടുത്താതിനാലും അംഗീകൃത സ്ഥാപനങ്ങളുടെ സാക്ഷ്യപത്രമാണോ തൊഴിലാളികൾ ഹാജരാക്കുന്നതെന്ന് വ്യക്തമല്ല.

## 3. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

1994 ലെ തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ വകുപ്പ് 2(എൽ) പ്രകാരം തയ്യൽ തൊഴിലാളി എന്നാൽ തന്റെ ഉപജീവനത്തിനായി പ്രധാനമായും തയ്യൽ അല്ലെങ്കിൽ എംബ്രോയിഡറി ജോലിയെ ആശ്രയിച്ച് കഴിയുന്ന ആളാണ്. 18 വയസ്സ് പൂർത്തിയായ മൂന്ന് വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മേൽ സൂചിപ്പിച്ച ഏതൊരു തയ്യൽ തൊഴിലാളിയ്ക്കും ഈ ക്ഷേമനിധിയിൽ അംഗമാകാം. അംഗത്വം എടുക്കുന്ന തൊഴിലാളിയ്ക്ക് മറ്റ് ക്ഷേമനിധികളിൽ അംഗത്വം ഉണ്ടായിരിക്കാൻ പാടുള്ളതല്ല. പുതിയ അംഗങ്ങളെ ചേർക്കുന്ന സമയത്ത് മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കാത്തതിനാൽ ഓരോ വർഷവും അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അംഗങ്ങളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|
| 2009 | 515971 |
| 2010 | 585581 |
| 2011 | 661025 |

അംഗങ്ങളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ തയ്യൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ തിരിച്ചറിയാനുള്ള വ്യക്തമായ പരിശോധന ബോർഡിന്റെ ഭാഗത്തു നിന്നും നടത്തിയശേഷം പുതിയ അംഗത്വം അനുവദിക്കുന്ന രീതി നടപ്പിലാക്കേണ്ടതാണ്. ജോലിയുടെ സ്വഭാവം, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, തൊഴിലുടമയുടെ പേര് എന്നിവ അപേക്ഷാഫോറത്തിൽ കൃത്യമായി രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. ആവശ്യമായ പരിശോധനകൾ നടത്താതെ തൊഴിലാളി സംഘടനകളുടെ ഒരു സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അംഗത്വം നൽകുന്ന രീതി നിർബാധം തുടരുന്നതായാണ് കാണുന്നത്.

## 4. കേരള വ്യാപാരി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാനത്തൊട്ടാകെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണ്. 2004 ലെ കണക്കുകൾ പ്രകാരം വ്യാപാരി ക്ഷേമ നിധി ബോർഡിലെ അംഗത്വത്തിന്റെ വിശദവിവരം താഴെപ്പറയുന്നു.

| | | |
|---|---|---|
| എ ക്ലാസ്സ് | - | 280 പേർ |
| ബി ക്ലാസ്സ് | - | 515 പേർ |
| സി ക്ലാസ്സ് | - | 3354 പേർ |
| ഡി ക്ലാസ്സ് | - | 61255 പേർ |

ഇതിൽ നിന്നും നാമമാത്രമായ വർദ്ധന മാത്രമാണ് തുടർവർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പേൾ ബോർഡിലെ അംഗത്വത്തിന്റെ ഗ്രാഫ് താഴോട്ടാണെന്ന് കാണാം. അംഗങ്ങളിൽ നിന്നുള്ള വിഹിതമാണ് ബോർഡിന്റെ അടിസ്ഥാന വരുമാനം. അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ നിലവിലെ സ്ഥിതി തുടർന്നാൽ ബോർഡിന്റെ പ്രസക്തി തന്നെ ചോദ്യം ചെയ്യപ്പെടുകയും വളരെ മോശമായ സാമ്പത്തിക സ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്യും. വാണിജ്യനികുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ ക്ഷേമനിധി ബോർഡിന്റെ അംഗത്വം സംബന്ധിച്ച കാര്യങ്ങളിൽ വകുപ്പ് ഇടപെടുന്നില്ല. സംഘടനാപരമായ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ നടക്കുന്നില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ വ്യാപാരികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതരത്തിൽ നിയമം ഉണ്ടാക്കി ആയത് വാണിജ്യനികുതി വകുപ്പിന്റെ പൂർണ്ണമായ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ ബോർഡധികൃതരുടെ ഭാഗത്തു നിന്നും സർക്കാരിന്റെ ഭാഗത്തു നിന്നും അനിവാര്യമാണ്.

## 5. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ ഒരു സാമ്പത്തിക വർഷം, കുറഞ്ഞത് 500 ലിറ്റർ പാൽ അളന്ന 18 വയസ്സു തികഞ്ഞ ക്ഷീരകർഷകന് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ക്ഷീരസഹകരണ സംഘം സെക്രട്ടറി അംഗത്വത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് ഭരണസമിതിയുടെ തീരുമാനത്തിനുശേഷം പ്രാഥമിക പരിശോധനയ്ക്കായി ബ്ലോക്ക്തലത്തിലുള്ള ഡയറി എക്സ്റ്റെൻഷൻ ഓഫീസർക്കു കൈമാറുന്നു. അദ്ദേഹം പരിശോധിച്ചശേഷം റിപ്പോർട്ടുൾപ്പെടെ ജില്ലാ നോഡൽ ഓഫീസർക്ക് കൈമാറുന്നു. അംഗത്വഫീസ് ഒടുക്കിയതിന്റെ ചെലാനും, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയും ഉൾപ്പെടെ ജില്ലാ നോഡൽ ഓഫീസർ ചീഫ് എക്സിക്യൂട്ടീവിന് കൈമാറുന്നു. ചീഫ് എക്സിക്യൂട്ടീവ് സ്വീകരിച്ച അപേക്ഷ ബോർഡ് മീറ്റിംഗിൽ അംഗീകരിച്ച ശേഷം അംഗത്വം നൽകുന്നു. എന്നാൽ അംഗത്വത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ ഡയറി എക്സ്റ്റെൻഷൻ ഓഫീസർ പരിശോധിക്കുന്നുണ്ടെങ്കിലും ചീഫ് എക്സിക്യൂട്ടീവിന്റെ ഓഫീസിൽ യാതൊരു പരിശോധനയും നടത്തുന്നില്ല. അംഗത്വം സംബന്ധിച്ച ക്ഷീരസഹകരണ സംഘങ്ങൾ സൂക്ഷിക്കുന്ന രജിസ്റ്ററുകളും അംഗങ്ങൾക്കെല്ലാം തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയതിന്റെ രേഖകളും ചീഫ് എക്സിക്യൂട്ടീവ് പരിശോധിക്കുന്നില്ല.

LOCAL FUND AUDIT DEPARTMENT

## ശുപാർശകൾ

1. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള യോഗ്യതകളും നടപടിക്രമങ്ങളും വ്യക്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും യഥാർത്ഥ തൊഴിലാളികൾക്ക് മാത്രമായി അംഗത്വം ലഭ്യമാക്കുകയും ചെയ്യുക.
2. തൊഴിലാളികളാണെന്ന സാക്ഷ്യപത്രം നൽകുന്നതിനുള്ള അധികാരം അംഗീകൃത തൊഴിലാളി സംഘങ്ങൾക്ക് മാത്രമായി നിജപ്പെടുത്തുക.
3. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്ക് പരമാവധി ഏകീകൃത സ്വഭാവം കൈവരുത്തുക.
4. അംശാദായസംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

# 6.8. മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ്

## 6.8.1. ദേവസ്വത്തിന്റെ കല്യാണമണ്ഡപം നിർമ്മാണം – നിർവ്വഹണത്തിൽ അപാകതകൾ

**(പുത്തനാൽക്കൽ ഭഗവതി ദേവസ്വം – 2010–2011 ഓഡിറ്റ് റിപ്പോർട്ട് –ഖണ്ഡിക–16)**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലുള്ള പുത്തനാൽക്കൽ ഭഗവതി ദേവസ്വത്തിൽ വർഷങ്ങൾക്കു മുൻപ് നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിച്ചിരുന്ന കല്യാണമണ്ഡപത്തിന്റെ ബേസ്മെന്റ് ഫ്ളോറിലെ പ്രവൃത്തികൾക്ക് 7,60,000/-രൂപയുടെയും, ഗ്രൗണ്ട് ഫ്ളോറിലെ പ്രവൃത്തികൾക്ക് 15,55,000/-രൂപയുടെയും എസ്റ്റിമേറ്റും പ്ലാനും മലബാർ ദേവസ്വം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ 08.02.2007 ലെ എ5/1651/2005 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മണ്ഡപനിർമ്മാണം ടെന്റർ മുഖേന ചെയ്യുന്നതിന് ട്രസ്റ്റ് ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് ബേസ്മെന്റ് ഫ്ളോറിന്റെ പ്രവൃത്തിക്ക് മാത്രം ടെന്റർ ക്ഷണിച്ചതനുസരിച്ച് കെ. ഗോപകുമാർ, വിശ്വേശ്വര എഞ്ചിനീയറിംഗ് ഗ്രൂപ്പ്, തിരൂർ എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് തുകയേക്കാൾ 28% അധിക തുകയ്ക്കുള്ള ടെന്റർ (ടെന്റർ എസ്റ്റിമേറ്റ് 7 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നു) ഉറപ്പിക്കുകയും, ആയത് ദേവസ്വം കമ്മീഷണറുടെ എച്ച്.ആർ.എച്ച് 6/5063/07(ഡി.ഡിസ്) 22.07.2007 പ്രകാരം അംഗീകരിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 8,96,000/- രൂപ (7,00,000 + 1,96,000) യുടെ ടെന്റർ മാത്രമാണ് ദേവസ്വം കമ്മീഷണർ അംഗീകരിച്ചിട്ടുള്ളത്.

എന്നാൽ ഗ്രൗണ്ട് ഫ്ളോറിലെ പ്രവൃത്തികൾക്ക് കണക്കാക്കിയ എസ്റ്റിമേറ്റ് തുകയായ 15,55,000/- രൂപയിൽ ഉൾപ്പെടുന്ന മിക്ക പ്രവൃത്തികളും ടെന്റർ വിളിക്കാതെ അതേ കരാറുകാരനുതന്നെ 28% അധിക നിരക്കിൽ നൽകിയിട്ടുള്ളതായി വർക്ക് ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എം.ബുക്ക് പ്രകാരം ആകെ പ്രവൃത്തിമൂല്യം 17,85,343 രൂപയും അധിക നിരക്ക് ഉൾപ്പെടെ കരാറുകാരനു നൽകിയിട്ടുള്ള ആകെത്തുക 22,85,240/- രൂപയുമാണ്. (ഇറിഗേഷൻ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ പി. കെ. രാമൻ എന്നയാളാണ് എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. എം.ബുക്കിനു നമ്പർ ഇട്ടിട്ടില്ല. 1 മുതൽ 54 പേജ് വരെ ഒരു തീയതി പോലും വെയ്ക്കാതെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തികൾ വേർതിരിച്ചു കാണിച്ചിട്ടില്ല. മാത്രവുമല്ല, അളവുകൾ ചെക്ക് മെഷർ ചെയ്തിട്ടുമില്ല).

മേൽക്കാണിച്ച പ്രവൃത്തികൾക്ക് പുറമെ എസ്റ്റിമേറ്റിൽപ്പെടാത്തതും, എന്നാൽ അനുബന്ധ പ്രവൃത്തികൾ ആയവയുമായ ഏതാനും മരാമത്ത് പ്രവൃത്തികൾ ഇതേ കരാറുകാരൻ തന്നെ ടെന്റർ എടുക്കുകയും 5,45,008/- രൂപ ഈ ഇനത്തിലേക്ക് നൽകിയിട്ടുമുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കെല്ലാം കൂടി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുക | ചെക്ക് നം./തീയതി | എസ്.ബി. അക്കൗണ്ട് നം. | ഇനം |
|---|---|---|---|---|
| 1. | 300000 | 85172/13.08.2007 | 168 | ബേസ്മെന്റ് കൺസ്ട്രക്ഷൻ മുൻകൂർ |
| 2. | 4,00,000 | 749158/22.10.2007 | 2204153 | ,, |
| 3. | 1,00,000 | 82703/19.11.2007 | 168 | ,, |
| 4. | 1,00,000 | 749159/19.11.2007 | 2204153 | ,, |
| 5. | 2,00,000 | 82704/22.11.2007 | 168 | ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം |
| 6. | 4,00,000 | 66937/31.12.2007 | 5738 | ,, |
| 7. | 1,00,000 | 82709/08.03.2008 | 168 | ,, |
| 8. | 85,000 | 283742/08.03.2008 | 168 | ,, |
| 9. | 25,000 | 991031/08.03.2008 | 3453 | ,, |
| 10. | 15,000 | 25403/18.03.2008 | 1268 | ,, |
| 11. | 75,000 | 66939/10.03.2008 | 5738 | ,, |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| 12. | 1,50,000 | 28374/13.12.2008 | 3453 | ഗ്രൗണ്ട് ഫ്ളോർ ട്രസ് വർക്ക് |
| 13. | 1,23,000 | 88930/09.05.2008 | 168 | ,, |
| 14. | 1,50,000 | 88939/15.09.2008 | 168 | ഇനം വ്യക്തമല്ല |
| 15. | 1,50,000 | 182099/23.09.2008 | 1268 | ,, |
| 16. | 75,000 | 18249/23.09.2008 | 1268 | ,, |
| 17. | 1,00,000 | 25104/18.08.2010 | 168 | ,, |
| 18. | 1,67,980 | 10688/23.11.2011 | 168 | ഫൈനൽ ബിൽ (ഉ.നമ്പർ.ജെ.5-3003/10 എം.ഡി.ബി/കെ.ഡിസ്. തീയതി 10.10.11) |
| **ആകെ** | **27,15,980** | | | |

2285240 +
545008
2830248
(-) നികുതികൾ 114261
2715987 (rounded to 2715980)

എസ്റ്റിമേറ്റിൽ ഉൾപ്പെടാതെ, കരാറുകാരനുതന്നെ ടെണ്ടർ നൽകി, പ്രവൃത്തിക്കുവേണ്ടി കൈമാറിയ 5,45,008/-രൂപയിൽ നിന്നും നിയമാനുസൃത നികുതികൾ (ആദായ നികുതി = 5450/- രൂപ, വാറ്റ് = 16350/-രൂപ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി 54,500/-രൂപ) ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഇവ തിരിച്ചു പിടിച്ച് അതത് ശീർഷ കങ്ങളിൽ ഒടുക്കേണ്ടതാണ്.

മേൽ കാരണങ്ങളാൽ ഈയിനത്തിൽ മൊത്തം ചെലവു വന്ന 28,30,248/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** :

ശ്രീ.പി.ശിവശങ്കരൻ,
(എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പുത്തനാൽക്കൽ ഭഗവതി ദേവസ്വം)
പടിഞ്ഞാറേ വീട്ടിൽ, മാങ്ങോട് പി.ഒ, ചെർപ്പുളശ്ശേരി, പാലക്കാട്
(കാലയളവ് : 26.08.2006 മുതൽ 17.09.2010 വരെ)

LOCAL FUND AUDIT DEPARTMENT

## 6.8.2. ക്ഷേത്രത്തിന്റെ വിലപിടിച്ച വസ്തുക്കളുടെ സൂക്ഷിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ

**( ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം, ചെറുകുന്ന്, 2006-10 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക : 17)**

- കാലാകാലങ്ങളിൽ സ്ഥലം മാറിപ്പോകുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രത്തിലെ വിലപിടിച്ച വസ്തുക്കൾ തുടർന്ന് ചാർജ്ജെടുക്കുന്ന ഉദ്യോഗസ്ഥർക്ക് രേഖാമൂലം കൈമാറുന്നില്ല.
- വിലപിടിപ്പുളള വസ്തുക്കൾ ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ സംയുക്തമായി സൂക്ഷി ക്കുന്ന സംവിധാനം നാളിതുവരെ ദേവസ്വത്തിൽ നടപ്പിൽ വരുത്തിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലുള്ള ചിറയ്ക്കൽ കോവിലകം ദേവസ്വത്തിന്റെ കീഴിലുളള ശ്രീ അന്ന പൂർണ്ണേശ്വരി ക്ഷേത്രത്തിന്റെ സ്വർണ്ണം, വെളളി തുടങ്ങിയ വിലപിടിച്ച വസ്തുക്കളുടെ രജിസ്റ്റർ, തിരുവാഭരണങ്ങ ളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുരുതരമായ കൃത്യവിലോപങ്ങൾ കാണുന്നു.

1. രേഖകൾ പ്രകാരം, ക്ഷേത്രത്തിലെ വിലപിടിച്ച വസ്തുക്കളുടെ ആധികാരികമായ പരിശോധന ഭരണവകുപ്പ് ഉദ്യോഗസ്ഥർ ആദ്യമായി നടത്തിയത് 2011 സെപ്റ്റംബറിലാണ്. ഭരണവകുപ്പ് വെരിഫിക്കേഷൻ ഓഫീസർ മൂല്യനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മുൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.വി.വി. പ്രഭാകരനിൽ നിന്നും നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.കെ.എം. അരവിന്ദാക്ഷൻ ഏറ്റുവാങ്ങിയ സ്വർണ്ണം, വെളളി വസ്തുക്കളുടെ രേഖ, യഥാർത്ഥ ഇൻവെന്ററി രജിസ്റ്ററിലെ താഴെപ്പറയുന്ന പേജുകളിലെ സ്വർണ്ണം കൈമാറിയതായി കാണുന്നില്ല.

| ക്രമ നം. | ഇൻവെന്ററി രജിസ്റ്റർ പേജ് നം. | സ്വർണ്ണത്തിന്റെ അളവ് (ഏകദേശം) |
|---|---|---|
| 1 | 09 | 312 ഗ്രാം 25 മില്ലിഗ്രാം |
| 2 | 12 | 32 ഗ്രാം 96 മില്ലിഗ്രാം |
| 3 | 13 | 21 ഗ്രാം 60 മില്ലിഗ്രാം |
| 4 | 14 | 20 ഗ്രാം 75 മില്ലിഗ്രാം |
| 5 | 29 | 08 ഗ്രാം |
| **ആകെ** | | **393 ഗ്രാം 256 മില്ലിഗ്രാം** |

സ്വർണ്ണം കൈമാറാത്തത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറോട് ആവശ്യപ്പെട്ടതായി ഓഡിറ്റ് അന്വേഷണത്തിന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ക്ഷേത്രത്തിൽ വരവ് വന്നിരിക്കുന്ന ആകെ സ്വർണ്ണം ഇൻവെന്ററി രജിസ്റ്റർ പ്രകാരം പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച കൈമാറ്റം ചെയ്യപ്പെടാത്ത സ്വർണ്ണം ക്ഷേത്രത്തിന് നഷ്ടമായതായി കണക്കാക്കാവുന്നതാണ്. ഇത്രയും വലിയ അളവിൽ സ്വർണ്ണം നഷ്ടമായത് ഗുരുതരമായ കൃത്യവിലോപവും ക്ഷേത്രത്തിനെ സംബന്ധിച്ച് ഭീമമായ നഷ്ടവുമാണ്.

2) ക്ഷേത്രത്തിന്റെ ഇൻവെന്ററി രജിസ്റ്റർ എക്സിക്യൂട്ടീവ് ഓഫീസർമാർ കൃത്യമായി സാക്ഷ്യപ്പെടുത്തുന്നില്ല. കാലാകാലങ്ങളിൽ സ്ഥലം മാറിപ്പോകുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ വിലപിടിച്ച വസ്തുക്കൾ തൊട്ടുപിന്നാലെ ചാർജ്ജെടുക്കുന്ന ഓഫീസർമാർക്ക് രേഖാമൂലം കൈമാറുന്നില്ല. 13.8.2009 ന് സ്ഥലം മാറിപ്പോയ ശ്രീ.വി.വി. പ്രഭാകരൻ, എക്സിക്യൂട്ടീവ് ഓഫീസർ 14.8.2009 ന് ചാർജ്ജെടുത്ത ശ്രീ.കെ.എം. അരവിന്ദാക്ഷന് 27.09.11, 25.11.11, 06.12.11 എന്നീ തീയതികളിലായാണ് വിലപിടിപ്പുള്ള വസ്തുക്കളുടെ ചാർജ്ജ് കൈമാറിയത്. ഇത്രയും നീണ്ടകാലയളവിൽ ക്ഷേത്രത്തിലെ വിലപിടിപ്പുള്ള വസ്തുക്കൾ ശ്രീ.വി.വി.പ്രഭാകരൻ സ്വന്തം അധീനതയിലാണ് സൂക്ഷിച്ചത്. മാത്രമല്ല അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ ആരും തന്നെ സ്വർണ്ണം കൈമാറിയതിന് രേഖകളില്ല. കാലാകാലങ്ങളിൽ തങ്ങളുടെ സേവനകാലഘട്ടങ്ങളിലെ സ്വർണ്ണം കൈമാറാതെ സ്വന്തം അധീനതയിലാണ് സൂക്ഷിച്ചു വരുന്നത്. വിലപിടിച്ച വസ്തുക്കൾ കൈമാറാതെ സൂക്ഷിക്കുകവഴി ഇവ ദുരുപയോഗം ചെയ്തിരിക്കുകയാണ്.

3) ചിറയ്ക്കൽ സെൻട്രൽ ദേവസ്വത്തിലെ മുഴുവൻ ക്ഷേത്രങ്ങളുടെയും ആവശ്യത്തിനുപയോഗിക്കുന്ന പൊതുവായ തിരുവാഭരണങ്ങളുടെ എണ്ണം, ഇനം, തൂക്കം, മാറ്റ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ ദേവസ്വത്തിൽ സൂക്ഷിച്ചിട്ടില്ല. തിരുവാഭരണങ്ങൾ ഉത്സവാവശ്യത്തിന് കൈമാറുന്ന ഒരു രജിസ്റ്റർ മാത്രമാണ് ഇത് സംബന്ധിച്ച് ഉള്ളത്. പ്രസ്തുത രജിസ്റ്ററിലാകട്ടെ ആഭരണങ്ങളുടെ ഇനവും എണ്ണവും മാത്രമാണ് കാണിച്ചിരിക്കുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമല്ലാത്തതിനാൽ ദേവസ്വത്തിൽ യഥാർത്ഥത്തിൽ കൈവശമുണ്ടായിരുന്നതും നിലവിൽ കൈവശമുള്ളതുമായ തിരുവാഭരണങ്ങളുടെ ആധികാരികമായ കണക്കു പരിശോധിക്കുവാനുള്ള സാഹചര്യം നിലവിലില്ല. കാലാകാലങ്ങളിൽ ദേവസ്വത്തിൽ സേവനമനുഷ്ഠിച്ചിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരോ, ക്ഷേത്രട്രസ്റ്റിയോ ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തിയിരുന്നില്ല.

4) മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 36, 100(2)(1) എന്നിവയ്ക്ക് കീഴിലെ ചട്ടം 4 ൽ വിലപിടിപ്പുള്ള വസ്തുക്കൾ ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ സംയുക്തമായി സൂക്ഷിക്കണമെന്ന് വിവക്ഷിച്ചിരിക്കെ ഇത്തരമൊരു സംവിധാനം നാളിതുവരെ ദേവസ്വത്തിൽ നടപ്പിൽ വരുത്തിയിട്ടില്ല.

വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിലെ സ്വർണ്ണത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ക്ഷേത്രത്തിന്റെ അധീനതയിൽ വന്നു ചേർന്നിട്ടുള്ള മറ്റ് വിലപിടിപ്പുള്ള വസ്തുക്കളുടെയും നിജസ്ഥിതിയും അന്വേഷണ വിധേയമാക്കേണ്ടതാണ്.

നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.കെ.എം. അരവിന്ദാക്ഷനാണ്. അദ്ദേഹത്തിന്റെ മുൻഗാമികൾ ആരും തന്നെ രേഖാമൂലം ഇൻവെന്ററി രജിസ്റ്റർ മുഖേന പരിശോധന നടത്തി മൂല്യവസ്തുക്കൾ കൈമാറിയിട്ടില്ലാത്തതിനാൽ ചിറയ്ക്കൽ സെൻട്രൽ ഓഫീസ് ആരംഭിച്ചതു മുതൽ നാളിതുവരെയുണ്ടായിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ എല്ലാവരും ഖണ്ഡികയിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് കാരണക്കാരാണ്.

Local Fund Audit Department

## 6.8.3. സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷേത്രട്രസ്റ്റികൾക്ക് യാത്രാബത്ത, സ്പെഷ്യൽ അലവൻസ് എന്നിവയ്ക്ക് പുറമെ ഊരായ്മ അലവൻസും നൽകുന്നു

**(ശ്രീ പിഷാരിക്കാവ് ദേവസ്വം, 2008–09 ഓഡിറ്റ് റിപ്പോർട്ട് , ഖണ്ഡിക 29)**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലുള്ള ശ്രീ പിഷാരിക്കാവ് ക്ഷേത്രത്തിന്റെ 2008-09 വർഷങ്ങളിലെ ചെലവ് പരിശോധനയിൽ ക്ഷേത്രത്തിലെ എട്ട് പാരമ്പര്യ ട്രസ്റ്റികൾക്കും ഊരായ്മ അലവൻസ് നൽകുന്നതായി കാണുന്നു. 2008 വർഷം ആകെ 89,000/- രൂപയും 2009 വർഷം 98,500/- രൂപയുമാണ് ഈയിനത്തിൽ നൽകിയിട്ടുള്ളത്.

ഡെപ്യൂട്ടി കമ്മീഷണർ തീർപ്പാക്കിയ അപ്പീലിലാണ് (നം.ഒ.എ.25/05 തീയതി: 31.1.2006) ട്രസ്റ്റികൾക്ക് ഊരായ്മ അലവൻസ് നൽകാൻ ഉത്തരവായത്. പ്രതിഭാഗത്തെ പ്രതിനിധീകരിച്ച് ആരുമില്ലാത്തതിനാൽ എക്സ്പാർട്ടിയായാണ് ഡെപ്യൂട്ടി കമ്മീഷണർ വിധി കൽപ്പിച്ചത്.

ദേവസ്വവുമായി ബന്ധപ്പെട്ടുള്ള ഏതു കാര്യത്തിനും യാത്ര ചെയ്തതിന് യാത്ര ബത്ത ലഭിക്കാൻ ട്രസ്റ്റിക്ക് അർഹതയുണ്ടെന്നും എന്നാൽ ക്ഷേത്രത്തിലേക്കോ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തേയ്ക്കോ തന്റെ അധികാരങ്ങളും കർത്തവ്യങ്ങളും നടപ്പിലാക്കാനും ട്രസ്റ്റികളുടെയും ട്രസ്റ്റി ബോർഡിന്റെയും യോഗങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള യാത്രകൾക്ക് യാത്രബത്ത അനുവദനീയമല്ലെന്നും, 1951 ലെ മദ്രാസ് ഹിന്ദുമതധർമ്മ സ്ഥാപന നിയമം 100(2)(ടി) ചട്ടങ്ങൾ ഉദ്ധരിച്ച് ഡെപ്യൂട്ടി കമ്മീഷണർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ട്രസ്റ്റിയുടെ ചുമതലയിൽപ്പെട്ട സാധാരണ കർത്തവ്യങ്ങൾ നിറവേറ്റാൻ മേൽചട്ടം അനുമതി നൽകാത്തതിനാൽ 'ഊരായ്മ ജീവിതം' എന്ന നിലയ്ക്ക് 750/- രൂപ പാരമ്പര്യ ട്രസ്റ്റിക്കു നൽകാൻ ഡെപ്യൂട്ടി കമ്മീഷണർ ഉത്തരവിറക്കുകയും ചെയ്തു. ഇത് പിന്നീട് 2008 ൽ 1000/- രൂപയായും 2009 ൽ 1500/- രൂപയായും വർദ്ധിപ്പിച്ചു.

എന്നാൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് യാത്ര ചെയ്യുന്നതിനും ട്രസ്റ്റികളുടെയും ട്രസ്റ്റിബോർഡിന്റെയും യോഗങ്ങളിൽ പങ്കെടുക്കുന്നതിനും യാത്രബത്തക്ക് അർഹതയുണ്ടെന്നും ദേവസ്വത്തിന്റെ വാർഷിക വരുമാനമനുസരിച്ച് കേരള സർക്കാർ സർവ്വീസിലെ ഗ്രേഡ് ഒന്ന് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ മുതൽ ഗ്രേഡ് മൂന്ന് ഉദ്യോഗസ്ഥർക്ക് വരെ ബാധകമായ യാത്രാബത്തയ്ക്കാണ് ട്രസ്റ്റികൾക്ക് അർഹതയുള്ളതെന്നും ഡെപ്യൂട്ടി കമ്മീഷണറുടെ ഉത്തരവിന് (31.1.2006) മുമ്പ് സർക്കാർ ഉത്തരവായിട്ടുള്ളതാണ് (ജി.ഒ.(എം.എസ്)നം.212/2005/ആർ.ഡി തീയതി: 27.6.2005) ഒന്നിൽ കൂടുതൽ ട്രസ്റ്റിമാരുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട പരിശോധനകൾക്കും കോടതിയിൽ ഹാജരാകുന്നതിനും മറ്റാവശ്യങ്ങൾക്കും ട്രസ്റ്റികൾ ചുമതലപ്പെടുത്തുന്ന ഒരു ട്രസ്റ്റിക്കു മാത്രമാണ് യാത്രാബത്തക്ക് അർഹതയെന്നും സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. വാർഷിക ഉത്സവത്തിനും മറ്റും ക്ഷേത്രവുമായി ബന്ധപ്പെട്ട ജോലികൾക്ക് ട്രസ്റ്റികൾക്ക് അനുവദനീയമായ പ്രത്യേക അലവൻസിന് പുറമെയാണ് മേൽപ്പറഞ്ഞ യാത്രാബത്തയ്ക്കുള്ള അർഹത.

സർക്കാർ ഭേദഗതി ഉത്തരവ് ശ്രദ്ധിക്കാതെ ഡെപ്യൂട്ടി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടവിരുദ്ധമാകയാൽ പ്രസ്തുത ഉത്തരവിന് സാധുതയില്ല. ആയതിനാൽ ട്രസ്റ്റിമാർക്ക് ദേവസ്വം ഫണ്ടിൽ നിന്നനുവദിച്ച ഊരായ്മ അലവൻസ് 1,87,500/- രൂപ (2008 ൽ 89,000/-രൂപ, 2009 ൽ 98,500/-രൂപ) ദേവസ്വം ഫണ്ടിലേക്ക് തിരിച്ച് അടക്കേണ്ടതാണ് (തുകയുടെ വിശദാംശങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക കാണുക).

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** :

ശ്രീ.മോഹൻ കുമാർ
ഡെപ്യൂട്ടി കമ്മീഷണർ
മലബാർ ദേവസ്വം ബോർഡ്
കോഴിക്കോട്.

LOCAL FUND AUDIT DEPARTMENT

## 6.8.4. ട്രസ്റ്റി ബോർഡ് തീരുമാനത്തിനും ക്ഷേത്ര താൽപ്പര്യത്തിനും വിരുദ്ധമായി വഴിപാട് കൂറ് ഇനത്തിൽ മേൽശാന്തി ഭീമമായ തുക കൈപ്പറ്റുന്നു

**(ശ്രീ പിഷാരിക്കാവ് ക്ഷേത്രം, 2008–09 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 36)**

- 2009 വർഷം മേൽശാന്തി വഴിപാട് വിഹിതമായി കൈപ്പറ്റിയത് 6,69,769/- രൂപ
- മറ്റ് ഉൾതുറൈ ജീവനക്കാരുടെ വഴിപാട് വിഹിതം വർഷങ്ങൾക്കു മുമ്പ് നിർത്തലാക്കിയെങ്കിലും മേൽശാന്തിയുടെ വിഹിതം നിലനിർത്തി പോരുന്നു.

2009 വർഷത്തെ ചെലവു പരിശോധനയിൽ ശ്രീ പിഷാരിക്കാവ് ക്ഷേത്ര മേൽശാന്തി ശ്രീ നാരായണൻ മൂസ തിന് വഴിപാട് വിഹിതമിനത്തിൽ 6,69,769/-രൂപ നൽകിയതായി കാണുന്നു. പ്രതിമാസം ശരാശരി 55000/- രൂപ യാണ് ശമ്പളത്തിനു പുറമെ ലഭിക്കുന്ന ഈ വഴിപാട് വിഹിതം. ട്രസ്റ്റി ബോർഡിന്റെ തീരുമാനത്തിനു വിരുദ്ധമായാണ് തുക മേൽശാന്തി കൈപ്പറ്റുന്നത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം/തീയതി | തുക |
|---|---|---|
| 1 | 287361/02.01.2009 | 19462 |
| 2 | 287388/16.01.2009 | 16499 |
| 3 | 288284/22.01.2009 | 17733 |
| 4 | 288344/06.02.2009 | 18283 |
| 5 | 288351/19.02.2009 | 19436 |
| 6 | 288358/24.02.2009 | 18013 |
| 7 | 289232/04.03.2009 | 13285 |
| 8 | 289263/17.03.2009 | 21478 |
| 9 | 289282/25.03.2009 | 15000 |
| 10 | 289332/10.04.2009 | 28321 |
| 11 | 289383/06.05.2009 | 29342 |
| 12 | 291082/20.05.2009 | 40924 |
| 13 | 291093/22.05.2009 | 20151 |
| 14 | 289371/18.06.2009 | 22150 |
| 15 | 404739/20.06.2009 | 15941 |
| 16 | 291176/04.07.2009 | 18883 |
| 17 | 405154/07.07.2009 | 18958 |
| 18 | 29400/16.07.2009 | 13078 |
| 19 | 294014/28.07.2009 | 13078 |
| 20 | 405535/05.08.2009 | 19265 |
| 21 | 405537/05.08.2009 | 10000 |
| 22 | 294041/27.08.2009 | 20000 |
| 23 | 293728/12.09.2009 | 21769 |
| 24 | 406433/26.09.2009 | 20000 |
| 25 | 297645/06.10.2009 | 20000 |
| 26 | 297656/12.10.2009 | 23189 |
| 27 | 296886/28.10.2009 | 25000 |
| 28 | 406897/06.11.2009 | 37459 |
| 29 | 297930/18.11.2009 | 20000 |
| 30 | 407146/02.12.2009 | 30000 |
| 31 | 299316/21.12.2009 | 13072 |
| 32 | 291317/21.12.2009 | 30000 |
| | **ആകെ** | **669769** |

LOCAL FUND AUDIT DEPARTMENT

കഴകം, മാലകെട്ട് തുടങ്ങിയ മറ്റ് ഉൾതുറൈ ജീവനക്കാരുടെ വഴിപാട് വിഹിതം വർഷങ്ങൾക്ക്മുമ്പ് നിർത്ത ലാക്കിയെങ്കിലും മേൽശാന്തിയുടെ വിഹിതം മാത്രം നിലനിർത്തിപ്പോന്നു.

18.12.2006 ലെ ട്രസ്റ്റി ബോർഡ് യോഗത്തിൽ വഴിപാട് കൂറ് നിർത്തലാക്കുവാനും 5 പുതിയ തസ്തികകൾ കീഴ്ശാന്തിയുടെ ശമ്പളസ്കെയിലിൽ അനുവദിക്കാൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് (ഇപ്പോൾ മലബാർ ദേവസ്വം ബോർഡ്) കമ്മീഷണറോട് അപേക്ഷിക്കുകയും ഇത് സംബന്ധിച്ച് മേൽശാന്തിയുടെ അഭിപ്രായം ആരായാനും തീരുമാനിച്ചു.

ശാന്തിക്കൂറ് നിലനിർത്തണമെന്ന മേൽശാന്തിയുടെ അഭിപ്രായം സ്വീകാര്യമല്ലാത്തതിനാൽ 15.1.2009 ലെ ട്രസ്റ്റി ബോർഡിന്റെ യോഗ തീരുമാന പ്രകാരം ഇത് സംബന്ധിച്ച തീരുമാനത്തിനായി കമ്മീഷണറോട് അപേക്ഷിച്ചു. ഹിന്ദു മത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ 2.2.2007 ലെ എ2-3868/06 ലെ കത്തിൽ ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ അഭിപ്രായവും ട്രസ്റ്റിബോർഡ് തീരുമാനവും നൽകാൻ ആവശ്യപ്പെട്ടു.

ക്ഷേത്രത്തിൽ മേൽശാന്തിയുടെ സഹായത്തിന് സ്ഥിരമായി ഒന്നോ രണ്ടോ പേർ മാത്രമാണുള്ളതെന്നും കീഴ്ശാന്തിയുടെ ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്താൻ മേൽശാന്തി ആവശ്യപ്പെട്ട 6 പേരിൽ 3 പേർ മേൽശാന്തിയുടെ അടുത്ത ബന്ധുക്കളാണെന്നും എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ശാന്തിക്കൂറ് നിർത്തലാക്കാതെ സഹായികളെ നിയമിക്കേണ്ടതില്ല എന്നാണ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചത്. ഇതിനെതിരെ ശാന്തിക്കാർ ദേവസ്വം മന്ത്രിക്ക് സമർപ്പിച്ച ഹർജിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ അസിസ്റ്റന്റ് കമ്മീഷണർ 13.7.2010 ലെ എ2/1123/10/എം.ഡി.ബി നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ടു.

എക്സിക്യൂട്ടീവ് ഓഫീസർ മേൽപ്പറഞ്ഞ പ്രകാരമുള്ള റിപ്പോർട്ട് (2.9.2010 ലെ പി.ഡി.116/10) അസിസ്റ്റന്റ് കമ്മീഷണർക്ക് സമർപ്പിച്ചു. വഴിപാട് പ്രസാദം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും കീഴ്ശാന്തിക്കാരെ നിയമിക്കാനും മേൽശാന്തിക്കുള്ള ശാന്തിക്കൂറ് പൂർണ്ണമായി നിർത്തലാക്കാനും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 1951 ലെ മദ്രാസ് ഹിന്ദുമതല ധർമ്മസ്ഥാപന നിയമത്തിലെ 50-ാം വകുപ്പ് പ്രകാരം കമ്മീഷണർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷേത്രജീവനക്കാർക്ക് വഴിപാട് വിഹിതം എത്രയെന്ന് നിർണ്ണയിക്കുന്നതിനുള്ള അധികാരം ട്രസ്റ്റികൾക്കാണെന്ന് അനുശാസിക്കുന്നു. ക്ഷേത്ര താൽപര്യം പരിഗണിച്ച് മേൽശാന്തിക്കുള്ള വഴിപാട് കൂറ് നിർത്തലാക്കുവാനും ആവശ്യകത പരിശോധിച്ച് കീഴ്ശാന്തിയുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

LOCAL FUND AUDIT DEPARTMENT

## അനുബന്ധം – 1

### 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ

| | |
|---|---|
| 1 | എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും |
| 2 | എല്ലാ മുനിസിപ്പാലിറ്റികളും |
| 3 | എല്ലാ ഗ്രാമപഞ്ചായത്തുകളും |
| 4 | എല്ലാ സർവ്വകലാശാലകളും |
| 5 | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് |
| 6 | കേരള ഗ്രാമീണ വികസന ബോർഡ് |
| 7 | എല്ലാ വികസന അതോറിറ്റികളും |
| 8 | ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് ഭരണവകുപ്പിനു കീഴിലുള്ള ക്ഷേത്രങ്ങൾ (ഇപ്പോൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ) |
| 9 | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| 10 | സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് |
| 11 | മലബാർ മാർക്കറ്റിങ് കമ്മിറ്റി |
| 12 | അനാഥാലയങ്ങളും, പുവർഹോമുകളും |
| 13 | കേരള സ്പോർട്സ് കൗൺസിലും അതിന്റെ ജില്ലാ യൂണിറ്റുകളും അനുബന്ധസ്ഥാപനങ്ങളും |
| 14 | കേരള സംസ്ഥാന ജവഹർബാല ഭവനും ജില്ലാ ബാലഭവനങ്ങളും |
| 15 | ഹരിജൻ ഹോസ്റ്റലുകൾ |
| 16 | വക്കഫ് ബോർഡ് |
| 17 | കേരള ലളിതകലാ അക്കാഡമി |
| 18 | കേരള സംഗീതനാടക അക്കാഡമി |
| 19 | കേരള സാഹിത്യ അക്കാഡമി |
| 20 | കേരള കലാമണ്ഡലം |
| 21 | അനൗപചാരിക വിദ്യാഭ്യാസത്തിനും വികസനത്തിനും വേണ്ടിയുള്ള കേരള അസോസിയേഷൻ (കാൻഫെഡ്) |
| 22 | സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് |
| 23 | സംസ്ഥാന ലൈബ്രറി കൗൺസിലും ജില്ലാ ലൈബ്രറി കൗൺസിലുകളും താലൂക്ക് ലൈബ്രറി യൂണിറ്റുകളും സംസ്ഥാന ലൈബ്രറി കൗൺസിലുമായി സംയോജിപ്പിക്കപ്പെട്ട ലൈബ്രറികളും |
| 24 | കേരളപ്രദേശ് ഭാരത് സേവക് സമാജ് |
| 25 | ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് |
| 26 | കേരള ടി.ബി. അസോസിയേഷൻ |
| 27 | സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു ആനിമൽസ് |
| 28 | തിരു-കൊച്ചി മെഡിക്കൽ കൗൺസിൽ |
| 29 | കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ |
| 30 | കേരള ഫാർമസി കൗൺസിൽ |
| 31 | കേരള ഡെന്റൽ കൗൺസിൽ |
| 32 | കേരള സംസ്ഥാന നിർമ്മിതികേന്ദ്രം |
| 33 | കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ |
| 34 | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി |
| 35 | കേരള പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട് |
| 36 | കേരള പോലീസ് സ്പോർട്സ് ഫണ്ട് |
| 37 | കേരള സംസ്ഥാന മിലിട്ടറി ബെനവലന്റ് ഫണ്ട് |
| 38 | സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സയന്റിഫിക്ക് റിസർച്ച് ഫണ്ടുകൾ |
| 39 | കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട് |
| 40 | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി |
| 41 | കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി |
| 42 | കേരള മോട്ടോർവാഹനത്തൊഴിലാളി ക്ഷേമനിധി |

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| 43 | കേരള കയർത്തൊഴിലാളി ക്ഷേമനിധി |
| 44 | കേരള കെട്ടിടത്തൊഴിലാളി ക്ഷേമനിധി |
| 45 | കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി |
| 46 | കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി |
| 47 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 48 | കർഷകത്തൊഴിലാളി ക്ഷേമനിധി |
| 49 | കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി |
| 50 | കേരള കശുവണ്ടിത്തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി |
| 51 | ലേബർ വെൽഫയർ ഫണ്ട് |
| 52 | സർക്കാർ ഉത്തരവുകൾ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഓഡിറ്റിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ / ഫണ്ടുകൾ |
| 53 | സംസ്ഥാന ഭൂഗർഭ ജല അതോറിറ്റി [കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആന്റ് റെഗുലേഷൻ) ആക്ട് 2002 - ആക്ട് 19, സെക്ഷൻ 25] |
| 54 | ട്രേഡേഴ്സ് വെൽഫെയർ ഫണ്ട് [സ.ഉ.(പി) 16/92/റ്റി.ഡി., തീയതി 27 - 01 - 1992] |
| 55 | വിവിധോദ്ദേശ സാംസ്ക്കാരിക സമുച്ചയത്തിന്റെ നിർമ്മാണം, നടത്തിപ്പ്, ഭരണം എന്നിവയ്ക്കു വേണ്ടിയുള്ള സൊസൈറ്റി [സ.ഉ.(എം.എസ്.)56/98/സി.എ.ഡി., തീയതി 26 - 11 - 1998] |
| 56 | ടൂറിസം വീക്ക് സെലിബ്രേഷനും, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും [സ.ഉ.(ആർ.റ്റി)5326/93/ധന, തീയതി 09 - 11 - 93 & സ.ഉ.(ആർ.റ്റി)3724/02/ധന/12 - 07 - 02] |
